കുടമുല്ല

Kudamulla Kambi Novel | Author : Achillies | www.kkstories.com

---

ഏറ്റവും പ്രിയപ്പെട്ട കൂട്ടുകാർക്ക്,...
എല്ലാവർക്കും ഇഷ്ടപ്പെടുന്ന എൻജോയ് ചെയ്യാൻ കഴിയുന്ന ഒരു സ്റ്റോറി എഴുതണം എന്ന ആഗ്രഹത്തിന്റെ പുറത്തു പറ്റിപ്പോയതാണ്,...

വലിയ ട്വിസ്റ്റുകളോ സംഭവങ്ങളോ ഇല്ലാത്ത സിംപിൾ സ്റ്റോറി ആണ് ഇങ്ങനെയൊക്കെ നടക്കുമോ എന്നു ചോദിച്ചാൽ ഈ കഥയിൽ നടക്കും എന്നെ പറയാനുള്ളൂ...
ഇഷ്ടപ്പെടും എന്ന വിശ്വാസത്തോടെ...

സ്നേഹപൂർവ്വം...❤️❤️❤️

"Is'nt it lovely all alone,
Heart made of glass
My mind of stone.
Tear me to pieces
Skin to bone...
Hello welcome home..."

www.kkstories.com

ബില്ലി കുട്ടി ഒന്നുകൂടെ പാടിയപ്പോഴാണ് കഷ്ടപ്പെട്ട് കണ്ണ് തുറന്നു എഴുന്നേറ്റത്.

"ഡാ നാറി വേണേൽ എന്തേലും വന്നു ഞണ്ണ്....ഇനി പുറകെ നടന്നു വിളിക്കാനൊന്നും എനിക്ക് വയ്യ...."

വാട്ട് ഏ വേ റ്റു സ്റ്റാർട്ട് ഏ ഡേ....
രാവിലെ തന്നെ അമ്മയുടെ വായിലിരിക്കുന്ന കേട്ട് അങ്ങ് ഉണരണം എന്തോ ഇപ്പൊ അത് കേട്ടില്ലെങ്കിലാണ് സങ്കടം.
പക്ഷെ രാവിലെ മുകളിൽ കിടക്കുന്ന എന്നെ ഫോണിൽ വിളിച്ചു തെറി പറയുന്ന അമ്മയ്ക്കറിയില്ലല്ലോ ഞാൻ ഈ അതിരാവിലെ പതിനൊന്നു മണിക്ക് എഴുന്നേൽക്കുന്നതിലൂടെ വീട്ടുകാർക്ക് ഉണ്ടാക്കി കൊടുക്കുന്ന ലാഭം,

രാവിലെ പതിനൊന്നു മണിക്ക് എഴുന്നേറ്റാൽ രാവിലത്തെ ബ്രേക്ഫാസ്റ് ഉം ഉച്ചക്കത്തെ ഊണും ഒരുമിച്ചാക്കാം...
എന്റെ ഈ ത്യാഗത്തെ എന്നെങ്കിലും വീട്ടിലുള്ളവർ അംഗീകരിക്കും എന്ന പ്രതീക്ഷയിലാണ് ഇപ്പോൾ ഓരോ ദിവസവും എഴുന്നേൽക്കുന്നത് തന്നെ.
ഓഹ് ഞാൻ ആരാണെന്ന് പറഞ്ഞില്ല അല്ലെ ഞാൻ വിവേക്, വിവേക് ഭാർഗവ്, വീട്ടിലെ ഏത്തൻ 27 നോട്ട്ഔട്ട്.
ജോലി ഇല്ലാത്തതുകൊണ്ട് കൂടുതൽ ഒന്നും പറയുന്നില്ല...
എന്ന് വെച്ച് ഭൂമിക്ക് ഭാരമായ വെറും മരപ്പാഴൊന്നും അല്ല, അമ്മാവൻ ബുള്ളറ്റ് എടുത്തപ്പോൾ നിന്റെ ടൈം എന്നും പറഞ്ഞു എറിഞ്ഞു തന്ന ഒരു സി ഡി ഡോൺ ഉള്ളതുകൊണ്ട് വീട്ടുകാരുടെ മുന്നിൽ തലചൊറിയാതെ ഇടയ്ക്കുള്ള വെള്ളമടിയും റീചാർജിങ്ങും ഒക്കെ നടന്നു പോവുന്നു, ഡിഗ്രി പിള്ളേരുടെ പാർട്ട് ടൈം ജോബ് ദൈവങ്ങളിലൊന്നായ സൊമാറ്റ ഈയുള്ളവന്റെയും കഞ്ഞിയാണ്,... എന്ന് വെച്ചു എന്നും ഇല്ലട്ടോ, എനിക്ക് ആവശ്യം വരുമ്പോ മാത്രം ഓടും.
M കോം കഴിഞ്ഞു ഇറങ്ങിയപ്പോൾ വിളഞ്ഞു ഫലഭുവിഷ്ടമായി കിടന്ന
ബാങ്കിങ് സെക്ടർലേക്ക് കണ്ണും നട്ടായിരുന്നു തുടങ്ങിയത്, പാമ്പു കടിക്കാനായിട്ട് സയൻസ് ഉം എഞ്ചിനീയറിംഗ് ഉം കഴിഞ്ഞ നാറികള് വരെ സ്കൂള് വിട്ടപോലെ ബാങ്ക് ടെസ്റ്റ് എന്നും പറഞ്ഞു ഓടുന്നത് കണ്ടപ്പോഴാണ് ഊമ്പി കിട്ടി എന്ന് എനിക്ക് മനസ്സിലായത്...
എന്റെ ചക്രശ്വാസം കണ്ട അനിയൻ നാറിക്ക് വലിയ കൺഫ്യൂഷൻ ഒന്നും ഉണ്ടായില്ല പ്ലസ് റ്റു കഴിഞ്ഞ പാട് അത്യവശ്യം നല്ലൊരു ടെക്നിക്കൽ കോഴ്സ് പഠിച്ചു ആഹ് തെണ്ടി കിട്ടിയ വണ്ടിക്ക് നാട് വിട്ടു കേരളത്തിന്റെ നാല് മൂല പോലും നേരെ ചൊവ്വേ കാണാത്ത ഞാൻ വീട്ടിൽ ചൊറിയും കുത്തി ഇരുന്നപ്പോൾ അവൻ മുംബൈയിലും അത് കഴിഞ്ഞു ഗള്ഫിലേക്കും പറന്നു, ഇപ്പൊ ഏതോ കമ്പനിയിൽ സൂപ്പർവൈസർ ആയി.
പി ജി വരെ പഠിച്ചിട്ട് ഏതേലും ജോലിക്ക് പോവുന്നതിൽ എനിക്ക് കുഴപ്പം ഉണ്ടായിട്ടല്ല,
പക്ഷെ നാട്ടുകാരുടെയും വീട്ടുകാരുടെയും പുച്ഛവും തെറിയും ഓർത്തു ഇനി എന്ത് മൈര് എന്ന് ആലോചിക്കുമ്പോൾ ആയിരുന്നു സർക്കാർ ജോലികാർക്ക് കല്യാണ കമ്പോളത്തിലെ മാർക്കറ്റ് കൂടുതലാണെന്നറിഞ്ഞത് അതോടെ അതിലേക്ക് തിരിഞ്ഞു,
പി ജി ഉള്ള കോണ്ഫിഡൻസിൽ ഒരു കുന്തോം നോക്കാതെയാണ് ആദ്യ പി എസ് സി എഴുതിയത്,
എന്റെ കോണ്ഫിഡൻസ് നാലായിട്ടു മടക്കി കോത്തിൽ വെച്ചോളാൻ പറഞ്ഞു ബ്ലഡി പി എസ് സി...

അങ്ങനെ നാട്ടുകാരെയും വീട്ടുകാരെയും ബോധിപ്പിക്കാൻ ഒരു ഇന്സ്ടിട്യൂട്ടിൽ അങ്ങ് ചേർന്നു.

www.kkstories.com

പക്ഷെ ചേർന്ന് മൂന്ന് കൊല്ലമായിട്ടും നിന്നിടത്തു നിന്ന് കറങ്ങുന്ന കണ്ടതോടെ വീട്ടുകാരുടെ ടോൺ പിന്നെയും മാറി,..
സോമാറ്റോ വന്നതോടെ, എന്റെ കാര്യാമൊക്കെ നടന്നു പോവുന്നുണ്ടെങ്കിലും വീട്ടിലെ കാര്യങ്ങൾ ഒക്കെ നടത്തുന്നത് അച്ഛനാണ്,ഒപ്പം ഗൾഫിൽ നിന്ന് കാശയച്ചു കൊടുക്കുന്ന അനിയൻ തെണ്ടിയും,
സത്യം പറഞ്ഞാൽ അവനവിടെ എത്ര ശമ്പളം കിട്ടുമെന്ന് പോലും കൃത്യം പറഞ്ഞാൽ ഇവിടെ ആർക്കും അറിയില്ല എങ്കിലും അവൻ എന്തെങ്കിലും കൊടുക്കുന്നുണ്ടല്ലോ എന്നുള്ളതും കൊണ്ടും പറയാൻ ജോലി ഉള്ളതുകൊണ്ടും എന്നേക്കാൾ വില അവനുണ്ടെന്നുള്ളത് ഒരു തുണി ഉടുക്കാത്ത സത്യം ആണ്.
ഈ അവൻ തെണ്ടി നാറി എന്നൊക്കെ പറയുമെങ്കിലും ആള് പാവമാണ്,
പേര് വിനീത് ഭാർഗവ്.

ബെഡിൽ എണീച്ച പടി ഇരുന്നു മന്ദിച്ചു ഓരോന്ന് ആലോചിക്കുന്നതിന്റെയും സ്വപ്നം കാണുന്നതിന്റെയും ഒരു സുഖം അടിപൊളി ആണ്, പക്ഷെ ഒരു പ്രശ്നം ഉണ്ട്..കൂടുതൽ ഇരുന്നാൽ പിന്നെയും ഉറങ്ങിപ്പോവും, അതുകൊണ്ടു മാത്രം എഴുന്നേറ്റു,
കലാപരിപാടികളും ടോയ്‌ലറ്റിലെ കലാപവും കഴിഞ്ഞു താഴെ ഇറങ്ങി,...
പഴയ തറവാട്ടു വീടാണ് ഞങ്ങളുടെ,
ഇളയ സന്തതി ആയതുകൊണ്ട് തന്തപ്പടിക്ക് ലോട്ടറി അടിച്ചതാണെന്നും പറയാം...
ലാൽ ജോസിന്റെ നീലത്താമരയിലെ ആഹ് വീടിന്റെ പോലെ ഇരിക്കും ഏകദേശം, നടുമുറ്റം ഒന്നുമില്ല,
എങ്കിലും ഒരസ്സൽ പഴയ സ്റ്റൈൽ തറവാട്,
താഴെ ചെന്ന് അടുക്കളയിലെ ടേബിളിൽ അങ്ങ് ഇരുന്നു,
അമ്മ അടുക്കളയിൽ കിടന്നു അങ്ങോട്ടും ഇങ്ങോട്ടും കിടന്നു ഓടുന്നുണ്ട്, ഉച്ചക്കത്തെക്കുള്ള സംഭവങ്ങൾ കൂടി കാലാക്കിയിട്ട് വേണം അച്ഛന്റെ അടുത്തേക്ക് ആൾക്ക് പോവാൻ,
അച്ഛനിപ്പൊ പറമ്പിലെ വാഴയ്ക്ക് മുഴുവൻ വെള്ളമൊഴിച്ചു കപ്പച്ചുവട് മാന്തിപ്പറിക്കുന്നുണ്ടാവും,...
അത്യാവശ്യം മൂന്ന് മൂന്നര ഏക്കറിൽ വാഴയും കപ്പയും ഒക്കെ ഉണ്ട്,....
എങ്കി പിന്നെ നിനക്ക് കൃഷി ചെയ്തൂടെ മൈരെ എന്നാവും നിങ്ങൾ ആലോചിക്കുന്നത്,
My thoughts exactly പക്ഷെ അതിലൊരു ക്യാച്ച് ഉണ്ട്...
ഒന്ന് ഇത്രയും പഠിപ്പിച്ചത് കൃഷി ചെയ്യാൻ ആണോ എന്ന ഊള ചോദ്യം ആദ്യം അച്ഛന്റെ വായിൽ നിന്ന് വരും അതിനെ എങ്ങനെ എങ്കിലും നേരിട്ടാലും അടുത്ത പണി എന്ന് പറയുന്നത് ഞാൻ അവിടുന്നു ഇനി സ്വർണം ഖനനം ചെയ്തെടുത്താലും അത് മാർക്കറ്റിൽ കൊണ്ടുപോയി വിക്കുന്നതും ക്യാഷ്

www.kkstories.com

വാങ്ങുന്നതും അച്ഛൻ ആയിരിക്കും, നയാ പൈസ എന്റെ കയ്യിൽ കിട്ടില്ല, പിന്നെ ഞാൻ എന്തിന് പറമ്പിൽ പണി എടുത്തു എന്റെ നട്ടെല്ല് റബ്ബർ ആക്കണം....

ഓഹ് പുല്ല് ഞാൻ പിന്നെയും കാടുകയറി പോയല്ലേ,...ഒരു സെക്കന്റ് കിട്ടിയാൽ ഞാൻ എന്തേലും ആലോചിച്ചോണ്ടിരിക്കും.
നമുക്ക് വിഷയത്തിലേക്ക് വരാം,
അടുക്കളയിൽ റോ റോ സർവിസ് നടത്തുന്ന എന്റെ അമ്മയുടെ പേരാണ് ഉഷ, മിന്നൽ ഷിബുവിനെ കിട്ടാത്ത കൊണ്ടാണോ എന്തോ,...
മിന്നൽ ബസ് ഓടിച്ചിരുന്ന ഭാർഗവനെ കെട്ടി ഞങ്ങളുടെ അമ്മയായത്.
വീട്ടിൽ എന്നോട് കുറച്ചെങ്കിലും ഒരു സഹാനുഭൂതി ഉള്ള ആളായിരുന്നു,...ഇപ്പൊ കിട്ടും സർക്കാർ ജോലി ഇപ്പൊ സർക്കാർ ജോലി കിട്ടും എന്ന് പറഞ്ഞു ഒന്ന് രണ്ടു വര്ഷം ഞാൻ ഇട്ടു വലിപ്പിച്ചത് കൊണ്ടാണെന്നു തോന്നുന്നു ഇപ്പോൾ അമ്മയ്ക്കും എന്നെ അത്ര വില ഇല്ലാതെ ആയിട്ടുണ്ട്,...പോയ മാനവും അന്തസ്സും തിരിച്ചു പിടിക്കാനുള്ള എന്റെ കഠിനശ്രമം ആണേൽ എങ്ങും എത്തുന്നുമില്ല...
ഉള്ളിൽ നിറഞ്ഞു വന്ന കലി തീർത്തത് പാത്രത്തിൽ എന്നെ നോക്കി അഹങ്കരിച്ചിരുന്ന തെണ്ടി പുട്ടിന്റെ കഴുത്തു പിടിച്ചു ഞെരിച്ചിട്ടാണ്.
എനിക്കുള്ളതും തന്ന് അടുക്കള ഒതുക്കി അമ്മ പിറകിലെ വാതിലിലൂടെ പറമ്പിലേക്ക് ഇറങ്ങി.

www.kkstories.com

"ഡാ എവിടേലും തെണ്ടാൻ പോവുന്നുണ്ടെൽ മുന്നിലെ വാതിൽ അടച്ചോണം..."

ഉത്തരവുമിട്ട് നയ്റ്റിയിൽ കയ്യും കൂട്ടി തുടച്ചു ആള് പോയി.

അമ്മ പോയപാടെ കബോർഡിൽ ഞാൻ കാണാതെ പൂഴ്ത്തി വെച്ച ഹോര്ലിക്സ് കൂടെ കുറച്ചു പുട്ടിലേക്ക് കമിഴ്ത്തി ഞെരിച്ചങ് കഴിച്ചു.
നീട്ടിയൊരു ഏമ്പക്കവും വിട്ടു അങ്ങെഴുന്നേറ്റു.

"Isn't it lovely..."

ബില്ലി കുട്ടി പിന്നേം തുടങ്ങി.
നുണയൻ കാളിങ്...

"നാറി വരുന്നില്ലേ....???"

എടുത്തതെ തെണ്ടിയുടെ വിഷ് വന്നു,...
സോമാറ്റോ ഓടാനുള്ള വിളി ആണ് ഇപ്പോ ഇറങ്ങിയാൽ കുറച്ചു കൂടി കഴിഞ്ഞു ഒരു പീക്ക് ഹവർ ആവുമ്പോ അത്യാവശ്യം ഓട്ടം കിട്ടും,...

എപ്പോഴും ഇവനും ഞാനും കൂടി ആണ് പോകാറുള്ളത്.

"ദേ ഇപ്പോ എറങ്ങാട തെണ്ടി ഒരു പത്തു മിനിറ്റ്..."

ഇപ്പോ കുറച്ചായി സോമാറ്റ ഓടാൻ എനിക്ക് നല്ല ഇന്റെറെസ്റ് ഉണ്ട്,...വേറൊന്നും കൊണ്ടല്ല അമ്മാവന്റെ പടക്കുതിര ഏതു സമയവും അന്ത്യശ്വാസം വലിക്കാൻ ചാൻസ് ഉണ്ടെന്നു ഒരു തോന്നൽ എനിക്ക് തോന്നി തുടങ്ങിയിട്ടുണ്ട്,
പുതിയ ഒരു ബൈക്ക് കുറെ നാളായുള്ള ഒരു സ്വപ്നം ആണ് അതിനു കാശും കൂട്ടി തുടങ്ങി...
ഇനിയും വേണം പക്ഷെ, അതിനു വേണ്ടിയിട്ടാണ് ഇപ്പോ പണിയെടുക്കാൻ ഒരു വല്ലാത്ത ഇന്റെറെസ്റ്.
പിന്നെ ആകെ ഉള്ള ആശ്വാസം 27 കുംഭത്തിൽ തികഞ്ഞിട്ടും വീട്ടിൽ ആരും കല്യാണോം മാങ്ങാത്തൊലിയും ഒന്നും പറയുന്നില്ല...
ഒരു വിധത്തിൽ അത് തന്നെയാ ഏറ്റവും സുഖം,...അല്ലെ തന്നെ കോത്തിൽ പടക്കം തിരുകിയ അവസ്ഥയിൽ ഇനി കല്യാണത്തിന്റെ ഒരു കുറവല്ലേ ഉള്ളൂ....
എന്റെ ഊമ്പിയ അവസ്ഥ എനിക്ക് തന്നെ നല്ലോണം അറിയാവുന്നത് പ്രേമത്തിനും മൈരിനും ഒന്നും താല്പര്യമില്ല,...
വായിനോക്കും, എന്നുവെച്ചു കണ്ട കഴപ്പന്മാരെ പോലെ നോക്കി തുണിയുരിക്കത്തൊന്നും ഇല്ല, അവർക്കും എനിക്കും പ്രശ്നമില്ലാത്ത രീതിയിൽ ചെറുതായിട്ട്...
www.kkstories.com
പിന്നേം പറഞ്ഞു പറഞ്ഞു ഞാൻ എവിടെയോ എത്തി അല്ലെ...
അങ്ങനെ വാരിവലിച്ചു ബ്രേക്ക്ഊണ് കഴിച്ചു നമ്മുടെ അല്ല എന്റെ മാമന്റെ കുതിരപ്പുറത്തുള്ള പണി തുടങ്ങി,
ഒരു കാര്യത്തിൽ എനിക്ക് ഭയങ്കര അഭിമാനാ ഈ ബൈക്ക് ഉള്ളതുകൊണ്ട് എനിക്ക് ജിമ്മിൽ പോവണ്ട അതിന്റെ ക്യാഷ് ലാഭം,...
കിക്കർ ചവിട്ടി ചവിട്ടി കാലിന്റെ കാഫ് ഓക്കേ ഗദ പോലെ ആയിട്ടുണ്ട്, ഇനി കൈകൊണ്ട് അടിച്ചു തുടങ്ങണം....
അങ്ങനെ പന്ത്രണ്ടാമത്തെ ചവിട്ടിൽ എന്തോ ഭാഗ്യത്തിന് സംഭവം അങ്ങ് സ്റ്റാർട്ട് ആയി.
ബാഗും എടുത്ത് തോളത്തിട്ട് ബൈക്കിന്റെ ആക്സിലേറ്ററിൽ രണ്ടു തിരിയും തിരിച്ചു ഞാൻ പണിക്കിറങ്ങി.

ഞാൻ സ്പോട്ടിൽ എത്തുമ്പോൾ നുണയൻ തെണ്ടിക്ക് അടി കിട്ടി ഓട്ടം തുടങ്ങിയിട്ടുണ്ട്,...
അഞ്ചു മിനിറ്റ് കഴിഞ്ഞതും എനിക്കും കിട്ടി, അത്ര ദൂരെ അല്ല, നേരെ ഓർഡർ സെറ്റ് ചെയ്ത് ഹോട്ടലിലേക്ക് കുതിരയേം കൊണ്ടിറങ്ങി.

ഹോട്ടലിൽ കുറച്ചു നേരം പോസ്റ്റടിച്ചു, പിന്നെ കൂടാതെ വേറെയും പിള്ളേരുണ്ട് അതിനിടയിലും ഒന്ന് രണ്ടു പെണ്പിള്ളേര് സോമാറ്റോ ഓടിക്കാൻ ഉള്ളത് കണ്ടു, കൊള്ളാല്ലോ....
ഒരു മൂന്ന് മണി ഒക്കെ ആയതോടെ അടി ഒക്കെ കുറഞ്ഞു.
സമയം കഴിഞ്ഞല്ലോ, ലാസ്റ് ഓർഡർ ഡെലിവർ ചെയ്തു കഴിഞ്ഞു ഫോൺ എടുത്തു നുണയൻ തെണ്ടിയെ വിളിക്കാൻ നിന്നപ്പോഴാണ് വേറൊരു ഓർഡർ കിടന്നു മിന്നിയത് കണ്ടത്, ഇത് കൊണ്ട് നിർത്താം എന്നങ്ങ് കരുതി,...
കൂറ വെയിൽ ഉച്ചിയിലടിച്ചു വട്ടാക്കുന്നുണ്ട്,
എങ്കിലും കിട്ടുന്ന കാശ് കളയേണ്ട എന്ന് തോന്നിയതുകൊണ്ട് ഒരു തിരി തിരിച്ചു വണ്ടി എടുത്തു.
ഹോട്ടലിൽ നിന്ന് ഫുഡ് കളക്ട ചെയ്ത് ഡെലിവറി ചെയ്യേണ്ട ലൊക്കേഷനിൽ എത്തി, ഫ്ലാറ്റ് ആണ്, അമ്പരചുംബിയായ കെട്ടിടം, സഞ്ചാരം ഒക്കെ വായിൽ തെറ്റികയറി വരുന്നുണ്ട്...
സെക്യൂരിറ്റി റൂമിൽ പേരും എഴുതി ലിഫ്റ്റിലേക്ക് നടന്നു
4ത് ഫ്ലോർ ആണ്.
421 അറ്റത്തെ ഫ്ലാറ്റ് ഡോർ ബെൽ അടിച്ചു നോക്കി, ഒരു മിനിറ്റ് കഴിഞ്ഞു ഡോർ തുറന്നു,
ആളെ കണ്ടതും എന്റെ വാ താഴേക്ക് വീണതും കുണ്ണ ജീന്സിനുള്ളിൽ മുകളിലേക്ക് പൊങ്ങിയതും ഒരുമിച്ചായിരുന്നു.
ഒരു ഒന്നാം ക്ലാസ് നെടുവിരിയൻ ചരക്ക്, മുലയെയും പൂറിനെയും മറച്ചു ഒരു കുഞ്ഞി തോർത്തും ചുറ്റി നിൽക്കുന്നു,...
ആഹ് തോർത്തിന് കൊഴുത്തു ചാടിയ ആഹ് ശരീരം പൊതിയാൻ കഴിയാത്തതാണോ എന്തോ മുലയ്ക്ക് മേലെ ഉള്ള കുത്തിൽ അവർ ഒരു കൈകൊണ്ട് പിടിച്ചിട്ടുണ്ട്.
വെളുത്ത വെണ്ണക്കട്ടി പോലെ ഒരാറ്റം പെണ്ണ് ഒരു 35നു മുകളിൽ എന്തായാലും പ്രായം കാണും,
നെഞ്ചിൽ തോർത്തിന് മേലെ തുറിച്ചു ചാടി ഇരിക്കുന്ന മുലക്കൊഴുപ്പും നീണ്ട ചാലും, പൂവിനു തൊട്ടു താഴെ അറ്റം തീർന്ന തോർത്തിന് അടിയിൽ ഉരുണ്ടു മെഴുത്ത തുടകൾ,...
ഫോണിലൊരുപാട് കണ്ടിട്ടുണ്ടെലും ഇതുപോലെ 16k ദൃശ്യവിസ്മയം ആയിട്ട് ആദ്യമായിട്ടാണെ....
ഒന്ന് പകച്ചു പോയി.

കണ്ണിൽ നിറഞ്ഞ വശ്യതയോടെ ഇളകി ഇളകി അവർ നടന്നു വന്നു, തോർത്തിനെ തുളച്ചു ചാടിക്കാൻ എന്നോണം കൂർത്ത മുലക്കണ്ണുകൾക്ക് ഒപ്പം തെറിച്ച മുലയും ഓരോ അടിയിലും തുള്ളുന്നുണ്ടായിരുന്നു.

www.kkstories.com

"മെഹ്...മാഡം ഓർഡർ..."

തുളുമ്പലിൽ ഒന്നു ആടിപ്പോയ ഞാൻ മനസ്സ് വെറുതെ ഒന്ന് കൈപ്പിടിയിൽ നിർത്തി എന്റെ ജോലി ചെയ്യാൻ ശ്രേമിച്ചതാണ് ചീറ്റിപ്പോയി...

"ഹാ...നിങ്ങൾ കുറച്ചു നേരത്തെ ആണല്ലോ....
വൺ മിനിറ്റ്....അകത്തേക്ക് കയറ്,.... ക്യാഷ് ടേബിളിൽ ആണ്."

ആരെയും മയക്കുന്ന ലാസ്യം നിറഞ്ഞ ശബ്ദം...
ഞാനും മയങ്ങി,..വിളിച്ച പാടെ അകത്തേക്ക് കയറി,
ഒന്നു അവർ തിരിയേണ്ട കാര്യമേ ഉണ്ടായിരുന്നുള്ളു എന്റെ കിളി എന്റെ കൂടും പൊളിച്ചു പറന്നു പോയി .
ചന്തി പാളിയുടെ തൊട്ടു താഴെ ആഹ് ഉരുണ്ട് ചാടിയ ചന്തിയുടെ അടിമടക്ക് കാണും വിധം ആഹ് തോർത്തിനെ ചന്തി വിടർത്തി പിടിച്ചിരുന്നു.
ഉള്ളിലേക്കെടുത്ത ശ്വാസം തൊണ്ടയിൽ കുരുങ്ങിയ അവസ്ഥ ഞാൻ അറിഞ്ഞു,...
ഒരു പാട് പോലുമില്ലാത്ത തുടകളും ഇടുക്കും കുളിച്ചിറങ്ങി ഏതോ ലോഷനിൽ മെഴു മെഴാന്ന് തിളങ്ങുന്നു.
ഓരോ അടി വെക്കുമ്പോളും ഉയർന്നു താഴ്ന്നു തുടയിൽ അടിച്ചു കുലുങ്ങുന്ന വെണ്ണ ചന്തികൾ കണ്ടു അഞ്ചാം പതിരായിൽ കൊല്ലാൻ വിളിച്ചവരുടെ കൂടെ പോകുന്ന പോലെ പോവാനെ എനിക്ക് പറ്റിയുള്ളൂ...
ടേബിളിൽ വച്ചിരുന്ന ഹാൻഡ് ബാഗിൽ കയ്യിട്ട് പൈസ എടുത്തു നീട്ടുമ്പോഴും എന്റെ കണ്ണിൽ ആഹ് ചന്തികളുടെ തുള്ളിച്ചാട്ടം ആയിരുന്നു.
യാന്ത്രികമായി ഓർഡർ ചെയ്ത പാക്ക് കൊടുത്തതും ക്യാഷ് വാങ്ങിച്ചതും എല്ലാം സ്വപ്നം പോലെ എന്നാൽ ബോധം പോകാനുള്ള പണി വരുന്നേ ഉണ്ടായിരുന്നുള്ളു.
ക്യാഷ് എണ്ണിപ്പോലും നോക്കാതെ പോക്കെറ്റിൽ തിരുകി കണ്ണു ഉയർത്തിയതും, ചുണ്ടിൽ വശ്യത നിറച്ച പുഞ്ചിരിയോടെ നിക്കുന്ന അവരെ ഞാൻ കണ്ടു അടുത്ത നിമിഷം ആഹ് തോർത്ത് സങ്കടപ്പെട്ട് അവരുടെ കാലിനെ ചുറ്റി വീഴുന്നതും കണ്ടു.
കടഞ്ഞെടുത്ത പോലെ ഉരുണ്ടു വിളഞ്ഞ വെണ്ണ മേനി, കഴുത്തിന് താഴെ വിരിഞ്ഞ നെഞ്ചിൽ കൊള്ളാതെ വയറിലേക്ക് ചാഞ്ഞു കിടക്കുന്ന വട്ടത്തിലുള്ള ആന മുലകൾ നടുവിൽ കറുത്തു കൂർത്ത നീണ്ട മുലക്കണ്ണികൾ എന്നെ നോക്കി വിറക്കുന്നു, അല്പം ചാടിയ വയറിൽ ആഴമെത്രാ എന്നു പോലും പറയാൻ കഴിയാത്ത രീതിയിൽ കിണർ പോലുള്ള പൊക്കിൾ,...
തൂങ്ങിയ വയറിനു താഴെ കനത്ത തുടകൾക്ക് നടുവിൽ ഉന്തി വീർത്ത കുറ്റിരോമം പുതച്ച പൂറു കണ്ടതും വാ പിളർന്നു പോയി...
പതിയെ ആഹ് കുറ്റിരോമം നിറഞ്ഞ അപ്പം എനിക്കരികിലേക്ക് നടന്നു വന്നു.
ഒട്ടു സമയം എടുത്ത് കണ്ണു ഉയർത്തിയതും,തൊട്ടുമുന്നിൽ ആഹ് രതിരൂപം,...

www.kkstories.com

കണ്ണടച്ചു തുറന്നപ്പോൾ ഞാൻ അവരുടെ കരവലയത്തിൽ ആയിരുന്നു..അവരുടെ ചുണ്ടുകൾ എന്റെ ചുണ്ടിനെ വിഴുങ്ങിയിരുന്നു എന്റെ ചുരുണ്ടുകളെ വാക്യും പമ്പ് പോലെ ഉറുഞ്ചി വലിക്കുന്ന അവരുടെ കനത്ത ചന്തിയിൽ പൂണ്ടിരുന്നു എന്റെ കൈകൾ...
മൂളി കൊണ്ടു എന്റെ ചുണ്ടുകളെ തിന്നുകൊണ്ടിരുന്ന അവരുടെ കൈകൾ നെഞ്ചിലൂടെ താഴേക്ക് നീങ്ങുന്നത് വിറച്ചുകൊണ്ടു ഞാൻ അറിയുന്നുണ്ടായിരുന്നു.
എന്നിൽ നിന്നും പിൻവലിച്ച ചുണ്ടുകൾ എന്റെ കഴുത്തിൽ പൂഴ്ത്തി പതിയെ കടിച്ചും നക്കിയും എന്നെ മായിക ലോകത്തേക്ക് കൊണ്ടു പോവാൻ തുടങ്ങിയ അവർ ജീന്സിനെ തുളയ്ക്കാൻ കാത്തു നിന്ന എന്റെ കുണ്ണയെ അതിനു മേലേക്കൂടെ ഒന്നു ഞെരിച്ചപ്പോഴാണ്, ആകാശത്തു നിന്ന് ഞാൻ ഭൂമിയിൽ എത്തിയത്...
ഒരു നിമിഷം കൊണ്ട് എന്റെ ഉള്ളിൽ ചിന്തകൾ തലങ്ങും വിലങ്ങും ഓടി...
പിന്നൊന്നും നോക്കിയില്ല സാമിയെ ശരണമയ്യപ്പാ എന്നും മനസ്സിൽ വിളിച്ചോണ്ട് അവരുടെ നീരാളി കയ്യിൽ നിന്ന് ഉടലും വലിച്ചെടുത്തു ടി ജി രവിയുടെ കയ്യിൽ നിന്നും കന്യകാത്വം തിരിച്ചു കിട്ടിയ ജയഭാരതിയെ പോലെ ഇറങ്ങി ഓടി....
ആഹ് ഓട്ടം ട്രാക്കിൽ ഓടിയിരുന്നേൽ ഒളിമ്പിക് സ്വർണം എന്റെ വീട്ടിലിരുന്നേനെ....
---

www.kkstories.com

"പോടാ നൊണ.....!!!"

എന്റെ ഗ്രേറ്റ് എസ്കേപ്പിനെ കുറിച്ച് പറഞ്ഞപ്പോൾ നുണയൻ തെണ്ടിയുടെ പതിവ് പുച്ഛം കലർന്ന ആശ്ചര്യം...
പിന്നെ അവനെ പോലെ എല്ലാവരും നുണയന്മാരാണെന്ന തെണ്ടിയുടെ വിചാരം.

"പിന്നെ നൊണ പറയാനാണേൽ എനിക്ക് കുറച്ചു കൂട്ടി പറഞ്ഞാൽ പോരെ..."

"ശ്ശെ എങ്കി നീ എന്ത് മണ്ടനാ അതുപോലെ ഒരവസരം കയ്യിൽ കിട്ടിയിട്ട്....ഞാൻ വല്ലോം ആയിരിക്കണം..."

കൈ മടക്കൊക്കെ തെറുത്തു കയറ്റി ചെങ്കളം മാധവനെ തല്ലാൻ പോകുന്ന മട്ടിൽ എയറൊക്കെ പിടിച്ചാണ് ആശാന്റെ നിപ്പ്,.

"ഊമ്പി....
ചെന്ന് കേറിക്കൊടുത്തിട്ട് അവസാനം നാളെ മുതൽ ഞാൻ ആയിരിക്കും ചിലപ്പൊ മലയാളത്തിലെ ടോമി ഗണ്ണും ജോണി സിൻസും ഒക്കെ,....

അവര് കണ്ട ഡെലിവറി ബോയ്സിനോക്കെ കളി കൊടുക്കാൻ നിപ്പുണ്ടേൽ അതിന് വേറെ വല്ല ഉദ്ദേശോം കാണും,...ഇനി വല്ല എയ്ഡ്സും ഉണ്ടേൽ, ഒരു ജന്മം മൂഞ്ചി കിട്ടും,...പോ മൈരെ..."

"ഓഹ് ഞാൻ അത്രയ്ക്കങ്ങോട്ടു ആലോചിച്ചില്ല,...."

ഇളിഞ്ഞ ചിരിയും ചിരിച്ചു, മടക്കി കയറ്റിയ ഷർട്ട് ജഗന്നാഥൻ അഴിച്ചു താഴ്ത്തി.

"ജോണി സിൻസോ ടോമിയോ ആയാലും വല്യ സീനില്ല...എയ്ഡ്സ് കിട്ടാണ്ടിരുന്നാൽ മതി."

ഫ്രഷ് ലൈം വലിച്ചു കേറ്റുന്നതിനിടയിൽ ആലോചിച്ചു ഇരുന്ന അവൻ പിന്നെയും പറഞ്ഞു.

"അതങ്ങനൊരെണ്ണം..."

മൈരന്റെ ചിന്ത ആലോചിച്ചപ്പോൾ മനസ്സിൽ അങ്ങനെ ആണ് തോന്നിയത്.

"രാത്രി ചിറയിലേക്ക് പോരെ മോനെ...രണ്ടാഴ്ചയായില്ലേ കൂടിയിട്ട്..."

www.kkstories.com

അന്നത്തെ പരിപാടി കഴിഞ്ഞു പോകുമ്പോൾ നുണയൻ എന്ന് ഞാൻ അല്ല, ഞങ്ങളുടെ കൂട്ടത്തിലെ എല്ലാവരും വിളിക്കുന്ന അഖിൽ രാത്രിയിലെ കാര്യം ഓർമിപ്പിച്ചു.

വീട്ടിൽ എത്തുമ്പോഴേക്കും വൈകിട്ട് ആയി,
ബൈക്ക് സ്ടാന്റിലിടുമ്പോഴാണ് കോലായിൽ ഒരുത്തന്റെ നീണ്ടു നിവർന്നുള്ള കിടപ്പ് കണ്ടത്,...
രണ്ടു ദിവസത്തെ കറക്കം ഒക്കെ കഴിഞ്ഞു ഇന്നാണ് മൈരനെ കാണുന്നത്,...
വേറാരുമല്ല വീട്ടിൽ ഏതോ വഴിക്ക് കയറിക്കൂടി ഇപ്പൊ അമ്മയുടെ അടുത്ത കൈ ആയിട്ട് നിക്കുന്ന പോഞ്ഞിക്കര,...
അമ്മ ഇട്ട പേര് കുഞ്ഞു എന്നോ മറ്റോ ആണ്, പക്ഷെ മൈരന്റെ അമ്മയോടുള്ള ഒടുക്കത്തെ വാത്സല്യം കാണുമ്പോൾ എനിക്ക് പോഞ്ഞിക്കരയെ ഓർമ വരും, അതുകൊണ്ടു ഞാൻ പോഞ്ഞിക്കര എന്നെ വിളിക്കാറുള്ളൂ..
ഏതോ പെണ്ണിനിട്ട് ചാമ്പാൻ പോയിട്ടു വന്നു കടന്നുള്ള ഉറക്കമാണ്...
ഈ ഊള പൂച്ചയെ കിട്ടിക്കഴിഞ്ഞാൽ അമ്മയ്ക്ക് പിന്നെ വേറെ ആരെയും വേണ്ട,...
ഒരിക്കൽ ഇതിനെ കളയാൻ തന്തപ്പടി ഒരഞ്ഞൂറും ചാക്കും എനിക്ക് കൈകൂലി തന്നിട്ടുണ്ട്,...

300 നു ഞാൻ തിന്നെങ്കിലും ഇരുന്നൂറിന് പെട്രോൾ അടിച്ചു ഇവനെ ഞാൻ നാട് കടത്തിയതാ, ഞാൻ തിന്ന തീറ്റ ദഹിക്കും മുന്നേ അവലക്ഷണം പിടിച്ച നാറി തിരിച്ചു വീട്ടിലെത്തി,
ഹോ!!! അച്ഛന്റെ പുച്ഛം കണ്ടപ്പോൾ കോടാലിക്ക് ഈ നരക പൂച്ചയുടെ തലക്കിട്ട് ഒന്ന് താങ്ങിയാലോ എന്ന് വരെ ചിന്തിച്ചതാ,...

ഓഹ് കിടപ്പ് കണ്ടാൽ വാലിൽ പിടിച്ചു കറക്കി എറിയാൻ തോന്നും,പൂണ്ട ഉറക്കത്തിലാണ് എന്നെ കണ്ട പോഞ്ഞിക്കര കണ്ണ് തുറന്നൊന്ന് നോക്കി,...
അവന്റെ മുഖത്ത് വരെ പുച്ഛം,....
തന്തപ്പടിയെ കണ്ടല്ലേ പഠിക്കുന്നത് പിന്നെ എങ്ങനാ...
ഉറക്കം പിടിച്ച അവന്റെ തലയ്ക്ക് ഒരു കൊട്ട് കൊടുത്തു ഞാൻ ഓടി അകത്തു കയറി, അവനെ പേടിച്ചിട്ടല്ല ഇൻജക്ഷൻ പേടി ആയതുകൊണ്ടാ....

അമ്മ അടുക്കളയിൽ ഉണ്ട്, നേരെ ചെന്ന് പ്ലേറ്റ് എടുത്ത് കുറച്ചു ചോറും കറിയും കോരി ഇട്ടു,...അമ്മ വറുത്തുകൊണ്ടിരുന്ന പഴംപൊരി ഒരു സൈഡ് ഡിഷ് ആയിട്ട് അങ് എടുത്തു.

"ഡാ....ഇനി എത്ര കാലം ഇങ്ങനെ പോവാനാ ഉദ്ദേശം....???"

www.kkstories.com

അല്ലേലും തിന്നാനിരിക്കുമ്പോ മൂഡ് കളയുന്നത് ഇപ്പൊ അമ്മയുടെ സ്ഥിരം സ്വഭാവം ആയിട്ടുണ്ട്...

"ഡാ...ഞങ്ങൾക്ക് നിന്റെ കാര്യം മാത്രം അല്ല നോക്കാനുള്ളത് നിനക്ക് ഒരനിയൻ കൂടെ ഉണ്ട്,...ഞങ്ങൾക്ക് ഇനി എത്ര കാലം കൂടെ ഉണ്ടെന്ന് അറിയില്ല,... ജോലി ഒക്കെ ഉള്ളതുകൊണ്ട് അവനു ആലോചന ഒക്കെ വരുന്നുണ്ട്,...പക്ഷെ നീ ഇങ്ങനെ നിക്കുമ്പോ എങ്ങനെ ആടാ..."

അമ്മ നിന്ന് കത്തികയറുകയാണ്,...അമ്മയോട് തിരിച്ചൊന്നും പറയാനും തോന്നിയില്ല, പറയുന്നതിൽ കുറെ കാര്യം ഉണ്ടെന്ന് ഉള്ളിന്റെ ഉള്ളിൽ എനിക്ക് തന്നെ തോന്നിയിരുന്നു,...
പക്ഷെ നിസഹായാവസ്ഥയിൽ മൂഞ്ചി കുത്തി ഇരിക്കുന്ന ഞാൻ എന്ത് ചെയ്യാൻ.

"അമ്മ ഇപ്പൊ എന്താ ഉദ്ദേശിക്കുന്നെ, ഞാൻ കല്യാണം കഴിക്കണം എന്നാണോ....!!"

"കല്യാണോ....നിന്റെ കണ്ണ് ഞാൻ കുത്തിപ്പൊട്ടിക്കും,....നേരാം വണ്ണം ഒരു ജോലി പോലും ഇല്ലാത്ത നീ കെട്ടിയിട്ട് പെണ്ണിനെ എന്ത് കാണിക്കാൻ പോണൂ...."

ചട്ടുകം നീട്ടി എടുത്ത വായിൽ കിട്ടിയ ആട്ട് കിട്ടിയതും ഞാൻ ചമ്മി നാറി പോയി.
പിന്നൊന്നും മിണ്ടാൻ പോയില്ല പറഞ്ഞത് മുഴുവൻ തൊണ്ടതൊടാതെ വിഴുങ്ങി,...
ചോറും വാരി തിന്നു മുകളിൽ പോയി ഒന്ന് കുളിച്ചിറങ്ങി.
തന്തപ്പടി ഗാലറിയിൽ എത്തും മുൻപ് ബൈക്കും എടുത്തു ഞാൻ സ്ഥലം വിട്ടു.

എന്റെ ഊമ്പിയ ജീവിതത്തിന്റെ ഒരു സംഭവബഹുലമായ ഏട് തുടങ്ങുന്നതറിയാതെ.

****

"നീ ഉയർന്ന ചിന്താഗതിയും മൂഞ്ചിയ ജീവിതവും എന്ന് കേട്ടിട്ടുണ്ടോടാ നുണയാ..."

ചിറയിലെത്തി അടി തുടങ്ങി തലയ്ക്ക് പിടിച്ചു തുടങ്ങിയപ്പോൾ ഓരോ സങ്കടങ്ങളായി പുറത്തു വന്നു തുടങ്ങി.

"ആഹ്...എന്തെ...???"

പേപ്പർ ഗ്ലാസ് ഉം കടിച്ചു പിടിച്ചിരുന്നു അവൻ എന്നെ നോക്കി.

www.kkstories.com

"നീ കണ്ടിട്ടുണ്ടോ....അങ്ങനെ ഒന്ന്..."

"എന്തെ..."

"എങ്കി കണ്ടോ..."

കയ്യും വിടർത്തി ഞാൻ നിലാവിന് കീഴെ നിന്നു കൊണ്ട് പറഞ്ഞു.

"പോടാ മൈരെ..."

പുച്ഛം നിറച്ച ഒരാട്ടും തന്നു അവൻ വീണ്ടും ഗ്ലാസ് കമഴ്ത്തി,.

"ഡാ നീ രാത്രി വീട്ടിലേക്ക് ഉണ്ടോ ഇനി..."

നുണയൻ പതിയെ എഴുന്നേറ്റു.

"ഏയ് രാത്രി ഈ കോലത്തിൽ ചെന്ന് കയറാൻ പറ്റത്തില്ലെടാ നീ വിട്ടോ..."

പറയുമ്പോൾ കണ്ണു താഴ്ന്നു പോവുന്നുണ്ടായിരുന്നു,...

****

കണ്ണിന്റെ മുകളിൽ കല്ലു കെട്ടി വെച്ച പോലെ ആയിരുന്നു...
ഉറക്കത്തിൽ നിന്നു എഴുന്നേറ്റത്.
ഓരോ മൈര് സ്വപ്നങ്ങൾ,
കോട്ടു വായിട്ടു മുഖം ഒന്നു മൊത്തത്തിൽ തുടച്ചതും പെരു വിരലിൽ നിന്നു ഒരു തരിപ്പ് അടിച്ചു നെറുകം തല വരെ തെറിച്ചു പോകുന്ന വേദന തന്നു.
മൂക്കിൽ കടന്നൽ കുത്തിയ പോലെ.

"ആഹ്ഹ്....ഊ....."

ഒന്നു കരഞ്ഞു വിളിച്ചു പോയി,
ഉറക്ക ക്ഷീണം ഒറ്റ സെക്കന്റിൽ മാറി പക്ഷെ കണ്ണു തുറന്നപ്പോ അതിലും വലിയ കൺഫ്യൂഷൻ ഭിത്തിയിൽ ഇന്നലെ വരെ എന്നെ നോക്കി ഇളിച്ചു കൊണ്ടിരുന്ന കലണ്ടറിലെ കറ്റ മെതിക്കുന്ന ചേച്ചിയെ കാണാനില്ല,
ഇവിടെ ദേ ഏതോ അപ്പാപ്പനും വേറേതോ ചേട്ടനും ഭിത്തിയിൽ ഇരുന്നു എന്നെ പുച്ഛത്തോടെ നോക്കി ചിരിക്കുന്നു,
ദൈവമേ സ്വപ്നം കഴിഞ്ഞില്ലേ...?

അട്ട കണ്ഫ്യുഷനിൽ ഞാൻ കിടന്ന ബെഞ്ചിൽ നിന്നു ഉയർന്ന് സൈഡിലേക്ക് നോക്കിയതും എല്ലാം ഊമ്പി പോയതിന്റെ ആധാര ശില ഒരു വെള്ള ചുരിദാറും ചുറ്റി പാറിപറന്ന മുടിയും കലിച്ചുള്ള നോട്ടവും ആയി എന്നെ നോക്കി ഇരിക്കുന്നു.

"മൈര്...അപ്പൊ ഒന്നും സ്വപ്നം ആയിരുന്നില്ലേ..."

തല കുടഞ്ഞു പറഞ്ഞത് ഒന്നു ഉച്ചത്തിൽ ആയിപ്പോയി,
ഉണ്ടക്കണ്ണ് വീണ്ടും തള്ളി എനിക്ക് നേരെ നീളുന്നു.
എന്റെ തലയ്ക്ക് ആകെ കൂടെ പെരുപ്പ്...
സ്വപ്നം കണ്ടപോലെ അവിടുന്നും ഇവിടുന്നും ഇച്ചിരി ഇച്ചിരി ആയെ ഓർമ കിട്ടുന്നുള്ളൂ...
എന്തായാലും ഒരു പെണ്ണിനേം വലിച്ചോണ്ട് ഓടുന്നത് ഓർമ ഉണ്ട്,...
ഇന്നലെ രാത്രി സ്വപ്നത്തിലെന്നു കരുതി ഞാൻ നടത്തിയ ഒളിച്ചോട്ടം പച്ച യാഥാർഥ്യം ആണെന്ന് ഇപ്പോൾ ബോധം വരുന്നുണ്ട്...

അവളുടെ കൂർപ്പിച്ചുള്ള നോട്ടത്തിൽ എന്നെ തിന്നാനുള്ള ദേഷ്യം ഉള്ളപോലെ,....
അവളെയും കുറ്റം പറയാൻ പറ്റില്ല അവളുടെ സംഭവ ബഹുലമായ ഒളിച്ചോട്ടം പൊളിച്ചു കയ്യിൽ കൊടുത്തതല്ലേ ഞാൻ.
എന്നാലും ഞാൻ ഇതെവിടെയാ, ഒന്നു ചുറ്റും നോക്കി മൂലയിൽ ചെങ്കൊടികൾ കൂട്ടിവെച്ചിട്ടുണ്ട്,
ഒരു മുറിയിൽ ആണ് ഞങ്ങൾ രണ്ടും.
ഇന്നലെ രാത്രി എന്തൊക്കെ നടന്നെന്ന് ഒരു പിടിയും ഇല്ല.
കണ്ണടച്ചൊന്നു കൂടെ കൊണ്ടു പിടിച്ചൊന്നു ആലോചിക്കാൻ നോക്കി ഒരു മുടിഞ്ഞ മരം ഓടി വന്നു എന്റെ മൂക്കിൽ ഇടിച്ചതാണ് ഓർമ വന്നത് വരുന്നത്, ഒന്നു ചോദിക്കാം എന്നു വെച്ചാൽ ആഹ് മറുതയുടെ മുഖം കണ്ടാൽ ഞാൻ വാ തുറന്നാൽ എന്റെ തല തല്ലിപൊളിക്കും എന്ന രീതിയിൽ ആണ് കയ്യിലെ ഹാൻഡ്ബാഗിൽ മുറുക്കിപ്പിടിച്ചു ഇരിക്കുന്നത്,
മൂക്കിൽ ഒന്നു കണ്ണ് താഴ്ത്തി നോക്കി ആരോ ബാൻഡേജ് ഒട്ടിച്ചൊക്കെ വെച്ചിട്ടുണ്ട്,
ഒന്നൂടെ ഒന്നു തലകുടഞ്ഞു,
പെട്ടെന്ന് ഫോൺ അടിക്കുന്ന ഒച്ച കേട്ടു, ഞാൻ എന്റെ പോക്കറ്റ് ഒക്കെ ഒന്നു തപ്പുമ്പോഴേക്കും അവൾ ഫോണെടുത്തു.

www.kkstories.com

"ആഹ് എണീറ്റിട്ടുണ്ട്,..... എനിക്ക് ദേഷ്യം വരുണുണ്ടട്ടോ....
ഇല്ലാ.....ഇല്ല....ഞാൻ കൊടുക്കാം നേരിട്ടു തന്നെ പറഞ്ഞോ...
ഇതിനൊക്കെ നീ കൂടിയ കാരണക്കാരൻ അതു മറക്കരുത്....,

ഇല്ല.....നീ പറഞ്ഞാൽ മതി, എന്റെ ജീവിതം എന്തായാലും തുലഞ്ഞു,.."

നിറഞ്ഞൊഴുകുന്ന കണ്ണുകൾ തുടച്ചു അവൾ ഫോണിൽ എന്തൊക്കെയോ പറയുന്നത് കേട്ട് ഞാൻ വായും പൊളിച്ചു ഇരുന്നതെ ഉള്ളൂ....
പെട്ടെന്ന് അവൾ ഫോൺ എനിക് നേരെ നീട്ടി കണ്ണിൽ തിളയ്ക്കുന്ന കലി,...
ഒറ്റവലിക്ക് ഞാൻ ഫോൺ കയ്യിൽ വാങ്ങി പേടിച്ചിട്ടിട്ടൊന്നും അല്ല, പിന്നെ ഭ്രാന്തെടുത്തു നിക്കുന്ന പെണ്ണാണെ, വെറുതെ എന്തിനാ എന്റെ തടി കേടാക്കുന്നെ...

"ഹെലോ...ഹെലോ...ചേട്ടാ...."

ഫോണിൽ വിനീത് വിളിച്ചു നോക്കുന്നുണ്ടായിരുന്നു,

ഞാൻ എടുത്തു ചെവിയിൽ വെച്ചു,

"ഡാ...വിനു...."

"എന്തൊക്കെയാ ചേട്ടാ....കേൾക്കണേ....എന്തൊക്കെയാ ഒപ്പിച്ചു വെച്ചേക്കണേ.... ഞാൻ എല്ലാം വിശ്വസിച്ചു ഏല്പിച്ചിട്ട്..."

അവൻ നിന്നു വിറക്കുകയാണ്,...
ഇപ്പൊ ചെറുതായിട്ട് എന്തൊക്കെയോ കത്തുന്നുണ്ട്,...ഇവന് വേണ്ടിയാണോ ഞാൻ ഈ ഒളിച്ചോട്ടം നടത്തിയത്,...
ആയിരിക്കും....
ഞാൻ ബോധമില്ലാത്തത് കൊണ്ടു കുറച്ചു മാറി നിന്നു അവനോടു പതുക്കെ ചോദിച്ചു,...
ഹോ പുല്ലൻ തെറി പറയാത്തത് ഭാഗ്യം,...
എന്തായാലും പൊട്ടും പൊടിയും വെച്ചു രാത്രിയിലെ കാര്യങ്ങൾ അവൻ കുറച്ചൊക്കെ എന്നോട് പറഞ്ഞു,...വീണ്ടും മോങ്ങാൻ തുടങ്ങി,
ഒപ്പം നടന്നതെല്ലാം എന്റെ പിടലിക്ക് വെക്കാനും....

പിന്നെ വെറുതെ രണ്ടെണ്ണം അടിച്ചു കിടന്നു ഉറങ്ങാൻ പോയ എന്നെ പാതിരാത്രി വിളിച്ചെഴുന്നേല്പിച്ചു ഇത്രേം പണി തന്ന ഇവൻ ഇപ്പൊ എല്ലാം എന്റെ പിടലിക്ക് വെക്കുവാണോ...വായിൽ ഒന്നറഞ്ഞു വന്നതാ പക്ഷെ ഇത് ഇതുവരെ ആക്കിയതിൽ എന്റെ പങ്ക് ചെറുതല്ലാത്തത് കൊണ്ടു ഒന്നു അയഞ്ഞു കൊടുത്തു,..

"ഡാ, ഇതൊന്നും ഞാനും വിചാരിച്ചതല്ല ഇന്നലെ രാത്രി എന്തൊക്കെ നടന്നെന്ന് എനിക്കും കൃത്യമായിട്ടു ഓർമ ഇല്ല...സോറി..."

"ഇന്നലെ നടന്നതൊക്കെ പറയാതിരിക്കുന്നതാ ബേദം,..."

"ഞങ്ങൾ എങ്ങനെയാടാ ഇവിടെ എത്തിയത്..."

"ഇന്നലെ ചേട്ടന്റെ ബോധം പോയപ്പോ ആളും ബഹളോം ഒക്കെ കൂടിയല്ലോ,
അവിടെ കള്ളൻ കേറി എന്നു വിചാരിച്ചു പാർട്ടിക്കാരും കൂടി, അവളുടെ അച്ഛനുമായി വഴക്ക് ഉണ്ടായിരുന്ന പാർട്ടിക്കാര് കാര്യം അറിഞ്ഞതോടെ കയറി പ്രശ്നം വലുതാക്കി,
കല്യാണതലേന്നു കാമുകന്റെ ഒപ്പം ഒളിച്ചോടാൻ നോക്കിയ അവളെ അവളുടെ വീട്ടുകാര് രാത്രി തന്നെ പുറത്താക്കിയതോടെ നിങ്ങളെ പാർട്ടിക്കാര് കൊണ്ടു വന്നതാ..."

www.kkstories.com

"കാമുകനാ....ഞാനാ...!!!!"

അവൻ പറഞ്ഞതു കേട്ടതും വെള്ളിടി വെട്ടി പാഞ്ഞത് എന്റെ തലയിലൂടെയായിരുന്നു,

"അവൾക്ക് പറഞ്ഞൂടായിരുന്നോ എന്താ പറ്റിയതെന്നു,....ഞാൻ നിന്റെ ചേട്ടനാണെന്നു...."

"എന്റെ ചേട്ടാ ഇന്നലെ അതൊന്നും പറയാനുള്ള അവസ്ഥയിൽ ആയിരുന്നില്ല അവൾ, ബോധം ഇല്ലാതെ ചേട്ടൻ കിടക്കുന്നു, നിങ്ങളുടെ പക്ഷം പിടിച്ചു വന്ന പാർട്ടിക്കാരും അവളുടെ ബന്ധുക്കാരും കൂടി തമ്മിൽ തല്ലാൻ തുടങ്ങിയപ്പോൾ ചേട്ടന്റെ കൂടെ ഇറങ്ങിപോന്നതാണെന്നു അവൾക്ക് പറയേണ്ടി വന്നു, അതോടെ അവളുടെ അച്ഛനും അമ്മയും അവളെ വീട്ടിൽ നിന്നു ഇറക്കി വിട്ടു, അപ്പോൾ പാർട്ടിക്കാരാ നിങ്ങളെ പാർട്ടി ഓഫീസിലേക്ക് കൂട്ടിക്കൊണ്ടു വന്നത്,...."

"എങ്കി പിന്നെ ഇപ്പൊ ഇവരോട് പറയെടാ...എനിക്ക് എന്തായാലും ബോധം വന്നില്ലേ...ഞാൻ പറയാം...."

www.kkstories.com

എനിക്ക് ഇതിൽ നിന്നു എങ്ങനെ എങ്കിലും ഊരിയാൽ മതിയെന്നായിരുന്നു,.

"ചേട്ടൻ ആദ്യം ഒന്നടങ്ങു അങ്ങനെയൊന്നും ഇപ്പൊ പറയാൻ പറ്റില്ല,....
ഇതുവരെ ബോധം കെട്ടു കിടന്നപ്പോൾ കാര്യങ്ങൾ ഒക്കെ കൈ വിട്ടു പോയി,...
ഞാൻ ഇനി പറയുന്ന കാര്യങ്ങൾ ചേട്ടൻ കേൾക്കണം,...
ഞാൻ പറയുന്നതുപോലെ ചെയ്യുമെന്ന് എനിക്ക് വാക്ക് തരണം...."

അവൻ സ്വരം ഒന്നു കടുപ്പിച്ചു പറഞ്ഞു.

"നിനക്ക് ഇന്നലെ ഒരു വാക്ക് തന്നതാ ഞാൻ ഇപ്പൊ ഇവിടെ ഇങ്ങനെ ഇരിക്കുന്നത്, ...ഇനി ഞാൻ ഇനിയും വാക്ക് തരാം...
പോടാ..."

"ഇതു ഇങ്ങനെ ആക്കിയതും ചേട്ടൻ അല്ലെ, ചേട്ടൻ ചേട്ടന്റെ കാര്യം മാത്രമേ നോക്കുന്നുള്ളൂ....എന്റെയും അവളുടെയും അവസ്ഥ എന്താണെന്ന് ആലോചിച്ചിട്ടുണ്ടോ..."

അവൻ ചോദിച്ചപ്പോൾ എനിക്കും ഉത്തരം ഉണ്ടായില്ല,....

ഒന്നല്ലെങ്കിലും അവരുടെ പ്ലാൻ നശിപ്പിച്ചത് ഞാൻ ആണല്ലോ..."

"ഞാൻ എന്ത് ചെയ്യണമെന്ന നീ പറയുന്നത്,..."

എന്റെ സ്വരത്തിലെ തണുപ്പ് അറിഞ്ഞിട്ടാവും അവനും ഒന്നു തണുത്തു,.

"ചേട്ടാ...പാർട്ടിക്കാരു ഇന്ന് നിങ്ങളുടെ കല്യാണം നടത്താൻ പ്ലാൻ ചെയ്തിരിക്കുവാ..."

അത്രേ ഞാൻ കേട്ടുള്ളൂ,...കസേരയിലേക്ക് ഇരുന്നുപോയി,...

"ചേട്ടാ...ചേട്ടാ..."

"എടാ....ഞാൻ ഞാനിനി എന്തു ചെയ്യും,...ഞാൻ എല്ലാം പറയട്ടെ,..."

"എല്ലാം തുറന്നു പറഞ്ഞാൽ അവൾ എന്തു ചെയ്യും,...അവൾക്കിനി തിരിച്ചു ചെല്ലാൻ പറ്റ്വോ,..."

"വേണ്ട.....തിരിച്ചു ചെല്ലണ്ട വീട്ടിലേക്കു കൊണ്ടു പോവാം...നീ കെട്ടാൻ പോവുന്ന പെണ്ണാണെന്നു പറഞ്ഞാൽ പോരെ...."

www.kkstories.com

"ഞാൻ അവിടെ ഇല്ലാതെ അച്ഛനെയും അമ്മയെയും ഇതൊക്കെ എങ്ങനെ പറഞ്ഞു മനസിലാക്കാൻ പറ്റും,...
പിന്നെ നാട്ടിലുള്ളവരു എന്തൊക്കെ പറഞ്ഞു ഉണ്ടാക്കും എന്നു ചേട്ടന് മനസ്സിലാവില്ല....
ഇപ്പോൾ ആഹ് പാർട്ടിക്കാരു ഇതറിഞ്ഞാൽ എന്തൊക്കെ പുകിൽ ഉണ്ടാക്കും എന്നും പറയാൻ പറ്റില്ല.
അവരെ സംബന്ധിച്ചിടത്തോളം ഇതവന്മാർക്ക് വാശി തീർക്കാൻ ഉള്ള ഒരു വഴി മാത്രേ ഉള്ളൂ....
ഞാൻ പറയുന്നത് ചേട്ടൻ ഒന്നു കേൾക്ക്,....അവന്മാര് പറയുന്നത് പോലെ ഒരു ചരട് അവളുടെ കഴുത്തിൽ കെട്ട്, ഒരു ചരട് കെട്ടിയതുകൊണ്ടു മാത്രം ഇവിടെ ഒന്നും സംഭവിക്കാൻ പോണില്ലല്ലോ,...
ഒരു ഒറ്റ വർഷം ഞാൻ നാട്ടിൽ എത്തും വരെ അവൾക്ക് നമ്മുടെ വീട്ടിൽ നിൽക്കാം,...
വേറെ എവിടെയും പോവേണ്ട,..ഏട്ടൻ കെട്ടിക്കൊണ്ടു വന്നതാണെന്ന് എല്ലാരും വിചാരിച്ചോളും, ഞാൻ വന്നു നിങ്ങൾ ഡിവോഴ്സ് ഒപ്പിട്ടാൽ പിന്നെ അവളെയും കൊണ്ടു ഞാൻ പൊക്കോളാം...,

ചേട്ടന് പിന്നെ ഒരു പ്രശ്നവും ഉണ്ടാവില്ല, വീട്ടിൽ ഈ കാര്യം ഞാൻ തന്നെ വരുമ്പോൾ പറഞ്ഞോളാം.....
പ്ലീസ്.....എനിക്കുവേണ്ടി, ഇതെങ്കിലും ചെയ്തു തന്നൂടെ....എന്റെ മുൻപിൽ ഇപ്പൊ സഹായിക്കാൻ വേറെ ആരുമില്ല, വേറെ ഒരു വഴിയുമില്ല...."

"എങ്കി വീട്ടിലേക്ക് കൊണ്ടു പോവണ്ട ഇവളെ നമുക്ക് ഏതേലും ഹോസ്റ്റലിൽ നിർത്താം...നീ വരുന്നത് വരെ ഉള്ള കാര്യമല്ലേ ഉള്ളൂ...."

"അപ്പൊ ഇതുവരെ പറഞ്ഞതൊക്കെ കള്ളം ആണെന്ന് എല്ലാവർക്കും മനസിലാകും,...
അവളെ ഹോസ്റ്റലിൽ നിന്നു അവളുടെ വീട്ടുകാർക്ക് കൊണ്ടു പോവാനാണോ പാട്,...നമുക്ക് അവളുടെ മേൽ ഒന്നും പറയാൻ പറ്റില്ല...."

"നിന്റെ പ്ലാൻ ഒക്കെ വെറും മണ്ടത്തരം ആണ്,...ഇതൊക്കെ പോട്ടെ...എന്നെ കെട്ടാൻ അവള് സമ്മതിക്കും എന്നു തോന്നുന്നുണ്ടോ...."

അവസാന ശ്രമം എന്ന നിലയിൽ ഞാൻ ഒന്ന് എറിഞ്ഞു നോക്കി.

www.kkstories.com

"ചാരു ആണോ....
അവൾക്ക് സമ്മതാ,...ഇന്നലെ രാത്രി മുതൽ ഞാൻ പറഞ്ഞു കൊണ്ടിരുന്നതാ,...അവൾ സമ്മതിച്ചിട്ടുണ്ട്...."

അവൻ പറയുന്നത് കേട്ട് ഞാൻ അവളെ ഒന്നു നോക്കി,...
ചുരിദാറിന്റെ ഷാൾ കൊണ്ടു നിറഞ്ഞൊഴുകുന്ന കണ്ണീരു തുടച്ചുകൊണ്ട് അവൾ അവിടെ ഇരിക്കുന്നു,.

വെള്ള ചുരിദാർ,..
ഒളിച്ചോടുമ്പോൾ ഇടാൻ പറ്റിയ കളർ, ഞാൻ ആലോചിച്ചു,....ഓഹ് ഞാൻ ഒപ്പിച്ചതൊക്കെ ഓർത്തതും ആഹ് പുച്ഛം ബൂമെറാങ് പോലെ തിരിച്ചു വന്നതും ഞാൻ ഒന്ന് സ്വയം മടങ്ങി,.

എനിക്ക് പക്ഷെ ഇതൊന്നും ദഹിക്കാത്തത് കൊണ്ടു ഞാൻ പിന്നെയും തർക്കിച്ചുകൊണ്ടിരുന്നു.
അവൻ ഇരുന്നു മോങ്ങാനും തുടങ്ങി,.

"നീ ഒന്നു കൊണ്ടും പേടിക്കണ്ട...ഇതെല്ലാം ഞാൻ സംസാരിച്ചു ശെരി ആക്കിക്കോളം.....ഞാൻ അവളെ കെട്ടാനും പോണില്ല,...പക്ഷെ നീ വരുമ്പോൾ അവൾ നമ്മുടെ കൂടെ ഉണ്ടാവും നീ പേടിക്കാതെ ഇരി..."

പറഞ്ഞുകൊണ്ട് ഞാൻ ഒന്ന് നീങ്ങിയതും എന്റെ കാല് തട്ടി അവിടെ ഇരുന്ന ഒരു ചെറിയ ഡ്രം വീണു,.
അതൊന്നു നേരെ വെക്കാൻ ഞാൻ കുനിഞ്ഞതും എന്റെ നടുവിലൂടെ ഒരു പെരുപ്പ് കയറിപ്പോയി,.
ഡ്രമ്മിൽ ഒരു യുദ്ധതിനുള്ള ആയുധമുണ്ട്,
വടിവാളും, വാക്കത്തിയും കത്തിയും കോടാലിയും സൈക്കിൾ ചെയ്നും, എക്ക കൂടി ഒരു നോക്കു കണ്ടതും എന്റെ വായിൽ വെള്ളം വറ്റി, പെട്ടത് എവിടെ ആണെന്ന് ഒരൂഹം കിട്ടി,
അവനപ്പോഴും ഫോണിലൂടെ കരച്ചിലും യാചനകളും നടത്തുന്നുണ്ടായിരുന്നു.

പെട്ടെന്ന് കതകിൽ കൊട്ടുന്ന സ്വരം കേട്ടതും ഞാൻ ഫോൺ താഴ്ത്തി പിടിച്ചു,
ഞെട്ടി അവൾ എന്നെയും നോക്കുന്നുണ്ട്,.

"ഹെലോ...ഞങ്ങൾ അകത്തേക്ക് വന്നോട്ടെ,..."

www.kkstories.com

പുറത്തു നിന്നു സ്വരം,..
ഓഹ് ഇവിടെ ആദ്യരാത്രിയുടെ ഇന്റർവെൽ ആണല്ലോ,....

"ചേട്ടാ...എല്ലാം ഞാൻ പറഞ്ഞതുപോലെ,...."

വെക്കും മുന്നേ അവൻ വീണ്ടും പറഞ്ഞു.

ഫോൺ വെച്ചപ്പോഴേക്കും കഷണ്ടി തിന്ന തലയും, വെള്ളമുണ്ടും ഷർട്ടും ധരിച്ച ഒരു അജാനുഭാഹു അകത്തേക്ക് കയറി ഇടതും വലതുമായി, രണ്ടു മൂന്നു ശിങ്കിടികളും,.

എല്ലാം തുറന്നു പറയാം എന്നുള്ള എന്റെ ചിന്ത മൊത്തം ആഹ് രൂപം കണ്ടപ്പോഴേ എങ്ങോട്ടോ ഒഴുകി പോയി.
ഇരുണ്ട മുഖത്തു നെറ്റിയിൽ നീളത്തിൽ ഒരു വര,
അതു കണ്ടപ്പോൾ ഡ്രമ്മിൽ ഇരുന്ന വടിവാളാണ് ഓർമ വന്നത്.

"ആഹാ ബോധം തെളിഞ്ഞു ആളങ്ങു ഉഷാറായല്ലോ...."

എന്നെ ഒന്ന് മൊത്തത്തിൽ നോക്കിയ അയാൾ പറഞ്ഞു,.

"ഹോ നീ ആണ് ആണ്കുട്ടി,....നീ RDP കാരനാണോ,..."

ബുൾസ് ഐ പോലുള്ള കണ്ണു തള്ളി അയാൾ ചോദിച്ചു,.

"അല്ല...ആഹ് അതേ..."

"ആഹ് വെരി ഗുഡ്,...അല്ലേലും ഞാൻ ഓർത്തു അങ്ങേരുടെ മോളെ പ്രേമിച്ചു അടിച്ചോണ്ടു പോരാൻ നമ്മടെ ചുണക്കുട്ടികൾക്കെ കൊണ്ടേ പറ്റൂ എന്നു.

മുന്നിൽ വന്നു നിന്നു അങ്ങേരു ഏതാണ്ടൊക്കെയോ വിളിച്ചു പറഞ്ഞോണ്ടിരുന്നു,.

"എന്നാൽ കൊച്ചിനെ നമ്മുടെ മെമ്പർ ചിത്രയുടെ വീട്ടിലേക്ക് കൊണ്ടു പൊക്കോ, ഒരുക്കി അമ്പലത്തിലേക്ക് കൊണ്ടു വന്നാൽ മതി,
വരനെയും കൊണ്ടു ഞങ്ങൾ അങ്ങു എത്തിയേക്കാം,...
തളർന്നൊടിഞ്ഞിരുന്ന അവളെയും കൂട്ടി രണ്ടു മൂന്നു പെണ്ണുങ്ങൾ പോകുന്നത് ഞാൻ നോക്കി നിന്നു,.

www.kkstories.com

"ആഹ് നാറിക്കിട്ട് ഒരു നല്ല പണി കൊടുക്കാൻ ഞങ്ങൾ ഒത്തിരി ആയി മെനക്കെടുന്നു, ഈ കൊച്ചിനെ വളച്ചെടുക്കാൻ ഇവിടുള്ള കൊശവന്മാരെകൊണ്ടൊന്നും കൂടിയില്ല...
മോന്റെ പേരെന്താ..."

"ഏഹ്....!"

"മോന്റെ പേരെന്താന്ന്..."

"വിവേക്...."

"ആഹ് അവസാനം ആഹ് INSP കാരൻ തെണ്ടിക്ക് പണി കൊടുക്കാൻ വിവേക് മോൻ വേണ്ടി വന്നു നിന്റെ ഒരു ഫോട്ടോ പ്രിന്റ് ചെയ്തു ഞാൻ വേണേൽ ദേ ഞങ്ങളുടെ താത്വിക ആചാര്യന്റെ അടുത്തു തൂക്കും,.

ഭിത്തിയിൽ ഒരു ബീഡിയും വലിച്ചു ഇരിക്കുന്ന ഒരു കിളവന്റെ ഫോട്ടോ ചൂണ്ടി അയാൾ പറഞ്ഞു,.

"എന്നാൽ കാര്യങ്ങൾ നടക്കട്ടെ,...മൂക്കിലെ ബാൻഡേജ് ഒരു അവലക്ഷണം ആണ് എന്നാലും സാരമില്ല,...

ഡാ പയ്യനെ ഒരുക്കണം....
പെട്ടെന്നായിക്കോട്ടെ..."

കൂടി നിന്നവരോട് പറഞ്ഞ ശേഷം അയാളെന്റെ തോളിൽ കൈ വെച്ചു എന്തോ അഭിമാനത്തോടെ എന്നെ നോക്കി,.

"ഹാ.....നന്നായി വരും..."

ആനന്ദ പുളകിതനായി അത്രയും പറഞ്ഞു അങ്ങേരു പുറത്തേക്ക് നടന്നു,...
ഇങ്ങേരാരാ എന്റെ തന്തയോ....എന്നാണ് എനിക്ക് തോന്നിയത്,...
അപ്പോഴേക്കും മുണ്ടും ചീപ്പും ഷർട്ടും ഒക്കെയായി ഒരു പട എനിക്ക് ചുറ്റും നിറഞ്ഞിരുന്നു.

www.kkstories.com

"ഡാ ഇറങ്ങുമ്പോഴേക്കും കുറച്ചു പിള്ളേരെ കൂടെ കൂട്ടണം....പിന്നെ നമ്മുടെ സാധങ്ങൾ ഒക്കെ ഒന്നു എടുത്തു വെച്ചോ....എങ്ങാനും ആവശ്യം വന്നാലോ...,"

ലൈറ് അടിച്ചാൽ തിരിച്ചടിക്കുന്ന കഷണ്ടി തല തഴുകി അങ്ങേരതും പറഞ്ഞു തിരിച്ചു പോയപ്പോൾ,
നേരത്തെ ഞാൻ കണ്ട ഡ്രമ്മിന്റെ അടുത്തേക്ക് മൂന്നാലെണ്ണം പോകുന്നത് കണ്ടു,.
അതോടെ എന്റെ കാര്യത്തിൽ ഒരു തീരുമാനം ആയി എന്നെനിക്കുറപ്പായി.
സത്യം പറയാൻ പോയിട്ടു വായിൽ നിന്ന് തുപ്പലിറക്കാൻ വരെ പേടിച്ച അവസ്ഥയിൽ മരവിച്ചു ഇരിക്കാനെ എനിക്ക് പറ്റിയുള്ളൂ.

ഇതിനിടയിൽ ഇവന്മാരിതൊക്കെ എങ്ങനെ ഒപ്പിച്ചാവോ...
സ്വർണ കരയുള്ള മുണ്ടും കസവു ഷർട്ടും ഉടുപ്പിച്ചു അവന്മാര് എല്ലാം കൂടി എന്നെ വരൻ ആക്കി,.
പുറത്തേക്ക് ഇറക്കി,...
ഇന്ത്യയിൽ പ്രസിഡന്റ് കഴിഞ്ഞാൽ പിന്നെ ഏറ്റവും കൂടുതൽ സെക്യൂരിറ്റി എനിക്ക് ആണെന്ന് തോന്നും,
ഞാൻ ഇരുന്ന ഇന്നോവയിൽ എന്റെ അപ്പുറവും ഇപ്പുറവും രണ്ടു പേര് കയറി.
കഷണ്ടി മുന്നിൽ ഡ്രൈവറിനൊപ്പവും,

ഞങ്ങളുടെ മുന്നിലും പിന്നിലും വേറെ രണ്ടു കാറും എല്ലാ കാറിലും ആളുകളും ഉണ്ട്,...

"ആഹ് ചിത്രേ... ഞങ്ങൾ ഇറങ്ങി,...
അവിടെ എന്തായി,...."

"ഓഹ്...എത്തിയാൽ മതി...പിള്ളേരില്ലേ ഒപ്പം....എന്തേലും പ്രശ്നമുണ്ടെങ്കിൽ ഒന്നു വിളിച്ചാൽ മതി..."

അയാൾ ഇരുന്നു പറയുന്നത് കേട്ട എനിക്ക് സത്യം പറഞ്ഞാൽ പേടി ആണ് തോന്നിയത്,....
മൈര് പേടിച്ചു മുള്ളാനും മുട്ടുന്നുണ്ട്.

"കേട്ടോ...വിവേക് മോനെ....
കൊച്ചിനെയും കൊണ്ടു അവരും ഇറങ്ങി,....ഒന്നും പേടിക്കാനില്ല നമ്മുടെ പിള്ളേർ ഉണ്ട്....എല്ലായിടത്തും,...
ഇന്നത്തെ കമ്മിറ്റി മാറ്റിവെച്ചു എല്ലാവരോടും ഞാൻ അമ്പലത്തിലേക്ക് വരാൻ പറഞ്ഞിട്ടുണ്ട്..."

www.kkstories.com

അയാള് ചിരിയോടെ ഓരോന്നു പറയുമ്പോൾ ഞാൻ ഇവിടെ ഇരുന്നു ഉരുകുകയായിരുന്നു.

****

ഏതോ അമ്പലത്തിന്റെ മുന്നിൽ വണ്ടി നിർത്തിയപ്പോഴാണ് ബോധം വന്നത് ഒപ്പം അത്രേം നേരം മറന്നുപോയ മൂത്രശങ്കയും,.

"ഇറങ്ങു വിവേക് മോനെ..."

ഓഹ് കിളവന്റെ വിളി തേനൊലിക്കുവാണ്....
ഞാൻ ഓടാതിരിക്കാൻ ആണോ, അതോ വേറെ ആരും ഇടയിൽ കേറാതിരിക്കാൻ ആണോ എന്തോ അമ്പലത്തിന്റെ പരിസരത്തു മുഴുവൻ കുറെ എണ്ണം നിപ്പുണ്ട്.

"വാ...എല്ലാം പറഞ്ഞു വെച്ചിരിക്കുവാ,....ചെല്ലുക താലി അങ്ങെടുത്തു കെട്ടുക...അത്രേ ഉള്ളൂ..."

എന്റെ കയ്യും വലിച്ചു അയാൾ നടന്നു,
ഈശ്വരാ ഭഗവാനെ ഒരു വഴി കാട്ടിത്തന്നൂടെ...

ചുമ്മാ അവസാനം ഒന്നെറിഞ്ഞു നോക്കി,...എവിടെ മുകളിൽ ഇരുന്നൊരു ആട്ടു ആട്ടിയിട്ടുണ്ടാവും.

ആടിക്കുഴഞ്ഞ ഒരു നെയ്പരുവത്തിലുള്ള പെണ്ണ് ചാടിത്തുള്ളി വരുന്നുണ്ടായിരുന്നു, അവരുടെ കൂടെ വേറെ രണ്ടു മൂന്നു പെണ്ണുങ്ങളും,
അവർക്കിടയിൽ ഞാൻ കണ്ടു ചെമ്പട്ടു ചുറ്റി ഈറൻ വീണ നീണ്ട മുടിയിൽ മുല്ലപ്പൂ തിരുകി, കഴുത്തിൽ ഒരു നൂല് പോലുള്ള സ്വർണ മാലയണിഞ്ഞു ഇരു നിറത്തിലെങ്കിലും വശ്യതയാർന്ന ചാരു ശില്പത്തിന്റെ ഭംഗിയുള്ള അവളെ,
കണ്മഷി എഴുതി കറുപ്പിച്ച കണ്ണുകൾ പിടയ്ക്കുന്നുണ്ട്,
മിഴികൾ എന്നിട്ടും നനഞ്ഞു ഇരിക്കുന്നു,...
എന്തൊരു ഭംഗിയാ....

അറിയാതെ ഞാൻ ഒന്ന് ആലോചിച്ചു പോയതും ഉള്ളിൽ നിന്നു കണ്ട്രോളും ബോധവും സുരേഷ്ഗോപി ഇടി കൊണ്ടു കിടന്നിട്ടു ചാടി എഴുന്നേൽക്കും പോലെ വന്നു.
അതോടെ കണ്ണിനെ രണ്ടും ആദ്യം കണ്ട നെയ്ക്കൊഴുപ്പിലേക്ക് ഞാൻ ചാടിച്ചു, അതിനെ നോക്കുന്നതിൽ തെറ്റൊന്നും ഇല്ലല്ലോ...."

www.kkstories.com

പൊക്കം കുറവാണേലും തള്ളാനുള്ളിടത്തെല്ലാം തള്ളിയിട്ടുണ്ട്,
വെള്ള സാരിയിൽ നിന്നും ബ്ലൗസോടെ ചാടി തുറിച്ചു കിടക്കുന്ന മുട്ടൻ മല അല്ല മുല,...
ഓരോ അടിവെക്കുമ്പോഴും തുള്ളിച്ചാടുന്നുണ്ട്.

മുന്നിൽ വന്നപാടെ എന്റെ ഒപ്പം കൂടിയ കഷണ്ടിയെ നോക്കി ശ്രിങ്കാരഭാവത്തിൽ ഒന്നു കുഴഞ്ഞാടിയതും, ആഹ് മുലയുടെ കൈക്കാരനെ എനിക്ക് മനസ്സിലായി,

"എല്ലാം റെഡി അല്ലെ ചിത്രേ...?"

"പിന്നല്ലാതെ....ചെന്നിനി ഒന്നു താലി കെട്ടിയാൽ മതി..."

അവര് പറയുന്നതും കേട്ടു കഷണ്ടി എന്നെ നോക്കി മൂന്നാം മുറയിൽ ബോംബ് പൊട്ടിച്ചിട്ടു ലാലു അലക്സ് ചിരിക്കുംപോലെ പൊട്ടിച്ചിരിച്ചു.

ഇതെന്ത് മൈര്...!!!

സത്യത്തിൽ തലയിൽ വന്നത് അതാണ് പക്ഷെ നാക്കിൽ എത്തും മുന്നേ ഞാൻ അതങ്ങ് വിഴുങ്ങി,
അയാള് ഞങ്ങളെയും കൂട്ടി ശ്രീകോവിലിന്റെ മുന്നിൽ എത്തി സ്വിച്ചിട്ട പോലെ പൂജാരിയും വന്നു പിന്നെല്ലാം ശട പടെ ശട പടെ എന്നായിരുന്നു.

താലി കെട്ടുമ്പോൾ അവളുടെ കണ്ണിൽ കണ്ണീരായിരുന്നെങ്കിൽ എന്റെ നെഞ്ചിൽ പഞ്ചാരി മേളം ആയിരുന്നു.

"ഈശ്വര ഭഗവാനെ എത്രയും പെട്ടെന്ന് ഈ കുരുക്കിൽ നിന്നൊന്നു ഊരി തരണേ...."

തൊഴുതു നിക്കുമ്പോൾ ആത്മാർഥമായിട്ട് പ്രാർഥിച്ചത് അതായിരുന്നു.

"എന്നാൽ നമുക്കെല്ലാവർക്കും കൂടി ഇവരെ വീട്ടിലേക്ക് ആക്കാം എന്താ ചിത്രേ...?"

ഓഹ് കഷണ്ടിക്ക് ഇത്രയും വെട്ടി മതി ആയിട്ടില്ല....
മൈര് വല്ല ടൈം മെഷീനും കിട്ടിയിരുന്നേൽ...,

www.kkstories.com

അവളിപ്പോഴും കണ്ണീരും ഒപ്പി മൂക്കും പിഴിഞ്ഞു ഇരിപ്പുണ്ട്.
ഇതിനേം കൊണ്ടു ഞാൻ എങ്ങനെ വീട്ടിൽ കേറി ചെല്ലും ദൈവമേ...

"വാ മക്കളെ കാറിലോട്ടു കേറ്..."

കഷണ്ടി നിന്നു വിളിക്കുവാണ്,
പുല്ല് ഇയാൾക്കിതെന്തിന്റെ കടിയാ...
ഇവളെയും കൊണ്ടു ഈ കോലത്തിൽ അവിടെ ചെന്ന് ഇറങ്ങേണ്ട താമസമേ ഉള്ളൂ, തെക്കേ പറമ്പിലെ മാവൊന്നു വെട്ടാൻ...
രാത്രി കറങ്ങാൻ പോയ ഞാൻ പിറ്റേന്ന് ഉച്ചക്ക് പെണ്ണും കെട്ടി ചെന്നാലുള്ള അവസ്ഥ,
ഹോ ആലോചിക്കുമ്പോളെ മുള്ളാൻ മുട്ടുന്നു.

"വേണ്ട ഞങ്ങള് ഞങ്ങള് പൊക്കോളാം...."

"ഏയ് അതൊന്നും പറഞ്ഞാലൊക്കില്ല,... നിങ്ങളെ വീട്ടിലാക്കി ഓരോ ചായയും പരിപ്പുവടയും കഴിച്ചിട്ടെ ഞങ്ങൾ ഇനി തിരിച്ചു പൊരുന്നുള്ളൂ..."

ഓഹ് അയാൾക്ക് ഇത്രേം ഒണ്ടാക്കി വെച്ചത് പോരാ ഇനി പരിപ്പുവടേം കൂടി മുണ്ങ്ങാഞ്ഞിട്ടാ...

"വാടാ മക്കളെ...."

അയാള് നീരാളി പോലെ എന്നെയും ചുറ്റിപ്പിടിച്ചു കാറിലേക്ക് നടന്നു.
എന്റെ പിറകെ ജീവശവം പോലെ അവളും നടന്നു.

സത്യം പറഞ്ഞാൽ ഇപ്പോഴാണ് ഓമനക്കുട്ടന്റെ അവസ്ഥ എനിക്ക് കൃത്യമായിട്ട് മനസ്സിലാവുന്നത്,...
നമ്മുടെ മീനത്തിൽ താലികെട്ടിലെ ഓമനക്കുട്ടൻ...

കാറിൽ ഇരുന്നു പോണ വഴിക്ക് മുഴുവൻ കാർ എവിടേലും പോയി ഇടിച്ചു ഞങ്ങളെല്ലാം തട്ടിപോണേ എന്നു വരെ ആലോചിച്ചു പ്രാര്ഥിച്ചാണ് ഞാൻ ഇരുന്നത്,...

www.kkstories.com

അവളുടെ ഫോൺ ഇതിനിടയിൽ അടിക്കുന്നത് ഞാൻ കണ്ടിരുന്നു സൈലെന്റ് ആയിരുന്നു പക്ഷെ മിന്നുന്നത് എനിക്ക് കാണാലോ...
അവനാ ആഹ് അനിയൻ തെണ്ടി,...
മൈരന് മതിയായില്ലേ ആവോ...

കാറിൽ ഇരുന്നു പുറത്തെ അനന്തമായ മാങ്ങാത്തൊലിയും നോക്കി ഇരിക്കുമ്പോൾ ഇന്നലെ നടന്ന കാര്യങ്ങൾ എന്തൊക്കെ ആണെന്ന് കഷ്ടപ്പെട്ടു ബുദ്ധിമുട്ടി ആലോചിക്കുകയായിരുന്നു ഞാൻ...
ഇന്നലെ അടിച്ചിട്ട് ഉറങ്ങാൻ പോയ ഞാൻ കെട്ടി ഈ കാറിലെത്തിയത് എങ്ങനെ ആണെന്ന് ചെറിയ ഒരു മൂടൽ മാത്രമേ മനസ്സിൽ ഇപ്പൊ ഉള്ളൂ...
പക്ഷെ ഒന്നൂടെ ശെരിക്കും ചൂഴ്ന്നു നോക്കിയപ്പോൾ ഓരോന്നായി ഓർമ വന്നു തുടങ്ങി....

****

പ്രീതീ.....ഘ്രോ....."

"അയ്യോ.....ആരാ...."

അലർച്ച കേട്ടാണ് ഞാൻ ഞെട്ടി ഉണർന്നത്,....ഒരു മിനിറ്റ് എടുത്തു എവിടെ ആണെന്ന് ഒന്ന് ബോധം വരാൻ,...
നോക്കുമ്പോൾ ചിറയിൽ തന്നെ ആണ്,...
ഒച്ച എന്താണ് എന്ന് നോക്കുമ്പോൾ മനീഷ്
ഫോണിൽ സിനിമ കണ്ടോണ്ടു ഇരിക്കുവാണ് ബ്ലൂടൂത്ത്, സ്പീക്കറിൽ കണക്ട് ചെയ്തിട്ടുണ്ട്, പ്രാന്തൻ നട്ടപ്പാതിരയ്ക്ക് മനുഷ്യനെ പേടിപ്പിക്കാൻ ആയിട്ട്.

"എന്തുവാടാ മൈരെ....ഒറങ്ങുമ്പോൾ പേടിപ്പിക്കുന്നോ..."

"ഞാൻ അല്ലട അർജുൻ റെഡ്ഡി ആണ് ഞാൻ ഇപ്പോഴാ കാണുന്നത്,..."

"അർജ്ജുൻ റെഡ്ഡീടെ അണ്ടി...ഹെഡ്സെറ്റ് വെച്ച് കുത്തി കൊണക്ക് മൈരെ..."

പുല്ലന്റെ ഒരു ഒടുക്കത്തെ സിൽമ കാണൽ...
ഉറക്കം പോയി ഇനി ഒന്നേന്നു തുടങ്ങണം,...
ഞാൻ പിന്നേം തട്ടിലേക്ക് ചാഞ്ഞു.

www.kkstories.com

"Isn't it lovely..."

ഓഹ് സമ്മതിക്കില്ല ഒന്ന് കഴിഞ്ഞപ്പോ അടുത്തത്,...

ഫോൺ എടുത്തു.

"ചേട്ടാ...."

അനിയൻ വിനീത് ഇവനെന്താ ഈ സമയത്ത് എന്നെ വിളിക്കണേ...

"എന്താടാ...."

"ചേട്ടാ....എനിക്ക് ഇപ്പൊ ഇത് പറയാൻ ചേട്ടൻ മാത്രേ ഉള്ളൂ...എന്നെ സഹായിക്കും എന്ന് ഉറപ്പ് താ....."

"നീ മോങ്ങാതെ കാര്യം പറയെടാ...."

എടുത്ത വാക്കേ ചെക്കൻ കക്കൂസിലിരുന്നു മുക്കും പോലെ പിച്ചും പേയും പറയുന്നത് കേട്ട എനിക്ക് വട്ട് പിടിച്ചു.

"ചേട്ടൻ ഞാൻ പറയുന്ന പോലെ ചെയ്യും എന്ന് വാക്ക് താ....പ്ലീസ്...."

പിന്നേം അവന്റെ മൂഞ്ചിയ വർത്താനം കേട്ടതും പിന്നൊന്നും ആലോചിച്ചില്ല.

"ആഹ്ടാ നീ എന്താന്നു വെച്ചാൽ പറഞ്ഞു തുലക്ക് നീ പറയണത് പോലെ ഞാൻ ചെയ്തോളാം വാക്ക്.....പോരെ...ഇനി മനുഷ്യനെ പേടിപ്പിക്കാതെ നീ കാര്യം പറ..."

"ചേട്ടാ...എനിക്ക് ഒരു പെണ്ണിനെ ഇഷ്ടമാണ്....."

"ആഹാ വെരി ഗുഡ്....ഇതിനാണോ നീ പേടിച്ചു മോങ്ങിയത്, ഇതൊക്കെ ചീള് കാര്യമല്ലേ...
നീ ഇങ്ങോട്ടു വാടാ നിങ്ങളുടെ കല്യാണം ഈ ചേട്ടൻ നടത്തി തരും....പോരെ....സമാധാനമായില്ലേ ഇനി മോൻ പോയി ഉറങ്ങിക്കോ ഗുഡ് നയ്റ്...."

"അയ്യോ വെക്കല്ലേ ചേട്ടാ ഞാൻ പറഞ്ഞോട്ടെ....പ്ലീസ്..."

www.kkstories.com

"ഓ എന്തുവാടാ നീ ഇതുവരെ പറഞ്ഞു കഴിഞ്ഞില്ലേ...."

"ചേട്ടാ....നാളെ അവളുടെ കല്യാണം ആണ്....എനിക്ക് സഹിക്കാൻ പറ്റണില്ല...."

"ആണോ സോറിയെടാ,...എന്തു ചെയ്യാനാ എല്ലാം വിധി ആണെന്ന് വിചാരിക്കാം നീ രണ്ടെണ്ണം അടിച്ചു കിടന്നു ഉറങ്ങിക്കോ എല്ലാം ശെരി ആകും..."

"ചേട്ടാ...പ്ലീസ്....അവൾ അവള് ഇറങ്ങി വരാൻ സമ്മതിച്ചു നിക്കുവാ...ചേട്ടൻ ഒന്നു പോണം....എനിക്കിപ്പോ ഇതു പറയാൻ വേറെ ആരുമില്ല....ചേട്ടാ പ്ലീസ്..."

അടിച്ച മയക്കം ഒരു സെക്കന്റ് കൊണ്ടു ഇറങ്ങി.

"നീ ഇതു എന്തൊക്കെ ആടാ ഈ പറയുന്നേ,... നാളെ കല്യാണം നടക്കാൻ പോകുന്ന പെണ്ണിനെ ഞാൻ പോയി ഇറക്കിക്കൊണ്ടു പോരണം എന്നോ.....
നീ ചുമ്മ ഓരോന്ന് വിളിച്ചു പറയല്ലേ..."

സത്യം പറഞ്ഞാൽ പാതിരാത്രി ഉറക്കത്തിൽ നിന്നു വിളിച്ചു എഴുന്നേൽപ്പിച്ചു പറയാൻ പറ്റിയ കാര്യം, എനിക്ക് എല്ലാം കൂടെ പിടിച്ചു വട്ടായപ്പോ ഞാൻ കട് ചെയ്തു,
തലയ്ക്ക് ആകെ ഒരു പെരുപ്പ്, അവൻ കിടന്നു കരയുന്നത് ഓർത്തിട്ട് സഹിക്കാൻ മേല,...
രണ്ടെണ്ണം കൂടി അടിച്ചു ബോധം കെടാൻ പോലും വഴി ഇല്ലാതെ ഒന്നു ആടി ഇരിക്കുമ്പോഴാണ് ഫോണിൽ വീണ്ടും അവന്റെ വിളി വരുന്നത്,
എടുക്കണ്ടാ എന്നു കുറെ നോക്കി, പക്ഷെ പറ്റിയില്ല.

"ചേട്ടാ...."

"ഞാൻ....ഞാൻ പൊക്കോളാം... നീ അവളുടെ വീട് എവിടെ ആണെന്നു പറ..."

"താങ്ക്യു....ചേട്ടാ....ഞാൻ ലൊക്കേഷൻ തരാം....ശരണ്യയെ ഞാൻ വിളിച്ചു പറയാം....."

"ഓഹ് ശെരി എന്ത് മൈരേലും കാണിക്ക്, ഞങ്ങൾ ഇപ്പൊ ഇറങ്ങുവാ അവിടെ എത്തിയിട്ട് നിന്നെ വിളിക്കാം..."

www.kkstories.com

ഫോണും കട് ചെയ്ത ഞാൻ കുറച്ചു നേരം ഒന്നു മന്ദിച്ചു ഇരുന്നു.
അടുത്തു ചാള ചീഞ്ഞ പോലെ കിടക്കുന്ന മനീഷിനെ നോക്കി.
ഇനി ഈ പുല്ലനെ എഴുന്നേല്പിക്കണോല്ലോ....
ഇവനെ ഇനി എന്തും പറഞ്ഞു വിളിച്ചോണ്ട് പോവും.

ഞാൻ പയ്യെ അവനെ വിളിച്ചു.

"ഡാ... ഡാ മനീഷേ...."

"പ്രീതി...പ്രീതി..."

"ഓഹ് അവന്റെ ഒടുക്കത്തെ അർജുൻ ഷഡ്ഡിയും പ്രീതിയും.
ഡാ പൊട്ടാ...എണീക്കട..."

തട്ടി പൊക്കിയതും കണ്ണും തിരുമ്മി അവൻ എണീറ്റു.

"ഡാ നമുക്ക് ഒരു പെണ്ണിനെ ഇന്ന് രാത്രി ചാടിക്കണം..."

ഞാൻ വലിയ ലാഗ് ഒന്നും അടിപ്പിക്കാതെ കാര്യം പറഞ്ഞു അവന്റെ ഞെട്ടലും തെറിയും ഒക്കെ കഴിഞ്ഞു എത്രയും പെട്ടെന്ന് ഇറങ്ങാം എന്നു വെച്ചാണ് പറഞ്ഞത്.
പക്ഷെ ആഹ് ഊള എഴുന്നേറ്റിരുന്നു ഒന്നു മൂളി, പിന്നെ എഴുന്നേറ്റു നടന്നു.

"ഇവനിതെന്താ ബോധം വന്നില്ലേ...
ഡാ ഞാൻ പറഞ്ഞത് വല്ലോം നീ കേട്ടോ..."

"ആടാ മൈരേ...ഞാൻ ഒന്ന് മുള്ളട്ടെ എന്നിട്ട് ചാടിക്കാം..."

അവൻ നടന്നു ചിറയുടെ വരമ്പിൽ മുണ്ടും പൊക്കി മുള്ളി.

"ഡാ...നാളെ കല്യാണം നടക്കാൻ പോവുന്ന ഒരു പെങ്കൊച്ചിനെ നമുക്ക് ഒന്ന് ചാടിക്കണം, നീ ഞാൻ പറഞ്ഞത് ശെരിക്കും കേട്ടോ..."

"ഹാ കേട്ടെടാ മൈരേ...ഒന്നു മുള്ളി കഴിഞ്ഞിട്ട് പോകാം..."

ഒരു കൂസലുമില്ലാതെ ആഹ് നാറി പറയുന്നത് കേട്ട് ഞെട്ടിയത് ഞാൻ ആണ്, ഇന്ന് ഫുൾ ഞെട്ടലിന്റെ ദിവസം ആണല്ലോ...

www.kkstories.com

ആഹ് എന്ത് മൈരേലും ആവട്ടെ അവൻ വരാം എന്ന് പറഞ്ഞതുകൊണ്ട് ഞാനും ഒന്നു കൂൾ ആയി.
അപ്പോഴേക്കും ഫോണിൽ അനിയന്റെ മെസ്സേജ് വന്നു കിടപ്പുണ്ട് ലൊക്കേഷനും ഒരു കോണ്ടാക്ട് ഉം.

"ചാരു(ശരണ്യ)"

എന്നു എഴുതിയ കോണ്ടാക്ട്,
ശരണ്യ ഇവന് ചാരുവായിരിക്കും,..

"ബാ പോവാം..."

നോക്കുമ്പോൾ മനീഷ് ഒരു സൈക്കിൾ പിടിച്ചു എന്നെ നോക്കി നിൽക്കുന്നു, ചെത്താൻ വരുന്ന സാബു ചേട്ടന്റെ മുഴുവൻ സൈക്കിൾ.

"ഇതെന്തിനാ മൈരേ ഈ സൈക്കിൾ...."

"ബൈക്ക് ഒക്കെ റിസ്ക് ആണ്...ഇതാവുമ്പോൾ സൈഡിൽ എവിടേലും വെക്കാം ആരും സംശയിക്കേമില്ല,...."

ഹോ മൈരന്റെ ബുദ്ധി...
ലൊക്കേഷൻ വെച്ചു ഇവിടുന്ന് ഒരു രണ്ടു കിലോമീറ്റർ ഉള്ളൂ...
ഏതു മൈരനാണവോ റോഡ് പണിതത് അഞ്ചു സെക്കന്റ് നേരെ ഉള്ള റോഡില്ല ഫുൾ വളഞ്ഞും പുളഞ്ഞും,

എങ്ങനെയോ ചവിട്ടി കുത്തി ഗൂഗിൾ അമ്മച്ചി പറഞ്ഞ സ്ഥലത്തെത്തി,
കിറുകൃത്യം വെൽക്കം ബോര്ഡിന്റെ അണ്ണാക്കിൽ കൊണ്ടു നിർത്തി തന്നു.

അകത്തേക്ക് കയറാൻ ഒരുങ്ങിയ എന്റെ കൈക്ക് മനീഷ് പിടിച്ചു.

"മുൻപിക്കൂടി തന്നെ വേണോ...ഇതിനൊക്കെ ഒരു ശാസ്ത്രീയ വശം ഉണ്ട് ബാ ഇങ്ങട്..."

സൈക്കിളും ഉന്തി എന്റെ കയ്യും വലിച്ചു അവൻ മതിലിന്റെ ചാരെ കൂടെ വീടിന്റെ പിന്നിലേക്ക് നടന്നു.

www.kkstories.com

പിറകിലേക്ക് പോകും തോറും ഇരുട്ട് കേറി വരുന്നത് കണ്ട ഞാൻ ഫോൺ തപ്പി എടുത്തു ഫ്ലാഷ് ഓണാക്കി,

"ഓഫ് ആക്കെടാ മൈരേ...എങ്കി നിനക്ക് പെട്രോമാക്സ് കൊണ്ട് വന്നു കത്തിക്കായിരുന്നില്ലേ...."

മനീഷ് കുരച്ചു, തെണ്ടിയുടെ ഒടുക്കത്തെ ഷോ...അവശ്യമുണ്ടായി പോയി ഇല്ലേൽ ഒരു ചവിട്ടു കൊടുക്കായിരുന്നു.

വെട്ടുക്കല്ലുകൊണ്ടു പാതിപ്പൊക്കത്തിൽ കെട്ടിയ മതിലിൽ അവൻ സൈക്കിൾ ചാരി.
എന്നിട്ടു അതിൽ വലിഞ്ഞു പിടിച്ചു നിരങ്ങി അപ്പുറത്തു കടന്നു.
അത്യവശ്യം വലിയ ഒരു തൊടിയുടെ നടുവിലാണ് വീട്,
പിറകെ ഞാനും ഇറങ്ങി,.

"ഡാ ഫോൺ സൈലെന്റ് ആക്കിക്കോ ഇല്ലേൽ പണി കിട്ടും..."

മനീഷാനന്ദ സ്വാമികളുടെ ഉപദേശം,... പറഞ്ഞതിൽ കാര്യമുള്ളതുകൊണ്ട് ഞാൻ സൈലന്റ് ആക്കി.

പയ്യെ നടന്നു വീടിന്റെ പിന്നിലെത്തി,...

"ഡാ കൊച്ചിനെ വിളിക്ക്...,"

വീണ്ടും ഉപദേശം ആഅഹ്ഹ്ഹ....,
എനിക്ക് പൊളിഞ്ഞു കേറുന്നുണ്ട്...

"ഞാൻ ഫോണെടുത്തു വിളിക്കാൻ ഒരുങ്ങുമ്പോൾ മനീഷ് അവിടെയും ഇവിടെയും ഒക്കെ ഏതാണ്ട് സ്റ്റിംഗ് ഓപ്പറേഷന് വന്ന പോലെ നടക്കുന്നത് കണ്ട എനിക്ക് തോന്നിയത് ഇതിനി ഈ മൈരന്റെ സ്ഥിരം പരിപാടി ആണോ എന്നാണ്.

"ഹലോ...ഹലോ....."

പെട്ടെന്ന് അപ്പുറത്തു ഫോൺ കണക്ട് ആയി...

www.kkstories.com

"ആഹ് ഹലോ... ഞാൻ വിനീതിന്റെ ചേട്ടനാ....ഞങ്ങൾ പുറത്തുണ്ട്....വീടിന്റെ പിന്നിൽ...."

"ആഹ്... വിനു ഇപ്പൊ വിളിച്ചു ചോദിച്ചേ ഉള്ളൂ....ഞാൻ ദേ ഇറങ്ങുവാ...ആരുടേം കണ്ണിൽ പെടല്ലേ..."

"ഏയ്...ഇല്ല താൻ ഇറങ്ങി പോരു...."

പറഞ്ഞു ഫോൺ വെച്ചതും ഞാൻ കാണുന്നത് പൂച്ചയെ പോലെ പമ്മി പമ്മി നടന്നു പോവുന്ന മനീഷിനെ ആണ്,..

"ഡാ....ഡാ മനീഷേ...."

എന്റെ വിളി കേട്ടു തിരിഞ്ഞ അവൻ ഒരു മിനിറ്റു എന്നു കയ്യ് ഉയർത്തി കാട്ടി വീണ്ടും മുന്നോട്ടു പോയി, വീടിന്റെ മൂല കടന്നു മറഞ്ഞു,
അപ്പോഴേക്കും പിൻവാതിലിൽ അനക്കം കണ്ടു ഞാൻ അങ്ങോട്ടു നോക്കി,
വാതിൽ തുറന്നു ഒരുത്തി പുറത്തോട്ടു വരുന്നത് കണ്ടു,
ഇത്തിരി മാറി നിന്ന എന്നെ കാണാൻ ഞാൻ ഒന്നു കൈ ഉയർത്തി വീശി,...

അതോടെ എന്നെ കണ്ട അവൾ എന്റെ അടുത്തേക്ക് ഓടി വരുന്നത് ഞാൻ കണ്ടു, കയ്യിൽ ഒരു ചെറിയ ഹൻഡ്ബാഗും ഉണ്ട്

"ആഅഹ്ഹ്ഹ്ഹ.....അയ്യോ.....ഓടി വായോ.....ആഹ്ഹ്...."

ഏതോ ഒരാൾ കാറിവിളിക്കുന്ന ഒച്ച ആഹ് പറമ്പു മുഴുവൻ കേട്ടു.

അതു കേട്ടതോടെ അവൾ ഒന്നു ഞെട്ടി എന്നെ നോക്കി നിൽക്കുന്നത് ഞാൻ കണ്ടു,
കല്യാണ വീട്ടിലെ ഓരോ ലൈറ്റും ഒന്നൊന്നായി തെളിയുന്നതും, പതിയെ കാറിച്ചയോടൊപ്പം ഓരോരുത്തർ ഉണർന്നു വരുന്നതിന്റെ ഒച്ചയും കേട്ടു തുടങ്ങി,
പിന്നാമ്പുറത്തെ ലൈറ് വീണതും പിന്നെ ഞാൻ ഒന്നും നോക്കിയില്ല,
ഓടി ചെന്നു അവളുടെ കയ്യിൽ പിടിച്ചു വലിച്ചു മുന്നോട്ടു ഓടി, അടിച്ചത് കൂടിപ്പോയത് കൊണ്ടാണോ അതോ പേടിച്ചു മുള്ളാൻ മുട്ടിയിട്ടാണോ എന്തോ ഞാൻ വിചാരിച്ച രീതിയിൽ ഒന്നും അല്ല ഞാൻ ഓടിയത്,...
കൈപ്പിടിയിൽ അവളുടെ കൈ ഉണ്ടോ എന്ന് മാത്രേ ഓടും വഴി ഞാൻ നോക്കിയുള്ളൂ.
ഓട്ടം മനസ്സിൽ കാണണം എന്നുള്ളോർക്ക് ഇൻ ഹരിഹർ നഗറിൽ അമ്മച്ചി വാക്കത്തിക്ക് കീച്ചാൻ വരുമ്പോൾ സിദ്ധിഖ് ഓടുന്ന ഓട്ടം ഒന്നു കണ്ണടച്ചു ഓർത്തു നോക്കിയാൽ കിട്ടും കൂടെ ഒരു പെങ്കൊച്ചിനേം വേണേൽ സങ്കല്പിച്ചോ....
കോണ്ഫിഡൻസും അഹങ്കാരോം ഒന്നും ഒരു മൈരുമല്ല എന്നുറക്കെ പ്രഖ്യാപിച്ചുകൊണ്ട് കല്യാണപ്പെണ്ണിനേം അടിച്ചോണ്ടുള്ള എന്റെ റാലി, പേടിച്ചിട്ട് ഞാൻ ഇടയ്ക്ക് പിന്നോട്ടു നോക്കിക്കൊണ്ടാണ് മുന്നോട്ടു കുതിച്ചത്.

പിന്നാമ്പുറത്തെ വെളിച്ചത്തിൽ ഏതോ അരണ ഫുണ്ട ഞങ്ങളെ കണ്ട് ഒച്ചയിടുന്നതും ആളെ കൂട്ടുന്നതും കണ്ടു പിന്നിൽ നോക്കി ഓടിയ ഞാൻ മുൻപോട്ടു ഒന്ന് വഴി കാണാൻ നോക്കിയേ ഉള്ളൂ....

#ഡിം...@#$%#

ഓർമകളിൽ നിന്നു തിരിച്ചെത്തിയപ്പോൾ ഇന്നലെ രാത്രി ഞാൻ ഒപ്പിച്ച മണ്ടത്തരങ്ങൾ ഓർത്തു ചൂളി പോയിരുന്നു...
അവളുടെ നേരെ നോക്കാൻ പോലും ചമ്മൽ...
അപ്പോഴേക്കും കാർ
വീടിന്റെ വഴി കടന്നു മതിലിനകത്തേക്ക് എത്തി വീടിനു മുന്നിൽ ഒരു കൂട്ടം ആണ് ഞാൻ ആദ്യം കണ്ടത്,..

www.kkstories.com

മൈര്...ചെന്നു കേറുമ്പോഴേ അമ്മേടെ ചൂലിന് അടി കിട്ടുവോ എന്തോ...
കാർ മുന്നിലേക്ക് നിർത്തിയതും ആഹ് കഷണ്ടി ആദ്യമേ ചാടി പിടിച്ചിറങ്ങി അവരോട് പോയി എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു.

അച്ഛന്റെ മുഖത്തെ ഭാവവും അമ്മയുടെ മുഖത്തെ ദയനീയതയും കണ്ടതോടെ ഉള്ളിൽ എനിക്കൊരു സമാധാനം വന്നു,...കൊല്ലാൻ പോകുവല്ലേ ഇനി എന്തിനാ പേടിക്കണേ...
അടുത്തിരുന്ന അവൾ സാരിയുടെ മുന്താണിയും കയ്യിൽ ചുറ്റി അഴിച്ചു ഇരിക്കുന്നുണ്ട്, ഇപ്പോഴും കരച്ചിലിനൊരു കുറവുമില്ല...
ആഹ് എന്റെ ശവമടക്കിന് ഇനി കഷ്ടപ്പെട്ടു കരയണ്ടല്ലോ...

കഷണ്ടിയുടെ ഡയലോഗ് ഏറ്റൊ എന്തോ,....
ഞാൻ നോക്കി നികുമ്പോൾ അച്ഛൻ തൂമ്പയുമെടുത്തു പുറകിലെ തൊടിയിലേക്ക് നടന്നു,
അങ്ങേരു എന്റെ കുഴിവെട്ടാൻ പോയതാണോ എന്തോ,...
അമ്മ നിന്നു കണ്ണു പിഴിയുന്നുണ്ട്,...
കഷണ്ടി വീണ്ടും കാറിനടുത്തേക്ക് വന്നു.

"രണ്ടു പേരും ഇറങ്...എല്ലാം ഈ സുഗണേട്ടൻ പറഞ്ഞു ശെരിയാക്കിയിട്ടുണ്ട്... പേടിക്കാതെ ഇറങ്ങിക്കോ..."

www.kkstories.com

ഓഹ് അപ്പൊ ഈ പാഴിന്റെ പേര് സുഗുണൻ എന്നായിരുന്നൊ,...ബെസ്റ്റ് പേര്...
ഇനി ചമ്മിയും പേടിച്ചും നിന്നിട്ടൊന്നും കാര്യമില്ലാത്തതുകൊണ്ടും,
ഞാൻ ചെയ്തതെല്ലാം ഈ വീട്ടിലെ അവരുടെ കണ്ണിലെ ഉണ്ടംപൊരി ആയ എന്റെ അനിയന് വേണ്ടി ഉള്ള ത്യാഗം ആണെന്നും മനസ്സിൽ അങ്ങു പറഞ്ഞൊറപ്പിച്ചു, സിനിമയിലൊക്കെ നടന്മാരു കാറിൽ നിന്നിറങ്ങുമ്പോലെ കാലും വലിച്ചു വച്ചൊരു ഇറങ്ങു ഇറങ്ങി,...
ഊമ്പിപോയി, മുണ്ടഴിഞ്ഞു അതോടെ പിടിച്ചു വെച്ച ഗ്യാസ് എല്ലാം കയ്യീന്നു പോയി,...
വീടിന്റെ മുറ്റത്തു എല്ലാരും നോക്കി നിക്കെ, വേറെ വഴി ഒന്നും ഇല്ലാത്തത് കൊണ്ട് കണ്ണും പൂട്ടി ഒന്നു വലിച്ചുടുത്തു നേരെ നടന്നു, അവള് വരുന്നോ ഇല്ലയോ എന്നൊന്നും നോക്കിയില്ല,..
ആദ്യം എന്നെ വീട്ടിൽ കേറ്റുവോ എന്നു നോക്കട്ടെ...

അമ്മയുടെ മുന്നിൽ നിന്നപ്പോൾ കരഞ്ഞു നിറഞ്ഞ കണ്ണു എന്റെ മുഖത്തിഴഞ്ഞു, എന്റെ മുഖത്തെ വെട്ടും മുറിവും കണ്ടപ്പോൾ ഒരു വത്സല്യം അമ്മേടെ മുഖത്തു കണ്ട ഞാൻ ഒന്നും നോക്കിയില്ല,

നല്ലൊരു ഇളി അങ്ങു ഇളിച്ചു,...

#!@...ട്ടേ...!!

ഹോ ചെവി ഒന്നു കിറുങ്ങിപ്പോയി,...
ചെവിക്കല്ലു അടച്ചാണ് കിട്ടിയത്....
മുഖത്തു ഭദ്രകാളി നിറഞ്ഞാടുന്നു.
എന്നെ നോക്കി ഒന്നു കലിപ്പിച്ച ശേഷം എന്റെ പിന്നിലേക്ക് കൈ നീട്ടി കൊണ്ടു വന്നു,...
ഒരു നിമിഷം ഞാൻ ഒന്ന് ഞെട്ടി മാറി, പക്ഷെ ഇതെല്ലാം കണ്ടു എന്റെ പിന്നിൽ പതുങ്ങി നിന്ന അവളുടെ കൈ പിടിച്ചു അമ്മ അവളെ അകത്തേക്ക് കൊണ്ടുപോയി,...
അപ്പോഴാണ് ആശ്വാസമായത്...
ഞാൻ അകത്തേക്ക് കയറും മുൻപേ, കൂടെ വന്ന കഷണ്ടിയെയും ടീമിനെയും ഒന്നു നോക്കി,...
പിറകിൽ അവരുടെ പൊടി പോലുമില്ല...

"മോന് കിട്ടിയപ്പോഴേ അവര് പോയാർന്നു..."

www.kkstories.com

എല്ലാം കണ്ടു ഗാലറിയിൽ ഇരുന്ന അപ്പുറത്തെ വീട്ടിലെ റേഡിയോ മറിയാമ്മ പറഞ്ഞു,...
ഹാവൂ ആശ്വാസമായി,...
പിന്നെ അധികം നിന്നു ഊമ്പാനൊന്നും നിക്കാതെ ഞാൻ വേഗം അകത്തേക്ക് ഓടി കയറി...

അടുക്കളയിൽ എന്തൊക്കെയോ ഭൂമി കുലുക്കം നടക്കുന്നുണ്ട്...
ഓടി മുറിയിൽ കയറാൻ നോക്കിയപ്പോൾ അതു അകത്തൂന്നു പൂട്ടിയിരിക്കുന്നു, മൈര് ഇതാര..., ഇതിന്റെ ഉള്ളിൽ,
ആലോചിച്ചു കാട് കയറേണ്ടി ഒന്നും വന്നില്ല 'അമ്മ എനിക്ക് പിറകെ വന്നു മുറിയുടെ മുന്നിൽ എത്തി,.
എന്നെ രൂക്ഷമായി ഒന്നു നോക്കിയ ശേഷം കതകിൽ മുട്ടി തുടങ്ങി,...
എന്നോടൊന്നും മിണ്ടുന്നില്ല,
അപ്പൊ ഇനി മുതൽ വീട്ടിൽ ഞാൻ ഒറ്റയ്ക്കായി എന്നുള്ള കാര്യം എനിക്ക് മനസിലായി,
കതകു തുറന്നു മുന്നിൽ അവൾ നിൽപ്പുണ്ട് ഇപ്പോഴും കരച്ചില് തന്നെ, ഇതിനു ഇതല്ലാതെ വേറെ പണി ഒന്നുമില്ലേ...

മുള്ളാൻ മുട്ടി നിന്നതുകൊണ്ടു അകത്തേക്കു കയറാൻ ഒരുങ്ങിയതും എന്നെ തള്ളി മാറ്റി അമ്മ അകത്തു കയറി,
വീണ്ടും എന്റെ മുന്നിൽ കതകടഞ്ഞു,
ഊമ്പി, പിന്നൊന്നും ആലോചിച്ചില്ല നേരെ പറമ്പിലേക്കിറങ്ങി ഒരു മൂലയിൽ അങ്ങു മുണ്ടും പൊക്കി നിന്നു നീട്ടിയങ്ങൊഴിച്ചു,
ഹോ ഇതുവരെ നടന്നതൊക്കെ ഒരു നിമിഷം കൊണ്ട് ആഹ് സുഖത്തിൽ ഞാൻ അങ്ങു മറന്നു പോയി,
മുള്ളി കുട്ടനെയും ഒന്നു കുലുക്കി,
ഞാൻ തിരിച്ചു പോകും വഴി പറമ്പിലെ വാഴത്തോപ്പിൽ കൂട്ടിവെച്ചിരിക്കുന്ന കണ്ണിനു അടുത്തു കുഴിയെടുക്കുന്ന അച്ഛനെ കണ്ടു,...
ആഴ്ത്തി വെട്ടുന്ന വെട്ടിനിടയിലും ആഹ് കണ്ണു ഇടയ്ക്ക് ഇടയ്ക്ക് തുടയ്ക്കുന്നത് കണ്ട എന്റെ നെഞ്ചിലൊരു കൊളുത്തി വലി അറിയുന്നുണ്ടായിരുന്നു,...
എല്ലാം തുറന്നു പറഞ്ഞാലോ എന്നാണ് ആദ്യം ആലോചിച്ചത്.
ഇതുവരെ ഇവർക്ക് വേണ്ടി ഒന്നും ചെയ്യാൻ പറ്റിയിട്ടില്ല,
വിനൂന് വേണ്ടി ഇപ്പൊ ഈ ചെയ്യുന്നത് അവൻ വരുമ്പോൾ എല്ലാവരും അറിയും, ഇപ്പോൾ അത് മാത്രമേ ഉള്ളൂ പ്രതീക്ഷ,
ഒന്നു ശ്വാസവും വലിച്ചു വിട്ടു ഞാൻ വീട്ടിലേക്ക് നടന്നു,
എത്രയും പെട്ടെന്ന് ഈ നശിച്ച കോലത്തിൽ നിന്നൊന്നു ഉരിഞ്ഞു മാറണം,
റൂമിൽ കയറി ചെല്ലുമ്പോൾ അവളെ കണ്ടില്ല, ബാത്റൂമിൽ വെള്ളം ചിതറുന്ന സ്വരം കേട്ടു, അവൾ അതിനുള്ളിൽ ആണെന്ന് മനസ്സിലായി,
ഞാൻ അലമാര തുറന്നു ഒരു ബനിയനും മുണ്ടും എടുത്തുടുത്തു,
അവൾ ഇനി ഈ റൂമിലായിരിക്കുവോ താമസം,
ആയിരിക്കും...ഇപ്പൊ അവളെന്റെ കേട്ട്യോള് ആണല്ലോ...
അപ്പൊ എന്റെ ആകെ ഉള്ള സ്വാതന്ത്ര്യവും പോയികിട്ടി,
ഓരോന്നു ആലോചിച്ചു നിക്കുമ്പോൾ അവൾ ഇറങ്ങി വന്നു,
കുളികഴിഞ്ഞു ഇറങ്ങിയതാണ് പെണ്ണ് എന്റെ തോർത്ത് എടുത്ത് തലയിൽ ചുറ്റിയിട്ടുണ്ട്,
ഈറൻ ഇറങ്ങുന്ന ഒന്നുരണ്ടു ഇഴകൾ തോർത്തിനിടയിലൂടെ മുന്നിലേക്ക് വീണു കിടക്കുന്നു,
ഇന്നലെ ഇട്ടിരുന്ന അതേ ചുരിദാർ ആയിരുന്നു അവളുടെ വേഷം,
ചെറുതുള്ളികൾ അവളുടെ മുഖത്തും മൂക്കിന് തുമ്പത്തും ഇരുന്നു തിളങ്ങുന്നുണ്ടായിരുന്നു,

അവളെ നോക്കി അറിയാതെ നിന്നുപോയ ഞാൻ ഒരു നിമിഷം കണ്ണിലേക്ക് നോക്കിയതും നെഞ്ചു പിടഞ്ഞു പോയി,
കരിമഷി അഴിഞ്ഞു പോയെങ്കിലും കറുപ്പ് തുടിക്കുന്ന കണ്ണിണകൾ കൂർത്തു നെഞ്ചിൽ കുത്തുന്ന പോലെ,...

www.kkstories.com

വളഞ്ഞ പുരികം പൊക്കി അവൾ എന്നെ നോക്കി.

"അ...അത്..ഞാൻ....പെട്ടെന്ന്....അല്ല....ഇതെന്താ ഈ ഡ്രെസ്സ്..."

അവളുടെ ചാട്ടുളി പോലുള്ള നോട്ടത്തിൽ ഒന്നു പതറിപ്പോയെങ്കിലും,
പെട്ടെന്ന് വായിൽ വന്നത് അതായിരുന്നു.
അവളുടെ പുരികം താഴ്ന്നു,
കണ്ണുകൾ താഴേക്ക് വീണു,

"ന്റയിൽ വേറെ ഒന്നും ഇല്ല..."

ശബ്ദം താഴ്ത്തി അവൾ പറയുമ്പോൾ അവളുടെ നിസ്സഹായത അതിൽ നിറഞ്ഞിരുന്നു.
കേട്ടപ്പോൾ ഞാനും വല്ലാതെ ആയി,...
പെട്ടെന്നോർത്തത് എന്റെ ഷർട്ട് എടുത്തു കൊടുക്കാൻ ആണ്,...
എന്റെ അലമാര തുറന്നു ഒരു ഷർട്ട് എടുത്തു അവൾക്ക് നേരെ നീട്ടി,

"തനിക്ക് പ്രശ്നം ഒന്നുമില്ലെങ്കിൽ ഇതിട്ടോളൂ..."

www.kkstories.com

അവൾ എന്നെ നോക്കിയില്ല പക്ഷെ കൈ നീട്ടി ഷർട്ട് വാങ്ങി,...
അവളുടെ അവസ്ഥ ഞാൻ ഒന്ന് ആലോചിച്ചു നോക്കി,.
ഹോ തല വിറക്കുന്നു,...
വീട്ടുകാരും കൈ വിട്ടു ഇഷ്ടപ്പെട്ട ആളുടെ ഏട്ടനെ കല്യാണം കഴിക്കേണ്ടി വന്ന് ഇപ്പോൾ വീട്ടിൽ അഭയാർത്ഥിയെ പോലെ,
എന്റെ കയ്യിൽ നിന്ന് ഷർട്ട് വാങ്ങിയ അവളുടെ കണ്ണു നിറയുന്നത് കണ്ട എനിക്ക് പിന്നീട് അവിടെ നിൽക്കാൻ തോന്നിയില്ല,...
താഴെക്കിറങ്ങുമ്പോൾ അമ്മ നിൽപ്പുണ്ടായിരുന്നു, എന്നെ കണ്ടതോടെ കണ്ണു തുടച്ചു തിരിചു പോയി,...
ഞാൻ കാരണം ഒരുപാട് പേർ വിഷമിക്കുന്നുണ്ടെന്നു തോന്നിയപ്പോൾ ഒരിടത്തും നിൽക്കാൻ തോന്നിയില്ല,
മുറ്റത്തേക്കിറങ്ങി , അപ്പുറവും ഇപ്പുറവും ഉള്ളവരൊക്കെ മതിലിൽ നിന്നു എത്തി നോക്കുന്നുണ്ട്,
മുന്നിൽ ബൈക്കിനു വേണ്ടി നോക്കിയപ്പോഴാണ് ബൈക്ക് ഇന്നലെ ചിറയിൽ വച്ച കാര്യം ഓർമ വന്നത്,
പിന്നെ മുണ്ടും എടുത്തു കുത്തി നേരെ ചിറയിലേക്ക് നടന്നു.

ഓഹ് പുല്ലന്മാരു എല്ലാം ഉണ്ട്,...

അറിഞ്ഞിട്ടുള്ള ഇരിപ്പാണോ എന്തോ,

കേറി ചെന്നതും നുണയൻ തെണ്ടി കലിപ്പും കാട്ടി മുഖം തിരിച്ചു,
രാഹുൽ നാറിയുടെ മുഖതാണേൽ പുച്ഛം...

"എന്റെ പൊന്നു മൈരുകളെ,...കൊണ തുടങ്ങും മുന്നേ പറയാനുള്ളതൊന്നു കേൾക്ക്...
എന്നിട്ടു വേണേൽ തല്ലികൊന്നോ..."

കേറി ചെല്ലുംവഴി ഞാൻ പറഞ്ഞു,

അവന്മാര് ഒന്നു നോക്കിയതല്ലാതെ മുഖഭാവത്തിൽ വലിയ മാറ്റം ഒന്നും കണ്ടില്ല.
ഞാൻ പിന്നെ കൂടുതൽ ഒന്നും പ്രതീക്ഷിച്ചുമില്ല,
ഇന്നലെ നടന്നതൊക്കെ വള്ളി പുള്ളി തെറ്റാതെ പറഞ്ഞു,.

"നീ എന്തൊരു പൊട്ടനാടാ...."

കേട്ടു കഴിഞ്ഞു ആദ്യം വാ തുറന്നതു അർജ്ജുൻ ആണ്, പിന്നെ ഒരു പത്തു മിനിറ്റു, എന്റെ ചെവിയിൽ അവൻ ഉരുക്കിയൊഴിച്ച തെറിക്ക് ഇനി ഏതു വെള്ളത്തിൽ കുളിക്കണം എന്നു ആലോചിച്ചു പോയി,...
ഇത്രേം പുളിച്ച തെറി ഞാനെന്റെ ജീവിതത്തിൽ കേട്ടിട്ടില്ല....
അതും പല വരെയ്റ്റി തെറി,..
കുറച്ചു കഴിഞ്ഞപ്പോൾ തെറി കേട്ടു ചെവി മൂടിയത് കൊണ്ടു ഒരാശ്വാസം ആയി,..

"എന്നാലും നീ കാണിച്ചത് ശെരിക്കും പോഴത്തരം ആയിപ്പോയി, നീ നിന്റെ ജീവിതോം കുളം തോണ്ടി ആഹ് കൊച്ചിന്റെ ജീവിതോം കുളം തോണ്ടി,..."

എല്ലാം കേട്ടു കഴിഞ്ഞു രാഹുല് മൊഴിഞ്ഞു, ഈ തെണ്ടിക്ക് കുറച്ചു മുന്നേ ഇടയിൽ കേറിയിരുന്നേൽ ആഹ് നാറിയുടെ തെറിക്ക് ഒരു ശമനം കിട്ടിയേനെ...പുറത്തു പറയാതെ ഞാൻ അതു വിഴുങ്ങി.

"അതെങ്ങനെ...വിനു വന്നാൽ അവളുടെ കാര്യം ഒക്കെ ആവില്ലേ, ഇതു എനിക്കും അവനും അവൾക്കും ഇപ്പൊ നിങ്ങൾക്കും അറിയാലോ, വെറും ഒരു തട്ടിക്കൂട്ട് കല്യാണം ആണെന്ന്,
അവൻ വരുന്നത് വരെ അവനു വേണ്ടി ഞാൻ ചെയ്യുന്ന ഒരു ഹെല്പ്..."

www.kkstories.com

"ഓഹ്...ഇതുപോലുള്ള മൈരൊക്കെ ഒപ്പിക്കും മുന്നേ നിനക്ക് ഞങ്ങളോടൊന്നു ചോദിക്കാരുന്നില്ലേ..."

"നട്ടപ്പാതിരയ്ക്ക് അടിച്ചു കോൺതെറ്റി ഇരിക്കുമ്പോൾ ഏതോ ഒരു മൂച്ചിന് തോന്നിയ തോന്നലിൽ ഇറങ്ങി പുറപ്പെട്ടതാ കൂടെ ആഹ്...!!!"

"അയ്യോ....!!"

പറഞ്ഞു വന്നപ്പോഴാ ഇന്നലെ കൂടെ ഉണ്ടായിരുന്ന ഒരു നാറിയുടെ കാര്യം പെട്ടെന്ന് ഓർമ വന്നത്.

"എന്താടാ....?"

"ഡാ ഇന്നലെ എന്റെ കൂടെ വന്നത് മനീഷാ...അടിച്ചു തിരിഞ്ഞിരുന്ന അവനാ ഇന്നലെ എന്നേം കൂട്ടി പോയത്...
രാത്രി അവന്റെ കാറിച്ച കേട്ടതെ കണ്ണും പൂട്ടി അവളുടെ കയ്യും പിടിച്ചു ഓടിയതെ ഓര്മ ഉള്ളൂ... നീ ഒന്ന് പോയി അന്വേഷിച്ചു വാ.."

"യേത് മനീഷ്....നമ്മടെ മനീഷാ....???"

www.kkstories.com

"പിന്നെ വേറെയേത് മനീഷാ ഉള്ളത്..."

"വെറുതെ അല്ലട പുല്ലേ ഇന്നലെ ആഹ് പ്രശ്നം മുഴുവൻ ഉണ്ടായി നീ ഇപ്പോൾ ഈ ഇരിപ്പ് ഇരിക്കുന്നത്.
അവന്റെ കഥ ഒന്നും നിനക്കറിയാഞ്ഞിട്ടാണോ മൈരെ...
ആനവാല് പറിച്ചു തരാൻ ഏതോ കുരുപ്പ് പറഞ്ഞതും കേട്ട് അടിച്ചു കിണ്ടിയായി ആനെടെ അണ്ടി പറിച്ചെടുക്കാൻ നോക്കിയ അവനേം കൊണ്ടല്ലേ മൈരെ ഇമ്മാതിരി പരിപാടിക്ക് പോണത്...
നിനക്ക് ജീവൻ തിരിച്ചു കിട്ടിയത് ഭാഗ്യം...."

ഇത്രേം നേരം മാറി ഇരുന്ന നുണയൻ ഒച്ച ഇട്ടു.

"അവനിപ്പോ വീട്ടിൽ കിടന്നു ഉറങ്ങണുണ്ടാവും....
വിളിച്ചു ചോദിച്ചാൽ ചിലപ്പോ നീ ആരാണെന്നു ചോദിക്കും,...ബെസ്റ്റ് മുതലിനെയും കൊണ്ടാ നീ ഇന്നലെ പോയത്..."

എല്ലാം കേട്ടു അണ്ടിപോയ അണ്ണാനെ പോലെ താടിക്കും കൊടുത്തിരിക്കാനെ എനിക് പറ്റിയുള്ളൂ.

"മൈര് ഇതൊക്കെ ആഹ് സ്റ്റാറ്റസ് ഉണ്ടാക്കി പറപ്പിക്കുന്ന ഊളന്മാരു അറിയുന്നുണ്ടോ ആവോ..."

എന്നെയും നോക്കി ഇരുന്ന അർജ്ജുൻ ചിരിച്ചോണ്ട് പറഞ്ഞു,
അവന്റെ വെടല ചിരി കാണുമ്പോൾ അറിയാം എന്തോ വലിയ ആപത്തു എന്നെ കാത്തു ഇരിപ്പുണ്ടെന്നു,
ഞാൻ അതേ ഭാവത്തോടെ നുണയനെ നോക്കി,
അവനും ഒരു വളിച്ച ചിരി ചിരിച്ചിട്ട് എന്നെ നോക്കി നിന്നു.

"കാര്യം പറയെടാ നാറി...നിന്നു തൊലിക്കാതെ..."

"ഈ കാര്യം പറയാനുള്ളതല്ല മോനൂസെ കാണിക്കാൻ ഉള്ളതല്ലേ...."

പറഞ്ഞിട്ട് അവൻ ഫോൺ എടുത്തു കുറച്ചു തോണ്ടിയിട്ട് എനിക്ക് നേരെ നീട്ടി കാണിച്ചു,.

www.kkstories.com

"പ്രിയമോടിതു ഞാൻ കരതാരിൽ
കരുതിയെരിയും മരുഭൂവിൽ
പല പാതകൾ താണ്ടുകയല്ലേ...
മെല്ലെ മെല്ലെ.....

ഒരു കാറ്റിലുമായ് കലരാതെ...
ഒരു വീർപ്പിലുമാർത്തുലയാതെ....

കരളേ കുളിരായ കിനാവേ....
നോവേ... തേനേ..."

"ഇതെന്ത് അണ്ടി...!!!

മൈര്...
ആഹ് പാട്ടിന്റെ കൂടെ എന്റെ കുറെ ഊമ്പിയ ഫോട്ടോസും സ്ലൈഡ് ഷോ പോലെ ഓടിച്ചു പൊയ്ക്കൊണ്ടിരുന്നു,....

ലാസ്റ് തൂമഞ്ഞേ മായല്ലേ വന്നപ്പോൾ ഞാൻ ദേ ഇടികൊണ്ടു ചളുങ്ങിയ മൂക്കും പഴുത്തു ചുവന്ന കണ്ണുമായി കഴുത്തിൽ മാലയുമിട്ട് കെട്ടും കഴിഞ്ഞു നിക്കുന്നു.

"ആരാടാ ഈ അവരാതമൊക്കെ പടച്ചു വിട്ടത്..."

"ഇവിടുള്ള ഏതോ ചാവാലി പിള്ളേരാ..."

"ഇന്നലെ രാത്രി കള്ളും മോന്തിപ്പോയ നിന്നെ പിന്നെ ഞങ്ങള് കാണുന്നത് ഉച്ചക്ക് ഈ പരുവത്തിലാ...പിന്നെ നാട് മുഴുവൻ കറങ്ങി നടക്കുന്ന ആഹ് സ്റ്റാറ്റസും...
പിന്നെ ഞങ്ങൾക്ക് പൊളിയില്ലേ...ഇന്ന് വരെ ഒരു ലൈൻ പോലും നിനക്കുണ്ടെന്നു നീ ഞങ്ങളോട് പറഞ്ഞിട്ടില്ല ആഹ് നീ ഉച്ച കഴിഞ്ഞു ആരോടും പറയാതെ ഒളിച്ചോടി കല്യാണം കഴിച്ചെന്നു കേൾക്കുമ്പോൾ ഞങ്ങൾക്ക് പിന്നെ എന്ത് തോന്നും..."

എന്റെ തലയിൽ അവസാനത്തെ ആണിയും കൂടി തറച്ച ആഹ് ഊള സ്റ്റാറ്റസ് കണ്ടതോടെ ഇന്നത്തെക്കുള്ള വയറു നിറഞ്ഞു,...

"അപ്പൊ ഞാൻ വട്ടത്തിൽ ഊമ്പി അല്ലെടാ..."

www.kkstories.com

ഞാൻ രണ്ടിനെയും മാറി മാറി നോക്കി.

"ഏറെക്കുറെ...😁😁😁"

ഇളിഞ്ഞ ചിരിയുമായി രണ്ടും കൊറസ് പാടി.

"നീയൊന്നും വരുന്നില്ലെടാ..."

ഞാൻ പതിയെ എഴുന്നേറ്റു ഇനിയിപ്പോ വീട്ടിൽ പോയി മുറിയടച്ചു ഒരു രണ്ടു ദിവസം ഇരിക്കാം, ഈ പൂരം ഒന്നു ഇറങ്ങട്ടെ എന്നു വിചാരിച്ചു.

"എങ്ങോട്ടു... വീട്ടിലേക്ക് ഞങ്ങൾ ഒന്നും ഇല്ല...ഒന്നാമതെ നല്ല ഒന്നാന്തരം പണി ഒപ്പിച്ചല്ലേ നീ വന്നത്, ഇനി ഞങ്ങളെക്കൂടി കൊണ്ടോയി തെറി കേൾപ്പിക്കാഞ്ഞിട്ടാവും, മക്കള് ഒറ്റയ്ക്കങ് പോയേച്ചാൽ മതി."

അവന്മാര് ഇളിച്ചോണ്ടു പറഞ്ഞതും ഞാൻ പിന്നെ ബൈക്കും എടുത്തു ഇറങ്ങി, തിരിച്ചു പോരും വഴി ഓരോരുത്തന്മാരു നോക്കുന്നുണ്ട്, കണ്ണും പൂട്ടി വണ്ടി ഓടിക്കാൻ പറ്റിയിരുന്നേൽ...

ആലോചിച്ചു മുൻപോട്ടു പോവുമ്പോൾ ആയിരുന്നു ഒരു തുണിക്കട കഴിഞ്ഞു പോയത്, അപ്പോഴാണ് വീട്ടിൽ അവൾക്കിടാൻ വേറെ ഉടുപ്പൊന്നും ഇല്ലാത്ത കാര്യം ഓർമ വന്നത്,
വണ്ടി തിരിച്ചു ആഹ് തുണിക്കടയിൽ കയറാൻ ഒന്നു ചിന്തിച്ചു, പിന്നെ ഞാൻ കയറിയാൽ, അറിയാവുന്ന ഏതേലും ഊളകൾ വന്നു ഇടയ്ക്ക് കയറും,
അതോണ്ട് തന്നെ ഞാൻ വണ്ടി തിരിച്ചു ടൗണിലേക്ക് വിട്ടു,
പോകുന്ന വഴിയിൽ ഇടയ്ക്കെല്ലാം അവൾ ഉള്ളിൽ വന്നു, ഞാൻ താലികെട്ടിയ പെണ്ണ്,
ഉള്ളിൽ ആലോചിക്കുമ്പോൾ എവിടുന്നോ ഒരു ചെറിയ തണുപ്പ് കയറി വരുന്ന പോലെ...
ഒന്നു നേരാം വണ്ണം ഒന്നു മിണ്ടിയിട്ടു പോലും ഇല്ല...എന്തിനു കണ്ടിട്ടു പോലുമില്ല...
ആള് വെറും പാവം ആണെന്ന് തോന്നുന്നു...
ഓരോ ചിന്തകളിൽ കാടുകയറുമ്പോൾ വിളി വന്നു.
ചേട്ടാ....!

വേറാരുമല്ല എന്റെ അനിയൻ തെണ്ടി മുന്നിൽ നിന്നു മോങ്ങുന്ന പടം.
അതോടെ ഓരോ അർത്ഥമില്ലാത്ത സ്വപ്നങ്ങൾക്ക് വിരാമം ഇട്ടുകൊണ്ടു ബൈക്കിന്റെ ആക്സിലേറ്റർ ഞാൻ തിരിച്ചു വച്ചു,....
****
www.kkstories.com

എ ടി എം ഇൽ നിന്ന് എന്റെ കുഞ്ഞു കൂട്ടലിൽ നിന്നു കുറച്ചു കാശും വലിച്ചു, ഒരു തുണിക്കടയിൽ കയറി പെണ്ണുങ്ങളുടെ സെക്ഷനിൽ നിക്കുമ്പോൾ ആകെ കിളിപോയ അവസ്ഥ ആയിരുന്നു.
എന്താ വാങ്ങേണ്ടേ എന്നും അറിയില്ല,
വായും പൊളിച്ചു ഒരു ചുക്കും അറിയാതെ നിക്കുന്ന എന്നെ കണ്ടിട്ടാവും അവിടുത്തെ ഒരു പെങ്കൊച്ചു വന്നു ചോദിച്ചു.

"എന്താ ചേട്ടാ വേണ്ടേ....ഇതു വിമൻസ് സെക്ഷൻ ആണ്..."

"അത്...വീട്ടിൽ ഇടാൻ പറ്റുന്ന ഡ്രസ് ഏതേലും...."

"ആർക്കാ..."

"ഭാര്യയ്ക്കാ..."

പെട്ടെന്ന് വായിൽ വന്നത് പറഞ്ഞെങ്കിലും പിന്നെ അപ്പുറോം ഇപ്പുറോം ആരേലും ഉണ്ടോ എന്ന് ഒന്നു ചുറ്റി നോക്കി.

"ആൾക്ക് എത്ര വയസ്സ് കാണും...."

എന്റെ മുന്നിൽ നടന്നു തുടങ്ങിയ അവളുടെ പിന്നാലെ ഞാനും നടന്നു,
മുറുക്കി ഉടുത്ത സാരിയിൽ ഇടം വലം നടത്തത്തിൽ തെന്നിത്തെറിക്കുന്ന ആകൃതിയൊത്ത ചന്തിയും ഇടയ്ക്കിടെ നോക്കി നടന്ന ഞാൻ അത് കേട്ടില്ല..."

"ചേട്ടോ...ഭാര്യയ്ക്ക് എത്ര വയസ്സ് കാണുമെന്ന്..."

പെട്ടെന്ന് എന്റെ നേരെ തിരിഞ്ഞു എന്നോട് ചോദിച്ച അവളുടെ കണ്ണിൽ ഒരു കുസൃതി ചിരി ഉണ്ടായിരുന്നു.

"ഒരു ഇരുപത്തിമൂന്ന് ഇരുപത്തിനാലു കാണുമായിരിക്കും..."

"ആഹ് ബെസ്റ്റ്..."

അവൾ എന്നെയും കൂട്ടി ഒരു ഡെസ്കിന് അടുത്തെത്തി.

"സൈസ് എത്രയാ..."

www.kkstories.com

വീണ്ടും ചോദ്യം..ഇവർക്കിതു എന്തേലുമൊക്കെ എടുത്തങ്ങ് തന്നാൽ പോരെ...
ഞാൻ വീണ്ടും ആലോചിക്കുന്നത് കണ്ട അവൾ കണ്ണു കൂർപ്പിച്ചു.

"എന്തേ സൈസും അറിയില്ലേ..."

അവളുടെ ചോദ്യത്തിൽ പരിഹാസം.

"തന്റെ സൈസ് കാണും..."

ഞാൻ കണ്ണും പൂട്ടി പറഞ്ഞു,...
ഈശ്വര കറക്ട ആയിരിക്കണേ...
ഒന്നു പ്രാർത്ഥിച്ചു, പെണ്ണ് ചുണ്ടൊന്നു കോട്ടി തിരിഞ്ഞു ഷെൽഫിലെ ഓരോന്നായിട്ട് എടുത്തു ഡെസ്കിലേക്കിട്ടു.
ഞാൻ കുറച്ചു ബനിയനും രണ്ടു മൂന്നു ഫുൾ ലോങ് പാവാടയും എടുത്തു നോക്കി വെച്ചു, അധികം വിലയില്ലാത്തത് നോക്കിയാണ് എടുത്തത്,
ഇലസ്റ്റിക് ഉള്ള രണ്ടു മൂന്നു കട്ടികുറഞ്ഞ തുണിയുടെ പാന്റും എടുത്തു,

"ഇനി ഇന്നർ നോക്കണ്ടേ..."

പെണ്ണിന്റെ കൂർത്ത നോട്ടവും ചിരിയും വീണ്ടും,

"അതും എന്റെ തന്നെ മതിയോ..."

നെഞ്ചിലെ മുഴുപ്പ് ഒന്നു കൂടി തള്ളിപ്പിടിച്ചു ചോദിച്ച അവളുടെ കണ്ണിൽ കുറുമ്പ് കണ്ടതും.
അറിയാതെ ആഹ് മുലകളിൽ നോക്കി തലയാട്ടി പോയി,.
തിരിഞ്ഞു നിന്നു കവറുകൾ എടുക്കുന്ന അവളുടെ പിന്നാമ്പുറം കണ്ടപ്പോൾ ഇവളുടേത് കേറുമോ എന്നുള്ള സംശയം ബാക്കി ആയിരുന്നു.

****
തിരിച്ചു വീട്ടിൽ ചെന്ന് കയറുമ്പോൾ ഹാളിൽ അച്ഛനെയും അമ്മയെയും കണ്ടു, സോഫയിൽ കിടക്കുന്ന അച്ഛന്റെ കാലു മടിയിൽ വച്ചു കുഴമ്പിൽ ഉഴിയുകയായിരുന്നു അമ്മ,
കയറി ചെന്നതെ ഞാൻ രണ്ടു പേരെയും നോക്കി ചിരിക്കാൻ ശ്രെമിച്ചെങ്കിലും,
രണ്ടു പേരും ഞാൻ എന്ന ഒരാൾ അവിടെ ഉള്ള ഭാവം പോലും കാണിച്ചില്ല,
അവർക്കും നാട്ടുകാർക്കും മുന്നിൽ ഇപ്പൊ ഞാൻ ആണല്ലോ തെറ്റുകാരൻ,...
തിരുത്താൻ ആഗ്രഹമുണ്ടായിരുന്നിട്ടും കൊടുത്ത വാക്കിനു പുറത്തു ഒന്നും പറയാൻ കഴിയാതെ കുറ്റമേറ്റവനെ പോലെ ഞാൻ മുകളിലേക്ക് നടന്നു കയറി,

മനസ്സ് കൈ വിട്ട അവസ്ഥയിൽ ആയിരുന്നു, നേരെ എന്നത്തേയും പോലെ മുറിയുടെ വാതിൽ തള്ളിത്തുറന്നു അകത്തു കയറിയപ്പോൾ, പെട്ടെന്ന് ഞെട്ടി കട്ടിലിൽ നിന്നു ചാടി എഴുന്നേറ്റു കണ്ണും തുടച്ചു അവൾ എന്നെ നോക്കി,
അപ്പോഴാണ് അങ്ങനെ ഒരാളുടെ കാര്യം പെട്ടെന്ന് ഓർമ വന്നത്,
ജാള്യതയോടെ കവർ മേശപ്പുറത്തേക്ക് വച്ചു ഞാൻ നിന്നു.

"അത്യാവശ്യം വേണ്ട ഉടുപ്പൊക്കെ ഉണ്ട്, പാകം ആകുവോന്നു അറിയില്ല...
പറ്റിയില്ലേൽ വേറെ വാങ്ങാം..."

പറഞ്ഞിട്ട് ഞാൻ നീങ്ങാൻ തുടങ്ങുമ്പോൾ അവൾ ഫോൺ എനിക്ക് നേരെ നീട്ടി,
ഞാൻ കണ്ണുയർത്തിയപ്പോൾ,

"വിനുവാ...."

അതോടെ ഞാൻ കയ്യിൽ നിന്നും ഫോൺ വാങ്ങി പുറത്തേക്കിറങ്ങി.

"ചേട്ടാ...ചേട്ടൻ വീട്ടിൽ ഒന്നും പറഞ്ഞിട്ടില്ലല്ലോ..."

എടുത്ത പാടെ തെണ്ടി ചോദിച്ചത് അതാണ്.

"ഇപ്പൊ ഇല്ല...എടാ വീട്ടിൽ എങ്കിലും പറയാം, എനിക്ക് ഇവിടെ നിന്നിട്ട് ആകെ വട്ടുപിടിക്കുവാ...അച്ഛനും അമ്മേം എന്നെ ഒരുമാതിരി വില്ലനെ പോലെയാ നോക്കണേ, എന്റെ ഇപ്പോഴുള്ള അവസ്ഥ നിനക്കറിയാവുന്നതല്ലേ...അതിനിടയിൽക്കൂടെ ഇതും..."

"ചേട്ടാ...പ്ലീസ് ഞാൻ വരുന്നത് വരെ ഒന്നു അഡ്ജസ്റ്റ് ചെയ്താൽ മതി,....പ്ലീസ്...
ചേട്ടന് ഞാൻ വരുമ്പോൾ ഇവിടൊരു ജോലിയും സെറ്റ് ആക്കി തരാം..."

അവന്റെ കരച്ചില് കണ്ടിട്ടൊന്നും അല്ല, ഒരു ജോലി എന്നു കേട്ടപ്പോൾ ഇത്ര നാളും കേട്ട പുച്ഛവും തെറിയും ഒക്കെ ഒഴിഞ്ഞു പോവും എന്ന തോന്നലിൽ ഞാൻ വീണ്ടും മുന്നിയടിച്ചു വീണു.

"ചേട്ടാ...അവളെ നോക്കിക്കോണേ...ആള് പാവം ആണ്..."

www.kkstories.com

വെക്കാൻ നേരം അവൻ പറഞ്ഞു,
ഒന്നു മൂളിയിട്ട് ഞാൻ ഫോൺ വെച്ചു,
അപ്പോ ഇനി ഒരു കൊല്ലം കൂടി ഈ ആട്ടും തുപ്പും സഹിക്കണം എന്നു മനസ്സിൽ ഉറപ്പിച്ചു,തിരികെ റൂമിലേക്ക് നടന്നു.
റൂമിൽ അവൾ അപ്പോഴേക്കും അതിൽ നിന്നൊരു ലോങ്ങ് പാവാടയും ബനിയനും എടുത്തിട്ടിരുന്നു,
ഫോൺ ഞാൻ അവൾക്ക് നീട്ടി,

"എന്തേലും കഴിച്ചോ..."

"ഉം....അമ്മ വിളിച്ചിരുന്നു മുന്നേ...ഏട്ടൻ വരാൻ വൈകും അതുകൊണ്ടു നേരത്തെ കഴിച്ചോളാൻ പറഞ്ഞപ്പോൾ...."

അവൾ പാതിയിൽ നിർത്തി തല കുനിച്ചു,...
ഹോ ഭാഗ്യം അപ്പൊ എന്നോട് മാത്രേ രണ്ടു പേർക്കും വഴക്കുള്ളൂ എന്നു മനസ്സിലായി,

താഴെപ്പോയി എന്തേലും കഴിക്കണം എന്നുണ്ട് പക്ഷെ ഈ അവസ്ഥയിൽ അതു കുറച്ചു റിസ്ക് ആണെന്ന് മനസിലായതോടെ അതങ്ങു ഉപേക്ഷിച്ചു, അത്താഴം ഇന്നത്തേക്ക് വായു ആക്കാൻ തീരുമാനിച്ചു,.

"ഏട്ടൻ കഴിച്ചോ...!"

നനുത്തതെങ്കിലും ഉള്ളു തുളയ്ക്കുന്ന ശബ്ദം,..
ഞാൻ ഒന്ന് തലയാട്ടി,

"ഡ്രെസ്സ് ഒക്കെ പാകമാണോ, കൃത്യമായിട്ട് അറിയാത്തത് കൊണ്ടു അവിടുത്തെ ഒരു പെണ്ണ് നോക്കി എടുത്തതാ..."

"ഉം....പാന്റ് കുറച്ചു ടൈറ് ആഹ്..."

"സാരമില്ല വേറെ വാങ്ങാം..."

രാവിലെ കണ്ട അഹങ്കാരി ഇപ്പൊ പൂച്ചകുട്ടി ആയതിൽ എനിക്ക് തെല്ലൊരു അത്ഭുതം തോന്നാതിരുന്നില്ല.....
ഷവറിൽ നിൽക്കുമ്പോൾ ഇന്ന് നടന്ന കാര്യങ്ങൾ ഒക്കെ ഞാൻ ആലോചിച്ചു, നോക്കി...കൂടുതൽ ആലോചിക്കും തോറും വട്ടു പിടിക്കാൻ തുടങ്ങി, അതോടെ അതങ്ങു നിർത്തി.

ഞാൻ ബാത്റൂമിൽ നിന്നിറങ്ങി, ഇനി കിടന്നൊന്നു ഉറങ്ങണം നല്ല ക്ഷീണമുണ്ട്,
മുഖവും കഴുകി പുറത്തേക്കിറങ്ങുമ്പോൾ അവൾ കട്ടിലിന്റെ ഒരു മൂലയിൽ പരുങ്ങി നിൽക്കുന്നുണ്ട്,
കാര്യം എനിക്ക് മനസ്സിലായതുകൊണ്ട് ഞാൻ കട്ടിലിനു താഴെ വെച്ചിരുന്ന പനംപായ എടുത്തു നിലത്തു വിരിച്ചു,ഒരു ഷീറ്റും എന്റെ പുതപ്പും കട്ടിലിൽ നിന്നു തലയിണയും എടുത്തു നിലത്തേക്കിരുന്നു,

"അയ്യോ...ഞാൻ, ഞാൻ താഴെ കിടന്നോളാം..."

മുകളിൽ നിന്ന് പരിഭവത്തോടെയുള്ള സ്വരം,.

"ഏയ്...എനിക്കിതൊക്കെ ശീലം ഉള്ളതാ....താൻ കിടന്നോ ഗുഡ് നയ്റ്..."

ഒരു വർഷം കഴിഞ്ഞുള്ള പുതു ജീവിതം സ്വപ്നം കണ്ടു, ഞാൻ പായയിലേക്ക് ചുരുണ്ടു.

www.kkstories.com

പിറ്റേന്ന് വെളുപ്പിനെ തന്നെ എഴുന്നേറ്റു,
ഈ വെളുപ്പിനെ എന്നു പറയുമ്പോൾ സൂര്യൻ ഉദിക്കുന്നതിനു മുന്നേ എഴുന്നേൽക്കേണ്ടി വന്നു, രാവിലെ എഴുന്നേറ്റ് പരിചയമില്ലാത്തത് കൊണ്ടു ഇനി എന്റെ ബോഡിക്ക് എന്തേലും പറ്റുവോ എന്തോ,
ഓരോന്നു ആലോചിച്ചു പായയിൽ നിന്നു തല കുത്തി പൊങ്ങി,
ഉറക്കം ഒന്നും ശെരി ആയിട്ടില്ല,
വലിയ ഷോ കാണിച്ചു നിലത്തു കിടന്നു ഉറങ്ങണ്ടായിരുന്നു..
പക്ഷെ കട്ടിലിലേക്ക് നോക്കിയതോടെ വിഷമം മുഴുവൻ മാറി,
അവിടെ ഒരു തലയിണയും കെട്ടിപ്പിടിച്ചു ഒന്നുമറിയാതെ പൂച്ചക്കുട്ടിയെ പോലെ ഉറങ്ങുകയായിരുന്നു അവൾ,
പുറത്തു സൂര്യൻ ഇല്ലെങ്കിലും വെളിച്ചം പരന്നിട്ടുണ്ട്,
ജനലിലൂടെയുള്ള വെളിച്ചത്തിൽ അവളുടെ നിഷ്കളങ്കമായ ഉറക്കം ഞാൻ നോക്കി നിന്നുപോയി,
ചുണ്ടൽപ്പം കൂർപ്പിച്ചു ആരോടോ പരാതി പറയും പോലെ,
ഇരു നിറം ആണ് അവൾക്ക്,...
എന്നിട്ടും എന്തോ പിടിച്ചുലയ്ക്കുന്ന ഐശ്വര്യം,...
പീലി തിങ്ങിയ കണ്ണിമകൾക്ക് എന്തൊരു ഭാരം ആയിരിക്കുമോ എന്തോ,
ഒരു വശം ചെരിഞ്ഞു അലസമായി ഉറങ്ങുന്ന പെണ്ണ്,...
ആദ്യമായി എനിക്കുള്ളിൽ മോഹം തോന്നി, ശെരിക്കും ഇവൾ എന്റെ ഭാര്യ ആയിരുന്നെങ്കിൽ,...
ഒരു നിമിഷം മുഴുവനും എടുത്തു ഞാൻ അവളെ നോക്കി നിന്നു,
ഒരു ഞരക്കം വിട്ടു തിരിഞ്ഞു കിടന്ന അവളെ നോക്കി ഞെട്ടി ഞാൻ എഴുന്നേറ്റു,
ആദ്യം എനിക്ക് എന്നോട് തന്നെ തോന്നിയത് പുച്ഛം ആയിരുന്നു, പിന്നെ വെറുപ്പും,
മറ്റൊരാളെ മനസ്സിൽ നിറച്ചു ജീവിക്കുന്ന പെണ്ണ്, അവന്റെ കൂടെ ജീവിക്കാൻ ഇറങ്ങി പുറപ്പെട്ട പെണ്കുട്ടിയെ പറ്റി അങ്ങനെ ചിന്തിക്കുന്നതിൽ എനിക്ക് തന്നെ എന്തോ പോലെ തോന്നി,
അതും സ്വന്തം അനിയന്റെ പെണ്ണിനെക്കുറിച്ചു കൂടി അങ്ങനെ ചിന്തിച്ചെന്നോർത്തപ്പോൾ,
പിന്നെ നിൽക്കാൻ പോലും തോന്നിയില്ല,
ബാത്റൂമിൽ കയറി ആഹ് ചിന്തകൾ എല്ലാം തലയിൽ നിന്നൊഴുക്കി കളയാൻ തലയിലൂടെ വെള്ളം കുറെ കോരിയൊഴിച്ചു,.
ഒന്നു തണുത്തു കിട്ടിയപ്പോൾ, കുറച്ചു ആശ്വാസമായി അതോടെ കുളിച്ചിറങ്ങി,...
ഞാൻ ഇറങ്ങുമ്പോഴും അവൾ ഉറക്കമായിരുന്നു,
മുടിയും ചീവി താഴേക്ക് ഇറങ്ങി ചെന്നു പെട്ടത് അമ്മയുടെ മുന്നിൽ,

www.kksstories.com

ഒരു വിചിത്ര ജീവിയെ പോലെ എന്നെ നോക്കുന്ന അമ്മയെ കണ്ടപ്പോൾ എനിക്കും ഒരു നാണം തോന്നാതിരുന്നില്ല,...
അമ്മ കാലങ്ങൾക്ക് ശേഷം ഇന്നാവും എന്നെ ഈ സമയം ഇങ്ങനെ കാണുന്നത്,
ഇളഭ്യനായി ഒരു ചിരിയും ചിരിച്ചു ഞാൻ അമ്മയ്ക്ക് പിന്നെ മുഖം കൊടുക്കാതെ താഴേക്ക് ഇറങ്ങി,
സൂര്യൻ വന്നു സലാം പറഞ്ഞിട്ടുണ്ട്, മൂപ്പരുടെ ജോലിയും തുടങ്ങിയിട്ടുണ്ട്,...
മുറ്റത്ത് മഞ്ഞിന്റെ ചെറു നനവ്,
അന്തരീക്ഷത്തിലും ആഹ് ചെറിയ തണുപ്പിന്റെ തുള്ളികൾ,
ഒന്നിറങ്ങി ഞാൻ നടന്നു,
കയ്യിലും മുഖത്തും എല്ലാം ആഹ് നനവ് തട്ടുമ്പോൾ വല്ലാത്ത സുഖം,
സൂര്യന്റെ ചെറുചൂടുള്ള നാമ്പുകൾ ദേഹത്തെ പൊതിയുമ്പോൾ വല്ലാത്ത ഉണർവ്വ്,...
തോട്ടത്തിലൂടെ ശ്വാസം നീട്ടിയെടുത്തു ഞാൻ പതിയെ നടന്നു,
കഴിഞ്ഞു പോയ യാത്രകളോ വരാനിരിക്കുന്ന ദിവസങ്ങളോ ഒന്നും മനസ്സിലില്ല, കയ്യിലുള്ള ഈ നിമിഷം മാത്രം.
വല്ലാത്ത ഒരു ഫീൽ...
അകലത്തെ അമ്പലത്തിൽ നിന്നു ഉച്ചത്തിൽ വെച്ചിരിക്കുന്ന ദേവി സ്തുതികൾ കാതിൽ വീഴുന്നുണ്ട്,
തോപ്പിലെ കുഴിയും ചെറു ഉയർച്ചയും താണ്ടി ഒന്നു നിന്നു കൈ വിരിച്ചു പിടിച്ചു,
പകലിന്റെ സുഖം മുഴുവൻ ഞാൻ ഒന്ന് ആവാഹിച്ചു ഉള്ളിലേക്കെടുത്തു.

പിന്നെ ചെറിയ ഒരു പുഞ്ചിരിയോടെ തിരികെ വീട്ടിലേക്ക് നടന്നു,
തോപ്പിന്റെ അതിര് കടന്നതും അച്ഛനും അമ്മയും എന്നെയും നോക്കി കണ്ണും തള്ളി നിക്കുന്നു.

"ഇനി എന്താണാവോ...."

എന്നാലോചിച്ചു ഞാൻ അവരുടെ അടുത്തുകൂടെ കടന്നു പോവാൻ ഒരുങ്ങി,.

"ഡാ...."

അച്ഛന്റെ വിളി, എന്തു പറയാൻ ആണെന്ന് ഏകദേശം ഒരൂഹം ഉള്ളതുകൊണ്ട് തിരിഞ്ഞു,

"നിനക്ക്....നിനക്ക്....അവിടുന്നു തല്ലു കിട്ടി എന്ന് അവര് പറഞ്ഞു,...നിനക്ക് തലയ്ക്ക് എന്തെങ്കിലും കുഴപ്പം ഉള്ളതായിട്ട് തോന്നുന്നുണ്ടോ...
എന്തേലും പെരുപ്പോ....മൂളലോ മറ്റോ..."

www.kkstories.com

അറച്ചറച്ചാണ് അച്ഛൻ ചോദിച്ചത്,...
ഇപ്പ എങ്ങനെ ഇരിക്കണ്, രാവിലെ പ്രകൃതി സൗന്ദര്യം ഒന്നാസ്വദിക്കാൻ ഇറങ്ങിയ ഞാൻ ഒറ്റ സെക്കന്റ് കൊണ്ടല്ലേ വട്ടനായത്,

"എനിക്ക് കുഴപ്പൊന്നുമില്ല അച്ഛാ....ഞാൻ ചുമ്മ ഒന്നു നടക്കാൻ..."

പറഞ്ഞൊപ്പിച്ചു എങ്ങനെലും ഊരാനായി ഞാൻ പതിയെ നടന്നു,

"വിവി...."

അച്ഛന്റെ പണ്ടുള്ള വിളി ആയിരുന്നു, ഞാൻ ഒത്തിരി മിസ് ചെയ്ത വിളി,
തിരിഞ്ഞു നിന്ന എന്റെ മുന്നിൽ അങ്ങേരു നിന്നു,

"നമുക്കൊന്നു നടക്കാടാ...വാ..."

എന്റെ മുന്നിലൂടെ അതും പറഞ്ഞു പതിയെ നടന്ന അച്ഛന്റെ പിന്നാലെ ഞാനും കൂടി,

www.kkstories.com

"ആഹ് കൊച്ചിന്റെ പേരെന്താടാ...."

നടക്കുന്നതിനിടയിൽ അച്ഛൻ ചോദിച്ചു.

"ശരണ്യ..."

"ഉം.....
.....പെട്ടെന്ന് നീ ഇന്നലെ ഒരു പെണ്ണിനേം വിളിച്ചു വീട്ടിൽ വന്നപ്പോൾ ഉൾകൊള്ളാൻ പറ്റിയില്ല,...നിന്റെ ജീവിതോം നിന്റെ കാര്യോം ഒന്നും ഓർക്കാഞ്ഞിട്ടല്ലട,....നിനക്ക് തന്നെ അറിയാലോ...."

"അച്ഛാ ഞാൻ...."

പറയാൻ വന്നപ്പോൾ അച്ഛൻ കൈ പൊക്കി തടഞ്ഞു,...

"സാരമില്ല....കണ്ടിട്ട് പാവം കുട്ടിയാണ് എന്നു തോന്നുന്നു...
വിശ്വസിച്ചു കൂടെ പോന്നതാ...
കരയിക്കരുത്....പോകാൻ വേറെ ഇടം ഒന്നുമില്ല,....മനസ്സിലുണ്ടാവണം..."

അച്ഛൻ പറഞ്ഞു, പിന്നെ തിരികെ നടന്നു,
എല്ലാം കേട്ടു നടക്കുമ്പോൾ പല പ്രാവിശ്യം എല്ലാം പറയണം എന്നുണ്ടായിരുന്നു,
പക്ഷെ, എന്തോ പറ്റിയില്ല...
തിരികെ നടന്നു ഉമ്മറത്തേക്ക് കയറി,
ചുമ്മ ഓരോന്നു ആലോചിച്ചു മുറ്റവും വഴിയും നോക്കി ഇരുന്നു.

"ഏട്ടാ....ചായ..."

കിളിയുടെ കൊഞ്ചൽ, തല തിരിച്ചു നോക്കിയപ്പോൾ അവൾ, കുളിച്ചു ഉടുപ്പ് മാറിയിട്ടുണ്ട്, കയ്യിൽ നീട്ടിപിടിച്ച ചായ,
ഞാൻ വാങ്ങിച്ചു,

"താൻ കുടിച്ചോ....?"

"ഉം..."

ഒരു കുട്ടിയെ പോലെ തലയാട്ടി മൂളി.

www.kkstories.com

"അമ്മ എന്തേലും പറഞ്ഞോ...?"

"പേരെന്താ, വീടെവിടെയാ, എന്നൊക്കെ ചോദിച്ചു..."

അപ്പോഴാണ് എനിക്കും ഇവളെക്കുറിച്ചു കൂടുതലൊന്നും അറിയില്ലാത്ത കാര്യം ഓർത്തത്,...
ഇനി മുന്നോട്ടു പോണെങ്കിൽ ഇവളെക്കുറിച്ചു ഞാനും എന്നെക്കുറിച്ചു ഇവളും അറിഞ്ഞിരിക്കണമല്ലോ,...

ഞാൻ ചായ കുടിച്ചു അവളെയും കൂട്ടി മുറിയിൽ എത്തി,...

അര മണിക്കൂർ എടുത്തു അവളെ കുറിച്ചു അത്യാവശ്യം അറിയേണ്ട കുറച്ചു കാര്യങ്ങൾ ഒക്കെ അറിഞ്ഞു വെച്ചു.
എന്നെക്കുറിച്ചും കുറച്ചൊക്കെ പറഞ്ഞു കൊടുത്തു,
ശരണ്യ, ശരണ്യ വാസുദേവ് അതാണ് മുഴുവൻ പേര്,
ഒരനിയത്തി ഉണ്ട് പിന്നെ അമ്മ, അച്ഛന് ചെറിയ രീതിയിൽ ബിസ്സിനെസ്സും പിന്നെ കുറച്ചു നല്ല രീതിയിൽ രാഷ്ട്രീയവും, INSP യിൽ മണ്ഡലം സെക്രെട്ടറിയോ പ്രെസിഡന്റോ ഏതാണ്ടാ...

വെറുതെ അല്ല RDP തെണ്ടികൾക്ക് ഇത്ര ഉത്സാഹം,...
ആള് ഡിഗ്രി കഴിഞ്ഞു ഏതോ ഇൻസ്റ്റിറ്റിട്യൂട്ടിൽ ഇപ്പൊ ബാങ്ക് കോച്ചിങ്ങിന് പോവുന്നുണ്ട്,...
എന്റെ അനിയൻ തെണ്ടി ഏതോ കൂട്ടുകാരന്റെ കല്യാണത്തിന് പോയപ്പോൾ അവിടുന്നു കണ്ടു ഇഷ്ടപ്പെട്ടു എഫ് ബി യിലൂടെ റിക്വസ്റ്റും പിന്നെ ചാറ്റിയും,
ഒക്കെ വീഴ്ത്തിയെടുത്തതാണ് പാവത്തിനെ.
അവളും ഇപ്പോൾ ഏറെക്കുറെ ഈ സഹചര്യത്തോട് പൊരുത്തപ്പെടാൻ തുടങ്ങിയിട്ടുണ്ട്,...ആദ്യം എന്നെ കാണിച്ച കലിപ്പ് ഒന്നുമില്ല...

രണ്ടു ദിവസം എന്തായാലും വീട്ടിൽ തന്നെ ഇരിക്കാൻ തീരുമാനിച്ചു, ഇപ്പോഴുള്ള കെട്ടും ബഹളോം അടങ്ങാത്ത പുറത്തേക്കിറങ്ങിയാൽ ഇതിലും വലിയ ചമ്മൽ ആയിരിക്കും എന്നോർത്തപ്പോൾ പിന്നെ അതങ്ങു തീരുമാനിച്ചു,...
ഇടയ്ക്ക് പുതുപ്പെണ്ണിനെ കാണാൻ അയലത്തുള്ളവരും അകന്ന ബന്ധുക്കളും വരുമ്പോൾ, ആദ്യത്തെ ലെവൽ കളിയാക്കലിന് ഇളിച്ചു നിന്നു കൊടുത്തിട്ട് മുങ്ങുന്നത് എന്റെ പതിവായി,
ഏറ്റവും അടുത്ത ബന്ധുക്കൾ ആരും തിരിഞ്ഞു നോക്കിയില്ല,...
വീട്ടിൽ പുതിയ പെണ്ണ് കയറിയത് നേരിട്ടു വന്നു പറഞ്ഞില്ല, എന്നൊക്കെ ഓരോ ഊമ്പിയ ചിന്താഗതിയും വെച്ചോണ്ടിരിക്കുന്ന കുറെ മലരുകൾ, പിന്നെ പതിനെട്ടുകൂട്ടം കറിയും കൂട്ടി സദ്യ ആയിരുന്നല്ലോ നടന്നത് എല്ലാവരെയും വിളിച്ചു പറഞ്ഞു ഒളിച്ചോടാൻ,...
www.kkstories.com
വരാത്തവരൊന്നും വരണ്ടെന്നു ഞാനും അങ്ങു കരുതി,...
അങ്ങനെ രണ്ടാം ദിവസം ഇരുട്ടി തുടങ്ങി, വീട്ടിൽ തെക്കേലെ പിള്ളച്ചേട്ടനും ഭാര്യയും ശരണ്യയെ കാണാൻ വന്നിട്ടുണ്ട്,...
അങ്ങേരുടെ ബോംബ് കഥയും സഹിച്ചു കുറച്ചു നേരം ഞാൻ ഇരുന്നു കൊടുത്തു,
എന്തോ ഭാഗ്യത്തിന് നെവ്വർക്ക് കാരു വിളിച്ചത് കൃത്യ സമയത്തായതുകൊണ്ടു ഫോണും എടുത്തു എന്റെ ആത്മാർഥ സുഹൃത്താക്കി ഞാൻ പുറത്തു ചാടി നേരെ വാഴ തോപ്പിൽ കയറി,
കുറച്ചു നേരം അവിടേം ഇവിടേം തപ്പി നിന്നെങ്കിലും വീട്ടിൽ നിന്ന് പിള്ളച്ചേട്ടൻ ഇറങ്ങാനുള്ള സന്മനസ്സൊന്നും കാണിക്കാത്തതുകൊണ്ടു ഞാൻ പിന്നേം വാഴത്തോപ്പിൽ തന്നെ കുത്തിയിരുന്നു,

"ശൂ... ഡാ....ഡാ... പൊട്ടാ...."

നീട്ടിയുള്ള വിളി ആദ്യം കേട്ടപ്പോൾ ഒന്നു ഞെട്ടി.
ഒന്നു തിരിഞ്ഞും പിരിഞ്ഞും നോക്കിയപ്പോൾ, ദേ അവൻ....
എന്നെ ഇവിടെ വരെ എത്തിച്ച തെണ്ടി
മനീഷ്...

കണ്ടപാടെ ഞാൻ ഓടിച്ചെന്നു തെണ്ടിയുടെ കഴുത്തിനു പിടിച്ചു.

"നീ എന്താടാ പുല്ലേ അന്നു രാത്രി ഒപ്പിച്ചത്,...
നീ കാരണം ഞാനിപ്പോ പെട്ടിരിക്കുന്നത് എന്തിലാണെന്നറിയോ..."

കുത്തിപ്പിടിച്ച് ഇളക്കി ഞാൻ ഒന്നലറിയതും ചെക്കൻ എന്റെ കൈ തട്ടിയെറിഞ്ഞു,

"ഹും, നീ ഞാൻ എന്തൊക്കെയാ അനുഭവിച്ചതെന്നറിയോ...
രാത്രിക്ക് രാത്രി നിന്റെ പെണ്ണിനെ വിളിച്ചിറക്കാൻ വന്നിട്ട്, പിന്നെ എനിക്കെന്തു പറ്റി എന്നു നീ ആലോചിച്ചോ..."

അവൻ നിന്നു ചീറുകയാണ്, അപ്പോഴാണ് ഞാൻ അവന്റെ ഡ്രസ് ശ്രെദ്ധിച്ചത്, ഒരു കുഞ്ഞു ബനിയനും അതിലും കുഞ്ഞു ത്രീഫോർത്തും ഇട്ടാണ് അവന്റെ നിപ്പ്.

ഞാൻ ഒന്ന് മൊത്തത്തിൽ ഉഴിഞ്ഞു നോക്കിയത് കണ്ട അവൻ കണ്ണു തുറുപ്പിച്ചു മുരണ്ടു,
തെക്കും വടക്കും അറിയാതെ ഓടി ആഹ് കമ്പോസ്റ്റ് കുഴിയിൽ ചാടി, നാറി നനഞ്ഞു അവരുടെ ആഹ് പൊളിഞ്ഞു വീഴാറായ ബാത്റൂമിൽ കയറി ഒരു ദിവസം മുഴുവനുമാ ഒളിച്ചിരുന്നത്,...നീ ഇപ്പൊ വരും ഇപ്പൊ വരും എന്ന് വിചാരിച്ചു, അവസാനം ഒരു മൈരനും വന്നില്ല....
അയയിൽ ഇട്ട ഏതോ ചെക്കന്റെ ഉടുപ്പും അടിച്ചു മാറ്റി ഞാൻ വന്നതെ, ഇനി നിന്റെ ഒരു പരിപാടിക്കും ഞാൻ ഇല്ല എന്നു പറയാനാ..."

ഒച്ചപ്പാടും ബഹളോം ഉണ്ടാക്കി മൈരൻ ഞാൻ പറയുന്നതുപോലും കേൾക്കാൻ നിക്കാണ്ട് നടന്നു പോയി,
നടന്നു ഒന്നു നീങ്ങിയിട്ട് തിരികെ ഓടി വന്നു എന്റെ മുന്നിൽ നിന്നു,

"ഇതു എന്റെ ഒരു സമാധാനത്തിനു...."

പറഞ്ഞു തീർന്നതും അവൻ ഞാൻ ഉടുത്തിരുന്ന മുണ്ടും അഴിച്ചെടുത്തോണ്ടു ഒറ്റ പോക്ക്...,"

ഓടും വഴി അതിരിൽ നിന്നു മുണ്ടും വാരിചുറ്റി, ചെത്തുകാരന്റെ സൈക്കിളും എടുത്തോണ്ട് പോയി...
അതും കണ്ട്
ഊമ്പസ്യനായി നിക്കാൻ മാത്രമേ എനിക്ക് കഴിഞ്ഞുള്ളു,
വാഴത്തോട്ടത്തിൽ അരയ്ക്ക് കീഴെ മൂന്നു തുളയുള്ള ജെട്ടിയുമിട്ട് ഞാൻ നിന്നു.

www.kkstories.com

തിരിച്ചു റൂമിലെത്തിയ എന്നെക്കണ്ട് ശരണ്യ ഒന്നു അന്തം വിട്ടു നോക്കി,
വേറൊന്നുമല്ല ഇന്നലെ കല്യാണത്തിന് ഇട്ട കസവു മുണ്ടും ബനിയനും ഉടുത്തു തിരിച്ചു കയറി വന്ന എന്നെ ഒന്നിരുത്തി നോക്കുവാണ് അവള്,
ഒരു വളിച്ച ചിരി മാത്രേ എനിക്ക് തിരിച്ചു കൊടുക്കാൻ ഉണ്ടായിരുന്നുള്ളു,
ഒരു മുണ്ടും എടുത്തു ഞാൻ ബാത്റൂമിലേക്ക് കയറി.
****

ദിവസങ്ങൾ പതിയെ ഒഴുകി തുടങ്ങി അവളിപ്പോഴും വൈകുന്നേരങ്ങളിൽ വിനീതിനെ വിളിക്കാറുണ്ട്,
അപ്പോഴൊക്കെ അവരുടെ പ്രൈവസി ഓർത്തു ഞാൻ പുറത്തെവിടെയെങ്കിലും ഇരിക്കും,
ഞാനിപ്പോഴും സോമാറ്റ ഓടിയും കാശു കൂട്ടിയും ഒക്കെ ജീവിക്കുന്നു,...
ഇടയ്ക്ക് അവൾക്ക് ഉടുപ്പ് വാങ്ങാനും എന്തെങ്കിലും അവശ്യത്തിനുമൊക്കെ ഞാൻ പൈസ കൊടുക്കാറുണ്ട്, അവന്റെ സാലറിയിൽ നിന്നു വീട്ടിലേക്ക് അയക്കുന്നത് അച്ഛന്റെ അക്കൗണ്ടിലാണ് വരുന്നത്,
അതുകൊണ്ടു ഇവളുടെ ആവശ്യത്തിനു ഞാൻ എങ്ങനെയാ അച്ഛനോട് പൈസ ചോദിക്കുന്നത്, അവന്റെ പൈസ ഇവൾക്ക് കൂടി ഉള്ളതാണെങ്കിലും വീട്ടുകാരുടെയും നാട്ടുകാരുടെയും മുന്നിൽ ഇവളിപ്പോഴും എന്റെ ഭാര്യ ആണല്ലോ.
www.kkstories.com
വീട്ടിൽ വലിയ മാറ്റം ഒന്നുമില്ല, പുച്ഛം കൂടി, പക്ഷെ ഇവള് വന്നതുകൊണ്ടുള്ള ആകെ ഉള്ള ഉപകാരം, ഇപ്പൊ പരസ്യമായുള്ള തെറിയും കുറ്റപ്പെടുത്തലും ഒന്നുമില്ല, രഹസ്യമായിട്ട് പറയാൻ ഞാൻ ഒരവസരം കൊടുക്കാത്തതുകൊണ്ടു അതും ഇല്ല,...
ഇടയ്ക്ക് അവളെയും കൊണ്ടു ഞാൻ പുറത്തൊക്കെ പോവും, അവൾക്കും ഇഷ്ടമാണ്, ബൈക്കിൽ പുറകിൽ ഇരുന്നുള്ള യാത്രകൾ,, ആഹ് നിമിഷങ്ങളിൽ അവൾ എന്റെ ഭാര്യയായി കരുതി ഒരു കാമുകന്റെ മനസ്സുമായി ഞാൻ അവളെയും കൂട്ടി കറങ്ങും, ഒരിക്കലും അതിൽ പരിധി ലംഘിക്കാൻ ഞാൻ ശ്രമിച്ചിട്ടില്ല,
എം ടി പറയുമ്പോലെ,
എനിക്ക് അവളെ ഇഷ്ടമാണ്, ഒരു ബന്ധവും സങ്കല്പിക്കാതെ, അവളെപോലും അറിയിക്കാതെ എന്റെ ഉള്ളിൽ തന്നെ ഒതുക്കിയ ഒരിഷ്ടം.
എത്ര നാൾ ഉണ്ടെന്നു അറിയില്ലെങ്കിലും ഇതും ഇപ്പോഴൊരു സുഖമാണ്,
അവളിപ്പോൾ ബാങ്ക് കോച്ചിങ്ങിനോക്കെ വീണ്ടും പോവാൻ തുടങ്ങി, ഞാനും പുറത്തേക്കൊക്കെ ഇറങ്ങി പഴയപോലെ ആയി,
വടക്കേപ്പുറത്തെ നമ്പൂതിരിയുടെ മോള്, ഏതോ ഒരു നസ്രാണിയുടെ കൂടെ ഒളിച്ചോടിയപ്പോൾ ഞങ്ങളുടെ കഥയ്ക്ക് ഒരു ബ്രേക്ക് നാട്ടുകാര് തെണ്ടികള് തന്നു, ഇനി അടുത്തത് കിട്ടുന്ന വരെ ആഹ് പെണ്ണിൻറേം ചെക്കാൻറേം പിറകെ ആയിരിക്കും ഊളകള്...

പിന്നെ എന്റെ ജീവിതം, അതു ഇപ്പോൾ ഒത്തിരി പ്രിയപ്പെട്ടതാണ്,
ഞാൻ വിചാരിച്ച പോലെ ആള് അത്ര പാവം ഒന്നുമല്ല,
ഇത്തിരി കുറുമ്പും കുസൃതിയും ഒക്കെ ഉണ്ട്,
വീട്ടിൽ എന്നെക്കഴിഞ്ഞാൽ അവളുടെ അടുത്ത കൂട്ട് പോഞ്ഞിക്കര ആണ്...
പുതിയ പെണ്ണിനെ കണ്ടതുകൊണ്ടാവും ആഹ് നാറി ഇപ്പൊ സർവസമയവും മണപ്പിച്ചു ഇവളുടെ അടുത്ത് ചുറ്റിപ്പറ്റി എപ്പോഴും കാണും...

രാത്രി ആയാൽ പിന്നെ എന്നെ ഓരോന്നു ചോദിച്ചു വട്ടു പിടിപ്പിക്കലാണ് അവളുടെ പ്രധാന ജോലി,
ചോദിച്ചു ചോദിച്ചു എന്നെക്കുറിച്ചു ഇപ്പൊ എന്നെക്കാളും കൂടുതൽ അവൾക്കറിയാം,
എന്റെ കോളേജിലെ ഗസ്റ്റ് ലെക്ച്ചററിന്റെ പിറകെ നടന്നു തേഞ്ഞ കാര്യം വരെ കിള്ളി കിള്ളി അവൾ ചോദിച്ചറിഞ്ഞിട്ടുണ്ട്,...
അവളെ ദേഷ്യം പിടിപ്പിച്ചു, കിട്ടുന്ന നുള്ളിന്റെയും മാന്തിന്റെയും പാടാണ് ഇപ്പൊ എന്റെ മേല് മുഴുവൻ,
അമ്മയെ അടുക്കളയിൽ സഹായിക്കാനും എല്ലാം പെണ്ണ് കൂടും,
ഓടി നടന്നു എല്ലാം ചെയ്തു കൂട്ടുന്ന അവളെ കാണുമ്പോൾ എന്തോ വല്ലാത്ത ഇഷ്ടമാണ് തോന്നാറ്,
www.kkstories.com
ഒരു പകലിന്റെ മുഴുവൻ ഇഷ്ടവും നിറച്ചു അവളെ നോക്കിനിന്നു രാത്രിയിൽ അവൾ വിനീതിനെ വിളിക്കുമ്പോൾ മുറിയിൽ നിന്നു പുറത്തിറങ്ങി ഇരിക്കുമ്പോൾ നെഞ്ചിനു വല്ലാത്ത നോവാണ്.

"മാണിക്യ മലരായ പൂവി.....
 മഗധിയാം കതീജ ബീബി...."

കുളികഴിഞ്ഞു ഇറങ്ങുമ്പോഴാണ് നല്ല പരിചയം ഉള്ള സ്വരത്തിൽ ആഹ് പാട്ടു കേട്ടത്....
നോക്കുമ്പോൾ ശരണ്യ ആണ്...
അവളുടെ ഫോണിൽ നിന്നുമാണ് ആഹ് മനോഹര ഗാനം കേൾക്കുന്നത്.
അവൾ ചിരിയോടെ ഇരുന്നു കാണുന്നുണ്ട്.

ഇവൾക്കിത് അറിയാൻ പാടില്ലേ...
ഞാൻ അട്ട കൺഫ്യൂഷൻ ഇൽ ആയി പറയണോ വേണ്ടയോ...
പണ്ടാരം പിടിക്കാൻ പക്ഷെ ആലോചിച്ചു അധികം നേരം വേണ്ടി വന്നില്ല അപ്പോഴേക്കും കുഞ്ഞൂട്ടൻ പണി തുടങ്ങി .

"പോടീ....പൂരി....."

ഫോണിൽ നിന്ന് ഉയർന്ന കുഞ്ഞൂട്ടൻ സാറിന്റെ തെറി കേട്ടതും ശരണ്യ ഞെട്ടിപ്പിടിച്ചു എന്നെ നോക്കി ഫോണിൽ ഞെക്കി ഞെക്കി എങ്ങനെയെങ്കിലും നിർത്താൻ നോക്കുന്ന അവളെ കണ്ടു എനിക്ക് ചിരിയാണ് വന്നത്...
പക്ഷെ പാടി തീരാതെ കുഞ്ഞൂട്ടൻ നിർത്തിയില്ല എന്ന് മാത്രം....
ഒടുവിൽ എങ്ങനെയോ നിർത്തി എന്നെ നോക്കി ചമ്മിയ ചിരിയും ചിരിച്ചു നിന്ന ശരണ്യ തലയും കുനിച്ചു പിടിച്ചു എന്റെ മുന്നിൽ നിന്ന് ഒറ്റ ഓട്ടം ഓടി പുറത്തേക്ക്....

****

"ഡി....ചാരു....."

രാത്രി ഉറങ്ങാൻ കിടക്കുവായിരുന്നു, കിടപ്പ് പഴയപോലെ തന്നെ ഞാൻ താഴെ പായയിലും അവൾ കട്ടിലിലും,
വൈകിട്ട് കുഞ്ഞൂട്ടന്റെ തെറി കഴിഞ്ഞു പിന്നെ ആള് എനിക്ക് പിടി തരാതെ ഒളിച്ചു നടപ്പായിരുന്നു,
ഞാൻ വരുന്നതിനു മുന്നേ തന്നെ ബെഡിൽ കയറി തലയും പുതച്ചു കിടപ്പാണ് അവള്, ആഹ് കിടപ്പ് കണ്ടാൽ അറിയാം കള്ള ഉറക്കം ആണെന്ന്, സാധാരണ ഞാനും വന്നു എന്നോട് കുറെ നേരം വർത്താനം പറഞ്ഞു അവസാനം എന്തേലും മണ്ടത്തരം ഇട്ടു തന്നു, ഞാൻ കളിയാക്കി എന്റെ മുതുകിലെ തൊലിയും കിള്ളിപ്പറിച്ചു ആഹ് ആശ്വാസത്തിലാണ് പെണ്ണ് കിടന്നു ഉറങ്ങുന്നത്,...
ഇതിപ്പോൾ കിടന്ന പാടെ എന്റെ വിളി പോലും കേൾക്കാതെ അവള് കിടക്കുന്നത് കണ്ടപ്പോഴേ എനിക്ക് മനസ്സിലായി പെണ്ണ് കള്ള ഉറക്കത്തിൽ ആണെന്ന്.
ഇന്നത്തെ കുഞ്ഞൂട്ടന്റെ വിഷയത്തിൽ ഞാൻ കയറി ചൊറിയും എന്നു അവൾക്ക് നന്നായിട്ട് അറിയാം,

"ഡി ചാരുവേ....ദൈവമേ ഇവളിത്രേം പെട്ടെന്ന് ഉറങ്ങിയോ...
എന്നാലും, എന്തൊക്കെയാ പെണ്ണിരുന്നു കാണുന്നെ,...ഞാൻ ആയതുകൊണ്ട് ഓക്കെ, അമ്മയോ അച്ഛനോ ആയിരുന്നെലോ,...ഈ പെണ്ണിനെക്കുറിച്ചു എന്തു വിചാരിക്കും,...
അതും എന്തു തെറിയാ പറഞ്ഞത്,
മോശം മോശം...."

അവളുടെ കൂടെ തല്ലു പിടിച്ചില്ലേൽ ഉറക്കം കിട്ടില്ലാത്ത ഞാൻ മാക്സിമം എരിവ് കേറ്റിക്കൊടുത്തു,...

www.kkstories.com

മുകളിൽ അവൾ മറിയുന്നതും തിരിയുന്നതും ഒക്കെ അറിയാൻ പറ്റുന്നുണ്ട്,..
പെണ്ണിനെ വാല് മുറിഞ്ഞു അധികം കിട്ടാറില്ല,
പിന്നെ ഞാൻ വെറുതെ വിടുവൊ...

"എന്നാലും ചാരുവേ....നീ ഇതൊക്കെ കാണുവല്ലേ,!!!
കണ്ടാലെന്തു പാവം, രൂപക്കൂട്ടിൽ എടുത്തു വെച്ചു നൊവേന ചൊല്ലാൻ തോന്നുന്ന പോലാ എല്ലാരുടേം മുന്നിൽ,....
ഫോൺ കയ്യിൽ കിട്ടിയാൽ പക്കാ ഉടയിപ്പും ഈശ്വരാ...."

ഒന്നു ഈശ്വരനെ വിളിച്ചു മുഴുവുപ്പിച്ചില്ല,
ഒരു സാധനം കട്ടിലിന്മേൽ നിന്നു ഉരുണ്ട് താഴേക്ക് വീണു കൃത്യം വീണത് എന്റെ നെഞ്ചത്തും കാലിലും,...
കിട്ടിയപാടെ പെണ്ണ് വായെടുത്തു കടിച്ചത് എന്റെ തോളിൽ ആയിരുന്നു.

"അയ്യോ....."

കരച്ചിൽ പോലും ആഹ് തെണ്ടി മുഴുവിക്കാൻ സമ്മതിച്ചില്ല എന്റെ വായ കൈ കൊണ്ട് പൊത്തിപ്പിടിച്ചു അവൾ പിന്നെയും കടിച്ചു,

www.kkstories.com

"ഇനി എന്നെ കളിയാക്കുവോ....പറ....പറ കളിയാക്കുവോ, എന്റെ നെഞ്ചത്തിരുന്നു ചോദിച്ചിട്ട് മറുപടി പോലും പറയാൻ സമ്മതിക്കാതെ ഇപ്പുറത്തെ തോളിലും ആഹ് തെണ്ടി പല്ല് താഴ്ത്തി കുടഞ്ഞു എറിയാൻ ഒട്ടൊന്നു നോക്കിയെങ്കിലും അള്ളി പിടിച്ചു മേത്തിരിക്കുവാണ് കുരുപ്പ്,

"ഇല്ല ഇനി കളിയാക്കത്തില്ല....കടിക്കല്ലേ ചാരു,...എനിക്ക് നോവുന്നുണ്ട് ഹാ....."

എങ്ങനെയോ പറഞ്ഞൊപ്പിച്ചതും ചുണ്ടും നാവും ഞൊട്ടി നുണഞ്ഞു അവൾ തല പൊക്കി,...
വളർന്നു വലുതായത് ശരീരം മാത്രേ ഉള്ളൂ എന്നും വെറും ഒരു പൊട്ടിപ്പെണ്ണിന്റെ മനസ്സാണ് ഇതിനെന്നും എനിക്ക് മനസ്സിലായി, വാശി കയറിയാൽ ഒരു സയ്ക്കോ ആയി മാറുന്ന ഈ വട്ടിനെ ഇനി ഞാൻ സൂക്ഷിക്കേണ്ടിയിരിക്കുന്നു,

മുഖത്തു ചിന്തകളൊന്നും വരാതെ ഞാൻ അവളെ നോക്കി,
അപ്പോഴും അവളുടെ ഇരിപ്പ് എന്റെ നെഞ്ചത്തു തന്നെ ആണ്,
എന്റെ ഷർട്ടും, സ്കിൻഫിറ് പാന്റും ആണ് വേഷം, അവളുടെ തുടയും ചന്തിയും എന്റെ നെഞ്ചിൽ ചതഞ്ഞു വശങ്ങളിലേക്ക് തള്ളിയിരിപ്പുണ്ട്.

"അമ്മ മഹാറാണി ഒന്നു എഴുന്നേറ്റു മാറുമോ...നെഞ്ചിൽ നല്ല വെയ്റ്റ് ഉണ്ടേ..."

ഒന്നു പേടിച്ചു ഞാൻ പറഞ്ഞതും പെട്ടെന്ന് ചമ്മലോടെ അവൾ നിരങ്ങി മാറി, പായയിൽ എന്റെ അടുത്തിരുന്നു.

"അതേ ഞങ്ങളുടെ ഗേൾസ് ഗ്രൂപ്പിൽ വന്നതാ...ഞാൻ ഡൌൺലോഡ് ചെയ്തു വെച്ചത് പെട്ടെന്ന് പ്ളേ ആയതാ, എനിക്കിതൊന്നും അറിയില്ലായിരുന്നു..."

നഖം കടിച്ചുകൊണ്ടു പെണ്ണ് ഇളകി ചിരിച്ചോണ്ട് പറഞ്ഞു.

"നിങ്ങൾക്ക് ഇതൊക്കെ ഇപ്പോഴാണോ കിട്ടുന്നെ...കുഞ്ഞൂട്ടനൊക്കെ എന്നിറങ്ങിയതാ..."

ഞാൻ പറഞ്ഞത് കേട്ടതും അവൾ എന്നെ കണ്ണുരുട്ടി നോക്കി.

"അപ്പൊ ഏട്ടൻ ആഹ് വീഡിയോ നേരത്തെ കണ്ടിട്ടുണ്ടോ.."

ഇരുട്ടിൽ ആഹ് കണ്ണുകൾ തിളങ്ങി,..ഞാൻ കിടന്നോണ്ട് തലയാട്ടിയതും, കുരുപ്പ് എന്റെ കയ്യിലെ മാംസം കിള്ളി എടുത്തു,

www.kkstories.com

"ഹാ....ഡി...."

ഞാൻ കിടന്നു കരഞ്ഞു അല്ലാതെ എന്തു ചെയ്യാൻ....

"എന്നിട്ട് എന്നോടത് പറയാതെ നിന്നല്ലേ ദുഷ്ടൻ..."

കെറുവിച്ചു നിന്നുകൊണ്ട് അവൾ പറഞ്ഞു,..

"അതു പിന്നെ നീ ചമ്മുന്നത് കാണാൻ നല്ല രസവാ...അതാ..."

അവൾക്ക് അങ്ങനെ ഇങ്ങനെ ഒന്നും നാണം വരാറില്ല ബട് വന്നാൽ, ശെരിക്കും എന്റെ ഫിലമെന്റ് അടിച്ചു പോവും അത്ര ലുക്ക് ആണ് അവളുടെ കവിള് ചുവക്കുന്നതും, കണ്ണു വെട്ടുന്നതും ചുണ്ടു ചുളുക്കി നാക്കു കടിച്ചു നിക്കുന്നത് കാണാൻ.

"പോടാ ദുഷ്ടാ....."

എന്റെ നെഞ്ചിൽ ഒന്നിടിച്ചു അവൾ പറഞ്ഞു,...ഇരുട്ടിൽ ഈ സംസാരമൊക്കെ, അവള് വന്നു ഒരു മാസം കഴിഞ്ഞപ്പോൾ തുടങ്ങിയതാണ്,

"എന്നാലെ....ഈ ദുഷ്ട്ടന്റെ കയ്യിലിരിപ്പും അത്ര നല്ലതൊന്നും അല്ലെന്നു എനിക്കറിയാട്ടോ.....
ഞാൻ ആയോണ്ട് സഹിക്കുന്നു..."

ഒന്നു നെടുവീർപ്പ് വലിച്ചു വിട്ടു അവൾ പറഞ്ഞു എന്നെ നോക്കി.

"എനിക്കെന്താ കുഴപ്പം..."

"ആഹ് ഫോൺ എടുത്തു ഏതേലും ബ്രൌസർ കയറി നോക്കിയാൽ അറിയാം കുഴപ്പം..."

അതോടെ എനിക്ക് കത്തി,...ഈ ഊള എന്റെ ഫോണിൽ കയറി ബ്രൗസറും ഹിസ്റ്ററിയും ഒക്കെ തപ്പിയിട്ടുണ്ട് എന്നു മനസ്സിലായി...

"എന്തേ, മിസ്റ്റർ ഗുഡ് ബോയ്ക്ക് ഒന്നും പറയാനില്ലേ..."

www.kkstories.com

"ഓഹ്....നമ്മൾക്ക് ലവർ ഒന്നും ഇല്ലേ...കെട്ടിയ ഭാര്യ ആണേൽ പണയത്തിനും അപ്പൊ ഈ വഴി ഒക്കെയെ ഉള്ളൂ...."

ചമ്മി കൊടുത്താൽ അവളെന്നെ പച്ചയ്ക്ക് തിന്നും എന്നു അറിയാവുന്നൊണ്ട് ഞാൻ നല്ല മെനയ്ക്ക് കിടന്നു അങ്ങു ഉരുണ്ടു...

"ഉവ്വാ....വാല് മുറിഞ്ഞിട്ട് ഇനി ഇങ്ങനെ ഓരോ സെന്റി അടിച്ചാൽ മതീലോ...അപ്പൊ നമ്മൾ അങ്ങോട്ടും ഇങ്ങോട്ടും ആയെ ഇനി, ഇതിന്റെ പേരിൽ കളിയാക്കരുത്....ഡീൽ ആണോ..."

അവൾ വച്ച ഡീലിന് കൈ കൊടുക്കാൻ എനിക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടി വന്നില്ല...ഒന്നാമതെ പെണ്ണ് ഒറ്റ ബുദ്ധിയാ പിന്നെ കുറച്ചു വട്ടും...

ഞാൻ കൈ കൊടുത്തതോടെ സാധനം കട്ടിലിലേക്ക് കയറി പോയി, കുറച്ചു നേരം അനക്കം ഒന്നും കേട്ടില്ല...
ഉറങ്ങാനുള്ള പരിപാടി ആണെന്ന് തോന്നിയത് കൊണ്ടു പിന്നെ ഞാനും ഒന്നും മിണ്ടിയില്ല...

"Kk യിൽ ആരാ...ഫേവ് ഓതർ...."

മുകളിൽ നിന്ന് ചിരിയോടെ ഉള്ള ചോദ്യം..
ഈ കാന്താരി അപ്പൊ kk യിലെ വായനക്കാരി ആണോ...അടിപൊളി...

"ചാരു, അപ്പോ നീയും kk യിലെ കഥയൊക്കെ വായിക്കുവോ..."

ഞാൻ ആശ്ചര്യത്തോടെ ചോദിച്ചു,

"അതെന്താ വായിക്കാതിരിക്കാൻ എനിക്ക് മലയാളം അറിഞ്ഞൂടെ..."

മുകളിൽ നിന്ന് വഴക്കാളിയുടെ മറുചോദ്യം.

"ഏയ്...ഞാൻ ചുമ്മാ ഒരു എക്സയ്റ്മെന്റ് കൊണ്ടു ചോദിച്ചതാ..."

"ഉം....പറ ഏട്ടന്റെ ഫേവ് ഓതർ ആരാ..."

വീണ്ടും ചോദ്യം...

www.kkstories.com

"അങ്ങനെ ഒരാളായിട്ട് ഇല്ല...അത്യാവശ്യം കുറച്ചു പേരുണ്ട്...
നിനക്കോ..."

"എനിക്കും അങ്ങനെ പ്രത്യേകിച്ചു ഒരാളില്ല, പിന്നെ ലൗ സ്റ്റോറിസ് ആണ് കൂടുതൽ ഇഷ്ടം, അപ്പൊ ആഹ് ടൈപ്പ് എഴുതുന്ന ഓതേർസിനോട് ഒരു ചായ്വ് ഉണ്ട്....ഹി ഹി ഹി..."

കുണുങ്ങിയുള്ള അവളുടെ ചിരി കേൾക്കാൻ നല്ല രസം.
പിന്നെ ഓരോന്നു പറഞ്ഞു പറഞ്ഞു ഞാൻ എപ്പോഴോ ഉറങ്ങി,...

മാസങ്ങളിപ്പോഴും ഒഴുകിക്കൊണ്ടിരിക്കുവാണ്,
അവൾ കോച്ചിങ്ങിന് പോവുമെങ്കിലും, അമ്മയോടൊപ്പം അത്യവശ്യം ജോലി ഒക്കെ തീർക്കുമായിരുന്നു,...പക്ഷെ എന്നോടുള്ള ദേഷ്യം പലപ്പോഴും അമ്മയും അച്ഛനും കാണിക്കുന്നത് വീട്ടിൽ എന്നെക്കാൾ കൂടുതൽ കാണാൻ കിട്ടുന്ന അവളോടായിരുന്നു, വല്ലപ്പോഴും ഒക്കെ അതിനു എനിക്കും സാക്ഷിയാകേണ്ടി വന്നിട്ടുണ്ട്, എങ്കിലും പലപ്പോഴും എന്നെ അറിയിക്കാതെ ഒളിച്ചു വെക്കാൻ ആയിരുന്നു അവളും ശ്രമിച്ചിരുന്നത്,

കാണുമ്പോഴെല്ലാം അവളെ ചേർത്ത് പിടിച്ചു ഞാൻ കൂടുതൽ അവരുടെ വഴക്കിൽ നിന്നും ഒക്കെ രക്ഷിക്കും, അപ്പോഴെല്ലാം പല തവണ ഇവൾ അവരുടെ പുന്നാര മോന്റെ പെണ്ണാണ് എന്ന് പറയാൻ എനിക്ക് തോന്നിയിട്ടുണ്ട്,

ഉള്ള സത്യം പറഞ്ഞാൽ നിനക്ക് ഇവിടെ ഒരു രാജകുമാരിയെ പോലെ കഴിയമായിരുന്നല്ലോ പെണ്ണേ എന്ന് ഞാൻ ചോദിക്കുമ്പോൾ ഈറനണിഞ്ഞ കണ്ണും വെച്ചൊണ്ടവൾ ചിരിക്കും,

ഇതിൽ നിന്നെല്ലാം ഒരു ബ്രേക്ക് ആയിട്ടാണ് ഞാൻ അവളെ ശനിയും ഞായറുമൊക്കെ പുറത്തേക്ക് കൊണ്ടുപോവുന്നതും, തല്ലു പിടിക്കുന്നതുമെല്ലാം,...
പക്ഷെ ഈയിടെയായി അവൾ വല്ലാതെ ഡൗണ് ആയ പോലെ എനിക്ക് തോന്നി,
അധികം ചിരി ഇല്ല, കുറുമ്പ് കാട്ടലും എന്നോട് തല്ലു പിടിക്കലും ഒന്നുമില്ല,
ഞാൻ എന്തേലും പറഞ്ഞു ചെന്നാലും വെറുതെ ഒരു ചിരി ചിരിച്ചു അവൾ വിടും,
ആദ്യം ഞാൻ കണ്ടിരുന്ന എനിക്ക് അറിയാവുന്ന ചാരു ആകെ മാറിയ പോലെ...

"ഡി ചാരുവേ...വാ നമുക്കൊന്നു പുറത്തു പോയിട്ടു വരാം...."

പതിവ് ഞായറാഴ്ച്ച ഞാൻ അവളെ വിളിച്ചു,...

www.kkstories.com

"ഇല്ല ഏട്ടാ....ഞാൻ വരണില്ല... എനിക്കെന്തോ ഒരു മൂഡ് തോന്നുന്നില്ല..."

അവളുടെ പറച്ചിൽ കേട്ടതെ എനിക്കും എന്തോ പോലെ ആയി, അല്ലെങ്കിൽ ഞായറാഴ്ച്ച ഒരു ബക്കറ്റ് വെള്ളവും കൊണ്ടു വന്നു എന്നെ കുലുക്കി എണീപ്പിച്ചു ബൈക്ക് കഴുകാൻ എന്റെ കൂടെ കൂടി, ഓടിപ്പോയി കുളിച്ചു പുറത്തു പോകാൻ ബൈക്കിനു മുന്നിൽ ആദ്യം ഹാജർ വെക്കുന്ന പെണ്ണാണ് ഇപ്പൊ നനഞ്ഞ കോഴിയെപോലെ ഇരിക്കുന്നത്,
അവളുടെ ഉള്ളിൽ എന്തോ കിടപ്പുണ്ടെന്നു എനിക്കും തോന്നി, പിന്നെ ഞാൻ വേറൊന്നും നോക്കിയില്ല, നേരെ റൂമിൽ ചെന്നു കട്ടിലിൽ കമിഴ്ന്നു കിടന്ന സാധനത്തിനെ വലിച്ചു പൊക്കി ബാത്റൂമിൽ ആക്കി, മാറാനായി അവളുടുത്താൽ എനിക്ക് ഏറ്റവും ഭംഗി തോന്നുന്ന മാമ്പഴ നിറമുള്ള ചുരിദാറും,
കറുത്ത ലെഗ്ഗിൻസും എടുത്തു കട്ടിലിനു മുകളിൽ വെച്ചു.

"അര മണിക്കൂർ അതിനുള്ളിൽ ഉടുത്തൊരുങ്ങി മോള് താഴെ എത്തിയില്ലേൽ, ഞാൻ മുകളിലേക്ക് വരും എന്നിട്ടു ഉടുത്ത ഡ്രസ് പടി നിന്നെ ഞാൻ കൊണ്ടോവും,...കേട്ടല്ലോ...."

അതും പറഞ്ഞു ഞാൻ താഴേക്ക് പോയി,

കുറച്ചു കഴിഞ്ഞപ്പോൾ തന്നെ അവൾ താഴെ എത്തി, സാധാരണ എപ്പോഴും പോലെ ഒരുങ്ങിയിട്ടൊന്നും ഇല്ല...ആകെ ഗ്ലൂമി ആയി അവള് വന്നു ബൈക്കിൽ കയറി, പുറകിൽ അമ്മയുടെ വഴക്കു കേട്ടു, അവളെയും കൊണ്ടു പുറത്തു പോവുന്നതിനുള്ള മുടക്കം ആണ്,
കേൾക്കാനൊന്നും നിൽക്കാതെ വണ്ടി എടുത്തു,

ബീച്ചിൽ ഇരുന്നു കടൽക്കാറ്റ് കൊള്ളുമ്പോഴും അവളുടെ മുഖത്തിനു ഒരു മാറ്റവുമില്ല, ഹോ...ആഹ് മുഖത്തൊരു ചിരി കാണാൻ ഞാൻ എന്തൊക്കെ ചെയ്യണം ആവോ..
നീട്ടിയ ഐസ് ക്രീം പോലും വേണ്ട എന്നു പറഞ്ഞിരിക്കുന്ന അവളെ ഞാൻ വായും പൊളിച്ചു നോക്കി ഇരുന്നു, സാധാരണ
അവളുടെ ഐസ് ക്രീം മുഴുവൻ കയറ്റിയിട്ട് എന്റേതു കൂടി തട്ടിപ്പറിച്ചു തിന്നുന്ന പെണ്ണാണ്...

"എന്താടി ചാരുവേ...നിനക്ക് എന്തു പറ്റി,...ഈ ഒരു ആറ്റിറ്റ്യൂഡ്...നിനക്കൊട്ടും ചേരണില്ല,..എന്താണെങ്കിലും എന്നോട് പറഞ്ഞൂടെ,...ഒന്നൂല്ലേലും ഞാൻ തന്റെ ഒരു വർഷത്തേക്കുള്ള കെട്ട്യോൻ അല്ലെ ചാരു..."

www.kkstories.com

"ഹ ഹ ഹ...."

ഒന്നു ചിരിച്ചുകൊണ്ട് അവൾ എന്റെ തോളിൽ തലവെച്ചു കയ്യുംചുറ്റിപിടിച്ചു ഇരുന്നു,

ഒന്നു കൂളായി എന്നു തോന്നിയപ്പോൾ അവള് തന്നെ ഓരോന്നു പറഞ്ഞു,....
അവളുടെ അച്ഛനെയും അമ്മയെയും അനിയത്തിയെയും മുത്തശ്ശിയെയും ഒക്കെ മിസ്സ് ചെയ്യുന്നതും വീട്ടിൽ അവളോട് എന്റെ അമ്മയും അച്ഛനും കാണിക്കുന്ന അകൽച്ചയും,
പിന്നെ ഈയിടെയായി വിനീതും അവളെ അവോയ്ഡ് ചെയ്യുന്നതായി അവൾക്ക് തോന്നുന്നു, എന്ന്,
അതു ഞാനും ശ്രദ്ധിച്ചിരുന്നു, രാത്രിയിൽ കുറച്ചു നാളുകളായി ഇപ്പോൾ വിളി ഇല്ല,

"ഞാൻ അങ്ങോട്ടു വിളിച്ചാലും എപ്പോഴും തിരക്കാണ് എന്നു പറഞ്ഞു വെക്കും, എന്നാൽ എന്നെ ഒട്ടു വിളിക്കത്തും ഇല്ല....വിനു ഏട്ടൻ എന്നെ ഒഴിവാക്കുകയാണോ എന്നൊരു തോന്നൽ,...."

എന്റെ തോളിൽ കിടന്നവൾ പറഞ്ഞു,..

"ഏയ്...അവനു തിരക്കായിട്ടാവും,... ഇങ്ങോട്ടു വരാനും, പിന്നെ നിന്നെ കൊണ്ടോവാനും ഒത്തിരി കാര്യങ്ങൾ ചെയ്യാനുണ്ടാവുമല്ലോ, അതിന്റെ തിരക്കിൽ ആവും...അതിനു ഇങ്ങനെ വിഷമിക്കാതെ ചാരു...."

"എനിക്ക് വിഷമൊന്നുമില്ല...."

കവിള് വീർപ്പിച്ചു പഴേ കുറുമ്പ് വീണ്ടെടുത്തു അവള് പറഞ്ഞു,...

"എന്നിട്ടാണ് മുഖവും കേറ്റിപ്പിടിച്ചു ഇത്ര നേരം ഇരുന്നത്,..."

"പോടാ ഏട്ടാ...."

പറഞ്ഞു തീർന്നതും കിട്ടി എന്റെ തോളിൽ അവളുടെ കടി,...ഇതു കഴിഞ്ഞ ജന്മം വല്ല പട്ടിയും ആയിരുന്നോ എന്തോ,...

"വിനു ഏട്ടൻ വന്നാൽ ഞാൻ പോവേണ്ടി വരുവോ...."

www.kkstories.com

എന്തോ ആലോചിച്ചിരുന്നു അവൾ ചോദിച്ചു,

"പിന്നെ പോവണ്ടേ....ഇവിടെ എങ്ങനെയാ നിൽക്കാ..."

"അപ്പൊ ഏട്ടനും വരുവോ....ഞങ്ങളുടെ കൂടെ...."

"ഞാൻ എന്തിനാ ചാരു വരുന്നേ കട്ടുറുമ്പായിട്ട്....നിങ്ങൾ രണ്ടുപേരും മതി അതാ ഭംഗി..."

എന്റെ കയ്യിലെ അവളുടെ പിടി മുറുകുന്നത് ഞാൻ അറിഞ്ഞു, പിന്നെ അവളൊന്നും ചോദിച്ചില്ല മൗനം മാത്രം,...
അവൾ എന്നെ എങ്ങനെയാണ് കാണുന്നത് എന്നു എനിക്കറിയില്ല...പക്ഷെ അവന്റെ കൂടെ അവളെ കാണാൻ എനിക്ക് കഴിയില്ലായിരുന്നു, അതിനു ഏറ്റവും നല്ലത് അവളെ എന്നിൽ നിന്നും അകറ്റുന്നതാണ് നല്ലതെന്ന് എനിക്ക് തോന്നി,
ഇവളെ മറക്കാൻ കഴിയുമോ എന്നു എനിക്ക് അറിയില്ല പക്ഷെ മറന്നേ പറ്റൂ എന്നറിയാം...

രാത്രി വൈകിയാണ് ഞങ്ങൾ തിരികെ എത്തിയത്, പിടി തരാത്ത ഒരു മൗനം എപ്പോഴോ ഞങ്ങളെ മൂടിയിരുന്നു, അന്ന് രാത്രി അവളോ ഞാനോ ഒന്നും സംസാരിച്ചില്ല,...
പിന്നീടുള്ള നാളുകളിലും അതു തുടർന്നു ഉള്ളിൽ വല്ലാത്ത നോവുണ്ടായിരുന്നെങ്കിലും, അവളെ പിരിയുമ്പോൾ ഉള്ള വേദന കുറയ്ക്കാൻ ഈയൊരു അകൽച്ച ഇപ്പോൾ അത്യവശ്യമാണ് എന്നു തോന്നി,

രാത്രികളിൽ ഞാൻ വീണ്ടും ചിറയിൽ ആയി, ആദ്യമൊക്കെ അവൾ ചോദിച്ചെങ്കിലും പിന്നീട് അവൾ അതും ചോദിക്കാതെ ആയി, നുണയനോടും അർജ്ജുനോടും രാഹുലിനോടും പിണങ്ങിപോയി തിരിച്ചു വന്ന മനീഷിനോടും ഒക്കെ പറഞ്ഞപ്പോൾ അവർക്കും മനസ്സിലായി,...
രാത്രികളിൽ ചിറയിൽ അവളെ മറക്കാനായി ലഹരി തൊണ്ടക്കുഴിയിലൂടെ ഇറങ്ങി, അവളോടൊപ്പം ഒരു മുറിയിൽ ഇനിയും പേടിച്ചു കഴിയുന്നതിലുള്ള വീർപ്പുമുട്ടൽ ഒഴിവാക്കാൻ ചിറയിൽ ഞാൻ രാത്രികൾ കഴിച്ചു കൂട്ടി തുടങ്ങി,

ഇടയ്ക്ക് എന്നെ കാണുമ്പോൾ കണ്ണും നിറച്ചു നിൽക്കുന്ന അവളെ കാണുമ്പോൾ എന്റെ ഉള്ളും പിടയുന്നുണ്ടായിരുന്നു, അവൾക്കും കാര്യം മനസ്സിലായിരിക്കണം,....

****

www.kkstories.com

വീണ്ടും ഒരു മാസം കൂടി കൊഴിഞ്ഞു, ചാരു വീട്ടിൽ വന്നിട്ടു ഇപ്പോൾ എട്ടു മാസം കഴിഞ്ഞു,...
ചാരുവുമായി ഞാൻ തീർത്ത അകലം ഇപ്പോൾ ഒരു മതിലായി ഞങ്ങൾക്കിടയിൽ ഉയർന്നു,...
ചിറയിലെ ഒരു രാത്രി കഴിഞ്ഞു ഉറക്കം എഴുന്നേറ്റ ഞാൻ കണികണ്ടത് നുണയനെ ആയിരുന്നു,

"നീ ഇന്നലെ രാത്രി വീട്ടിൽ പോയതല്ലേ...രാവിലെ ഇങ്ങു വീണ്ടും പോന്നോ..."

കണ്ണും തിരുമ്മി ഞാൻ എഴുന്നേറ്റു, അടുത്തു വെച്ചിരുന്ന കുപ്പിയിൽ നിന്നും മൂട്ടിൽ കിടന്നിരുന്ന വെള്ളം എടുത്തു വായ് കഴുകി,
പിന്നെ കുറച്ചുകൂടെ വെള്ളം എടുത്തു മുഖം കഴുകി,

"നീ പോയി റെഡി ആയിക്കോ ഞാൻ എത്തിക്കോളാം,..."

അവനോടു പറഞ്ഞു ഞാൻ ചിറയിലെ മാടത്തിലേക്ക് നടന്നു, അവന്റെ കൈ പെട്ടെന്ന് എന്റെ കൈക്ക് മേൽ വീണു,

"ഡാ,...നീ വാ...നമുക്ക് നിന്റെ വീട്ടിൽ എത്തണം...."

അവന്റെ മുഖം ആകെ കുറുകി ഇരുന്നു,...

"എന്താടാ എന്താ പ്രശ്നം..."

അവന്റെ മുഖത്തു നിന്നും എന്തോ പന്തികേട് എനിക്ക് ഊഹിക്കമായിരുന്നു,

"നീ വാ...ഞാൻ പറയാം...."

എന്റെ കയ്യും വലിച്ചു നടന്നതല്ലാതെ അവൻ മറ്റൊന്നും പറഞ്ഞില്ല.

അവന്റെ പിറകിൽ ബൈക്കിൽ ഇരുന്നു പോകുമ്പോഴും അവൻ ഒന്നും പറഞ്ഞില്ല,
വീട്ടിലെ വഴി തിരിഞ്ഞു മുറ്റത്തേക്ക് കടന്നപ്പോൾ വീടിനു മുന്നിൽ ഒരു കൂട്ടം ഞാൻ കണ്ടു, ഉള്ളിൽ അകാരണമായ ഒരു ഭയം ഉടലെടുത്തു,
പെട്ടെന്ന് ബൈക്കിൽ നിന്നും ചാടി ഇറങ്ങിയ ഞാൻ ആളുകളെയും മാറ്റി അകത്തേക്ക് കയറുമ്പോൾ കസേരയിൽ ചാഞ്ഞു നെറ്റിയിൽ പുറംകൈ വെച്ചുകൊണ്ട് അച്ഛൻ ഇരിപ്പുണ്ട്,
www.kkstories.com
അകത്തു കയറിയപ്പോൾ, ഭിത്തിയിൽ ചാരി കണ്ണീർ തുടച്ചു അമ്മയും,
ഹാവൂ ആശ്വാസമായി...

കൂടെ നിക്കുന്ന അയലത്തുള്ളവർ അമ്മയെ എന്തൊക്കെയോ പറഞ്ഞു സമാധാനിപ്പിക്കുന്നുണ്ട്,
അവിടെ നിക്കുന്നവർ പരസ്പരം എന്തൊക്കെയോ പിറുപിറുക്കുന്നു,
കാര്യം അറിയാതെ എനിക്ക് ആകെ വട്ടു പിടിക്കുന്നുണ്ടായിരുന്നു,
ചാരുവിനോട് ചോദിക്കാനായി മുകളിലേക്ക് കയറാൻ നേരത്തായിരുന്നു എന്റെ തോളിൽ ഒരാളുടെ കൈ വീണത്,

തിരിഞ്ഞു നോക്കിയ ഞാൻ കണ്ടത്, വിനീതിനെ ആണ്.

"വിനു...നീ..എങ്ങനെ ഇവിടെ,...നീ എപ്പൊ വന്നു..."

അവന്റെ മുഖം പെട്ടെന്ന് കണ്ടതിലുള്ള അമ്പരപ്പിൽ ഞാൻ ഒന്ന് വിയർത്തു,...

"ഞാൻ,...ഞാനിപ്പോ വന്നേ ഉള്ളൂ....ലീവ് നേരത്തെ ആയി,..."

പെട്ടെന്ന് എന്റെ ഉള്ളിലെന്തോ വെട്ടി,...ഇവൻ വന്നതിനെന്തിനാ ഇവിടെ ഈ കരച്ചിലും പിഴിച്ചിലും ആൾക്കൂട്ടവും ഒക്കെ,.... ഉത്തരം തേടി അധികം നിൽക്കേണ്ടി ഒന്നും വന്നില്ല,
അവന്റെ പിറകിൽ നിന്നു ഒരു പെണ്ണ് നീങ്ങി നിന്നു,
അവളെ ഒന്നുഴിഞ്ഞു നോക്കിയ എന്റെ കണ്ണു നിന്നത് അവളുടെ അല്പം ഉന്തി നിന്ന വയറിൽ ആയിരുന്നു.

അവന്റെ കണ്ണിൽ ഒരു നിസ്സഹായത വിരിഞ്ഞു വന്നു,
അവന്റെ കുനിഞ്ഞ തല ഞാൻ കരുതിയത് സത്യമാണ് എന്നുള്ളതിന്റെ തെളിവായിരുന്നു,

പെരുവിരലിൽ നിന്നു അരിച്ചെത്തിയ കോപം കയ്യിലേക്ക് ഇരച്ചെത്തിയപ്പോൾ കോളറിൽ കൊരുത്തു പിടിച്ചു അവനെ ഭിത്തിയിലേക്ക് ഞാൻ ചേർത്തു,
അമ്മയും അഖിലും വന്നെന്നെ വട്ടം പിടിച്ചു വലിച്ചു മാറ്റി, പിടഞ്ഞു മാറിയ ഞാൻ അലറിക്കൊണ്ടു അവനു നേരെ കുതിക്കാൻ ഒരുങ്ങുമ്പോൾ മുന്നിലേക്ക് അച്ഛൻ വന്നു നിന്നു,...

"അടങ്ങി നിക്കട.....
ഏട്ടന്റെ അധികാരം കാണിക്കാൻ നിനക്ക് എന്ത് അവകാശം....നീ നിനക്ക് തോന്നിയ ഒരുത്തിയെ കൊണ്ടു വന്നു, നീ കാണിച്ച ധൈര്യം അവനും അവന്റെ തോന്നിയവാസത്തിനു കാണിച്ചു,....നീ ഓർക്കാതെ പോയ ഞങ്ങളെ അവനും ഓർത്തില്ല....അത്രേ ഉള്ളൂ....അവനെ തല്ലാൻ നിനക്കെന്തു യോഗ്യതയാടാ ഉള്ളേ...."

മുന്നിൽ നിന്നു അച്ഛൻ അലറി ചോദിച്ചപ്പോൾ ഉരുകിയത് ഞാൻ ആയിരുന്നു,...ഇപ്പോൾ ഇവിടെ വെച്ചു എല്ലാം തുറന്നു പറഞ്ഞാൽ അവൻ എല്ലാം സമ്മതിക്കുമെന്ന ഉറപ്പ് എനിക്ക് എപ്പോഴേ നഷ്ടപ്പെട്ടിരുന്നു. പറഞ്ഞാലും ഇവർക്ക് മുന്നിൽ ഞാനും അവളും വെറും കോമാളി ആവത്തെ ഉള്ളെന്ന് എനിക്ക് തോന്നി.
അവന്റെ കണ്ണിലേക്ക് ഞാൻ നോക്കി, അവിടെ കുറ്റബോധത്തിന്റെ ഒരു കണിക പോലും ഉണ്ടായില്ല,...അവൻ ചതിച്ചത് എന്നെയാ, ഈ വീടിനെ, അച്ഛനെ അമ്മയെ....ചാരുവിനെ...
ചാരു...പെട്ടെന്നാണ് അവളെക്കുറിച്ചു ഞാൻ ഓർത്തത്,....ഈശ്വരാ...
പടി ഓടി ഞാൻ മുറി തള്ളി തുറന്നു ചെല്ലുമ്പോൾ കയ്യിൽ എടുത്തു പിടിച്ച കത്തി മറു കൈക്ക് മേൽ വരയാൻ ഒരുങ്ങി നിക്കുന്ന ചാരു,...
ഡോർ ഞാൻ ലോക്കിട്ടു,...
എന്റെ വരവിൽ ഞെട്ടി ഇരിക്കുവാണ് പെണ്ണ്, കണ്ണീരൊലിച്ചു മുടി പാറി ഒരു ഭ്രാന്തിയെപോലെ...

www.kkstories.com

"ചാരു....മോളെ...എന്താ ഈ കാട്ടണെ....ഇങ്ങു വാ...ഞാൻ ഒന്ന് പറയട്ടെ..."

"വേണ്ട....വേണ്ട ഏട്ടാ...., സ്നേഹിച്ചതിനു എനിക്ക് കിട്ടി,....ഇനി വയ്യ..ന്റെ അച്ഛനേം അമ്മയേം വിഷമിപ്പിച്ചതിനുള്ളതാവും,...ന്നാലും...എനിക്ക് സഹിക്കാൻ പറ്റണില്ല...ഇനി എനിക്ക് ഇതേ ഉള്ളൂ വഴി,....
ഏട്ടൻ പാവാ....ഇവിടെ ഇനി നിക്കണ്ട...അവൻ ഏട്ടനേം ചതിക്കും...."

"മോളെ....പ്ലീസ്....എന്നെ ഒന്ന് നോക്ക്.....ചെയ്യല്ലേ.....നീ കൂടെ പോയാൽ ഒറ്റയ്ക്ക്,...ഞാൻ....ഞാൻ ശെരിക്കും ഒന്നുമല്ലാത്തവനായി പോവും,...ഒറ്റപ്പെട്ടു പോവും,....എനിക്ക് വേണ്ടി, പ്ലീസ്..."

ഇടറിപ്പോയി, വിതുമ്പിപോയി,പറഞ്ഞു തീർന്നതും കരഞ്ഞുപോയി,
എന്റെ കരച്ചില് കണ്ടു, അവളുടെ കയ്യിലെ കത്തി ഊർന്നു പോയി, ആർത്തലച്ചു പെണ്ണ് എന്റെ നെഞ്ചിൽ കിടന്നു കരഞ്ഞു.

മുടി തഴുകി അവളെ ആശ്വസിപ്പിക്കുമ്പോൾ ചതിയുടെ ആണി തറച്ച നോവിൽ എന്റെ നെഞ്ചു പിടഞ്ഞു പൊടിയുകയായിരുന്നു.

അന്ന് മുഴുവൻ ചാരുവിനെ നോക്കി, ഞാൻ ആഹ് മുറിയിൽ തന്നെ കഴിച്ചുകൂട്ടി,
എന്നിൽ നിന്ന് ഒരുനിമിഷം പോലും അവൾ മാറിയില്ല.
അവളെ ഒറ്റയ്ക്ക് വിട്ടു പോവാൻ എനിക്കും പേടി ആയിരുന്നു,...
എന്റെ നെഞ്ചിൽ കിടന്നു കരഞ്ഞു കരഞ്ഞു തളർന്നു ഉറങ്ങി,
അവളെ എന്റെ മടിയിൽ കിടത്തി, തലമുടി തഴുകി ഇരിക്കുമ്പോഴും സ്വന്തം കൂടെപ്പിറപ്പ് എന്നെ ശെരിക്കും ഒരു പൊട്ടനാക്കിയ വിഷമത്തിൽ ആയിരുന്നു ഞാൻ, അവനു വേണ്ടി ഇത്രയും സഹിച്ച, കൂടെ നിന്ന എന്നെ മനസാക്ഷിക്കുത്തു പോലും ഇല്ലാതെ ചതിച്ചു,
പാവം ചാരു, എല്ലാം വിട്ടെറിഞ്ഞു അവനെ വിശ്വസിച്ചു ഇറങ്ങിപ്പോന്ന ഇവളെ അവനൊന്നു ഓർത്തു കൂടി കാണില്ല,...
ഇവളെ ഞാൻ കൈ വിടില്ല, എനിക്ക് ശ്വാസം ഉള്ളിടത്തോളം കാലം ചാരുവിനെ ഞാൻ ഒറ്റയ്ക്കാക്കില്ല,....
എന്റെ മടിയിൽ തല ചായ്ച്ചു ഉറങ്ങുന്ന ചാരുവിന്റെ നെറ്റിയിൽ തലോടി ഞാൻ ഉറപ്പിച്ചു,...
പതിയെ എഴുന്നേറ്റു മാറാൻ ഒരുങ്ങിയപ്പോൾ, അവൾ ഒന്നൂടെ എന്നെ ചുറ്റിപ്പിടിക്കുന്നത് ഞാൻ അറിഞ്ഞു.
അവളെ പതിയെ അടർത്തിമാറ്റി ഞാൻ പുറത്തിറങ്ങി,

www.kkstories.com

സന്ധ്യ ആയിട്ടുണ്ട്, ഇതുവരെ അവളും ഞാനും ഒന്നും കഴിച്ചിട്ടില്ല, വയറ്റിൽ കാളാൻ തുടങ്ങി, വീട്ടിൽ നിന്നൊന്നും കഴിക്കാൻ തോന്നിയില്ല,...
താഴെ ആരെയും കാണാനും ഇല്ല
ഞാൻ ആരെയും നോക്കാനും പോയില്ല, എല്ലാത്തിനോടും എല്ലാരോടും ഒരു മടുപ്പ്, താഴെ ചെന്നു ബൈക്കെടുത്തു ഞാൻ റോഡിലേക്ക് കയറ്റി,

ഫോൺ നിർത്താതെ അടിക്കുന്നത് കണ്ടാണ്, ബൈക്ക് സൈഡിലൊതുക്കി ഞാൻ എടുത്തത്,...

"നിനക്കൊന്നു ഫോൺ എടുത്തൂടെ മൈരേ, എത്ര നേരായി വിളിക്കുന്നു...."

രാഹുൽ ആയിരുന്നു.

"ഡാ....ആകെ വല്ലാത്ത ഒരവസ്ഥയിലാ ഞാൻ....ഞാൻ പിന്നെ വിളിക്കാം..."

"ങും....നുണയൻ എല്ലാം പറഞ്ഞു,നീ...പേടിക്കണ്ട, എന്തിനാണേലും ഞങ്ങൾ എല്ലാം കൂടെ ഉണ്ട്...."

ഞാൻ മൂളിയിട്ട് ഫോൺ വെച്ചു, മനസ്സിൽ ഇപ്പൊ ചാരുവിനെക്കുറിച്ചു ആലോചിക്കുമ്പോഴാ പേടി,...

www.kkstories.com

ഹോട്ടലിൽ നിന്ന് ഫുഡും വാങ്ങി നേരെ ഓടി വീട്ടിലെത്തി, അച്ഛന്റെയും അമ്മയുടെയും മുറി അടഞ്ഞു തന്നെ കിടക്കുവാണ് കതകിന് മുന്നിൽ അവർക്കുള്ള ഫുഡ് വെച്ചിട്ട് ഞാൻ മുട്ടി, തുറക്കും മുന്നേ മുകളിലേക്ക് കയറി,

മുറി അടച്ചിരുന്നു, ഞാൻ രണ്ടു തവണ മുട്ടി,
അകത്തു നിന്നു ഒച്ചയും അനക്കവും ഒന്നുമില്ല...
ഉള്ളിൽ ഒരു പേടി അരിച്ചിറങ്ങാൻ തുടങ്ങി,...

"ചാരു...ചാരു.....ചാരു വാതിൽ തുറന്നേ..."

ഉച്ചത്തിൽ വിളിച്ചുകൊണ്ടു ഞാൻ കതകിൽ അടിച്ചു, ഒരു നിമിഷം അവളെ തനിച്ചാക്കി പോയതിൽ ഞാൻ എന്നെ തന്നെ ശപിച്ചു,

കതകു തല്ലിപ്പൊളിച്ചു അകത്തു കയറാൻ നോക്കുന്ന നേരം പെട്ടെന്ന് അവൾ കതകു തുറന്നു,
മുഖത്താകെ വെള്ളത്തുള്ളികൾ പടർന്നിരുന്നു,

അവൾ ബാത്റൂമിൽ ആയിരുന്നെന്ന് തോന്നി,...
അവളെ കണ്ടപ്പോൾ എനിക്കെന്റെ പ്രാണവായു തിരികെ കിട്ടിയ പോലെ ആയിരുന്നു.

"എന്താ....ഏട്ടാ....പേടിച്ചു പോയോ...ഞാൻ ഇനി ചാവത്തൊന്നും ഇല്ല....ഏട്ടന് ഞാൻ വാക്ക് തന്നതല്ലേ...."

അത്രയും പറഞ്ഞുകൊണ്ട് നനഞ്ഞു തുടങ്ങുന്ന കണ്ണുകൾ എന്നെ ഒളിക്കാൻ അവൾ തിരിഞ്ഞു നടന്നു,

"ഏട്ടൻ എങ്ങോട്ടു പോയതാ..."

ടവ്വൽ എടുത്തു മുഖം തുടച്ചു അവൾ എന്നോട് ചോദിച്ചു.

"രാവിലെ മുതൽ പട്ടിണി അല്ലെ,...എന്തേലും കഴിക്കണ്ടേ...."

ഞാൻ കയ്യിൽ ഉണ്ടായിരുന്ന കവർ പൊക്കി കാണിച്ചു,

"എനിക്ക് വേണ്ട ഏട്ടാ...വിശക്കുന്നില്ല...."

www.kkstories.com

"ഡി ചാരു...കളിക്കാതെ വന്നിരുന്നു കഴിക്കാൻ നോക്ക്...അല്ലേൽ നീ അവനേം ഓർത്തു കരഞ്ഞോണ്ടിരുന്നോ...
എനിക്കെന്താ..."

ഞാൻ പറഞ്ഞിട്ട് പൊതി അഴിച്ചു രണ്ടാക്കി കട്ടിലിൽ വെച്ചു, ജഗ്ഗിൽ നിന്നു വെള്ളവും എടുത്തു വെച്ചു,
അവളപ്പോഴും ജനലിൽക്കൂടി പുറത്തേക്കും നോക്കി ഇരിക്കുകയായിരുന്നു.

ഞാൻ പതിയെ അവളുടെ അടുത്തേക്ക് ചെന്നിരുന്നു.

"വാ..ചാരു....നീ കഴിച്ചില്ലേൽ എനിക്കും വേണ്ട...."

ഞാൻ പിന്നെയും കുറെ നേരം ഇരുന്നു പറഞ്ഞപ്പോൾ എന്റെ ശല്യം സഹിക്കാതെ ആണോ എന്തോ അവള് എടുത്തു കഴിച്ചു തുടങ്ങി,
അന്ന് മുഴുവൻ ഞാനും അവളും മുറിയിൽ തന്നെ ആയിരുന്നു.

രാത്രി ഉറങ്ങാൻ കിടന്നിട്ടും ഉറക്കം കിട്ടുന്നില്ല, തിരിഞ്ഞും മറിഞ്ഞും പായയിൽ കിടന്നു ഉരുണ്ടു, അവസാനം എഴുന്നേറ്റു, മുറിയുടെ അങ്ങോട്ടും ഇങ്ങോട്ടും നടന്നു,

"ഏട്ടാ...."

കട്ടിലിൽ നിന്നു ചാരുവിന്റെ വിളി.

"നീ ഉറങ്ങിയില്ലേ ചാരു...."

ഇരുട്ടിലും അല്പം തെളിഞ്ഞു കാണുന്ന അവളെ നോക്കി ഞാൻ ചോദിച്ചു.

"ഉറക്കം വരുന്നില്ലേട്ട....ഉറങ്ങാൻ പറ്റണില്ല.....ഏട്ടൻ ഉറങ്ങിയില്ലേ...."

"ഇല്ല എനിക്കും ഉറക്കം വരുന്നില്ല..."

"എന്റെ ഒപ്പം കുറച്ചു നേരം കിടക്കുവോ...."

മടിച്ചു മടിച്ചാണവൾ ചോദിച്ചത്. അവളുടെ ഉള്ള് എനിക്ക് മനസിലാകുമായിരുന്നു,...
ഞാൻ കട്ടിലിൽ അവളോട് ചേർന്നു കിടന്നു,
എന്റെ കൈ എടുത്തു സ്വയം ചുറ്റിച്ചു ചാരു എന്റെ നെഞ്ചിൽ തല വെച്ചു കിടന്നു.

"അവൻ വരണ്ടായിരുന്നു അല്ലെ ഏട്ടാ....എങ്കിൽ ഇപ്പോഴും ഒന്നും അറിയാണ്ട് ജീവിക്കായിരുന്നു...."

എന്നെ കെട്ടിപ്പിടിച്ചു കിടന്നു അവൾ പറഞ്ഞു,...

"ചാരു വേണ്ട അവനെക്കുറിച്ചൊന്നും ഇനി പറയേണ്ട....ഓർക്കുംതോറും, അതു മറക്കാൻ പാടായിരിക്കും...."

പിന്നെ അവൾ ഒന്നും പറഞ്ഞില്ല, പതിയെ എപ്പോഴോ അവളുടെ ശ്വാസം താളത്തിലായി.

****

വീട്ടിൽ ഞാനും അവളും ഒറ്റപ്പെട്ടത് പോലെ ആയിരുന്നു,

രണ്ടു മൂന്നു ദിവസം കഴിഞ്ഞപ്പോൾ അവന്റെ കൂടെ ഉള്ള പെണ്ണിന്റെ വീട്ടിൽ നിന്ന് ആളുകൾ വന്നു,...
അവർക്ക് നാണക്കേട് കൂടാതിരിക്കാൻ അവർ തമ്മിലുള്ള കല്യാണത്തിന് സമ്മതം അറിയിക്കാൻ ആണ് വന്നത്,

അവന്റെ ഗൾഫിലെ മാനേജരുടെ അനിയത്തിയാണ് അവൾ, കർണാടകത്തിൽ നിന്നുള്ളവർ, അവിടെവെച്ചു പെട്ടെന്ന് പ്രശ്നം ആയപ്പോൾ ഇവളുമായി നാട് വിട്ടതാണ് ഇവൻ,...

ഇതൊക്കെ അവിടെ ഉള്ള അവന്റെ കൂടെ വർക് ചെയ്യുന്നവർ പറഞ്ഞു നാട്ടുകാരറിഞ്ഞ കൂട്ടത്തിൽ ഞാനും അറിഞ്ഞു,
അവനോടു ചോദിക്കാനോ മിണ്ടാനോ പോലും തോന്നിയില്ല,...എനിക് വെറുപ്പായി തുടങ്ങിയിരുന്നു,....
ചാരു ആകെ സ്വയം അടച്ചു പൂട്ടി, തന്റെ ജോലി കഴിഞ്ഞാൽ മുറിയിൽ തന്നെ കൂടി,...
ഞാൻ ഇപ്പോൾ ജോലി തേടി അലയുകയാണ്, എന്നെ വിശ്വസിച്ചു, എന്റെ ഉറപ്പിൽ നിൽക്കുന്ന ഒരു പെണ്ണ് കൂടെ ഉണ്ടെന്ന തോന്നൽ, എന്നെ ഉലച്ചു, സ്ഥിരമായ വരുമാനം ഇല്ലാതെ ഒന്നും കഴിയില്ല എന്നു ബോധ്യമായി,...
പക്ഷെ ചെല്ലുന്ന ജോലികൾക്കെല്ലാം ഒന്നെങ്കിൽ എക്സ്പീരിയൻസും, കരിയർ ഗ്യാപും വില്ലനായപ്പോൾ പലയിടത്തും തഴയപ്പെട്ടു,...

www.kkstories.com

അതിനിടയിൽ വീട്ടിൽ വിനീതിന്റെ കല്യാണം കൊടുമ്പിരി കൊള്ളുകയായിരുന്നു, പെണ്ണിനെ അവർ കല്യാണം വരെ വീട്ടിൽ നിർത്താനായി വന്നു കൊണ്ടു പോയി,...
ഇതുപോലുള്ള കല്യാണം ആയതുകൊണ്ട് വലിയ ആഡംബരം ഒന്നും പ്ലാനിൽ ഇല്ല, ഞാൻ കൂടുതൽ ഒന്നിനും ഇടപെടാനും പോയില്ല,...
അവന്റെ കാര്യം ഞാൻ ആകെ മൊത്തത്തിൽ ഉപേക്ഷിച്ച മട്ടായിരുന്നു,...
അവനൊരെണ്ണം കനത്തിൽ പൊട്ടിക്കണം എന്നൊരാഗ്രഹം ഉള്ളിൽ ഉണ്ട്, പിന്നെ വീട്ടിൽ അതിന്റെ പേരിൽ ഒരു പ്രശ്നം വേണ്ടെന്നു വെച്ചു, ഞാൻ ഒന്ന് അടങ്ങി നടന്നു,...
ജോലി തെണ്ടലും, തലയ്ക്ക് മീതെ കുമിഞ്ഞു കൂടുന്ന നൂറു പ്രശ്നവുമായിട്ടാണ് ഓരോ ദിവസവും, രാവിലെ എഴുന്നേറ്റ് തിരികെ വീട്ടിൽ വന്നു കേറുന്നത്...
പക്ഷെ റൂമിലെത്തി, ചാരുവിന്റെ ഒരു ചിരി കാണുമ്പോൾ, അതുവരെ ഓടിയതിന്റെ ക്ഷീണം മുഴുവൻ മാറും...

അവൾ വിനീതിനോട് മിണ്ടാറു കൂടിയില്ല ഇടയ്ക്കെപ്പോഴോ അവൻ എന്തോ പറഞ്ഞു വരുമ്പോഴും തിരിഞ്ഞു കൂടി നോക്കാതെ, അവൾ പോകുമായിരുന്നു. ഒന്നു രണ്ടു തവണ ഞാൻ അതു കണ്ടു,...

അവളുടെ കയ്യിൽ നിന്ന് എങ്കിലും അവനൊന്നു കിട്ടണം എന്നു എനിക്ക് തോന്നി,...

അന്നും പതിവ് പോലെ ഒരു ഇന്റർവ്യൂ കഴിഞ്ഞുള്ള വരവിൽ ആയിരുന്നു ഞാൻ,
കിട്ടാൻ ചാൻസ് ഇല്ല...ജോലി ഏറ്റവും അത്യാവശ്യവുമായിരിക്കുന്നു,...ഇപ്പൊ തന്നെ എന്റെ കൂട്ടലിൽ നിന്നുള്ള വരുമാനത്തിൽ നിന്നാണ് ജീവിക്കുന്നത്,....
വീട്ടിൽ എത്തിയപ്പോൾ മുൻപിൽ ആരെയും കണ്ടില്ല,..
കല്യാണം അടുത്തത് കൊണ്ടു അച്ഛനും അമ്മയും എപ്പോഴും ആരെയെങ്കിലും ക്ഷണിക്കാൻ പോയിരിക്കും, മുൻവാതിൽ തുറന്നു ഞാൻ അകത്തു കയറി,
വാതിലും തുറന്നിട്ടു ഇവിടുള്ളവരൊക്കെ ഇവിടെ പോയി എന്ന് ഞാൻ ആലോചിക്കാതിരുന്നില്ല...
നേരെ മുകളിലെ റൂമിൽ ചെന്നു കൊട്ടി,...
രണ്ടു മൂന്നു വട്ടം കൊട്ടിയിട്ടും അനക്കമില്ല...അവൾ ഉറങ്ങുവോ മറ്റോ ആയിരിക്കണം എന്നു തോന്നി ഞാൻ വിളിച്ചു.

"ചാരു....."

പെട്ടെന്ന് എനിക്ക് മുന്നിൽ വാതിൽ തുറന്നു, എന്റെ സ്വരം കേൾക്കാൻ കാത്തിരുന്ന പോലെ ആയിരുന്നു അത്,....
എന്നെ കണ്ടതും ചാരു എന്റെ നെഞ്ചിലേക്ക് വീഴുകയായിരുന്നു....

www.kkstories.com

കുഴപ്പങ്ങൾ ഉണ്ടെങ്കിൽ പറഞ്ഞു തരണേ...
ഈ പാർട് എത്രത്തോളം നന്നായി എന്നറിയില്ല...
അധികം ഗ്യാപ് വരണ്ട എന്നു കരുതി അയച്ചതാണ്...

സ്നേഹപൂർവ്വം...❤️❤️❤️

അവളുടെ പെട്ടെന്നുള്ള പ്രവൃത്തിയിൽ ഞാനും പകച്ചു പോയി,...
എന്റെ നെഞ്ചു നനച്ചുകൊണ്ടു അവളുടെ കണ്ണീരൊഴുകിയിറങ്ങുന്നുണ്ടായിരുന്നു,..

"എന്താ ചാരു...എന്താ പറ്റിയെ....എന്തിനാ നീ ഇങ്ങനെ കരയുന്നെ...."

അവളുടെ മുതുകിൽ തട്ടി ഞാൻ ചോദിക്കുമ്പോഴും എന്നെ ഇറുക്കെ പുണർന്നുകൊണ്ടു ഏങ്ങലടി ആയിരുന്നു അവളിൽ നിന്നു വന്ന മറുപടി,...

"കരയാതെ കാര്യം പറ ചാരു,...വാ...."

അവളെയും പിടിച്ചുകൊണ്ട് ഞാൻ റൂമിലേക്ക് കയറി, ബെഡിൽ പിടിച്ചിരുത്തി, എന്റെ നെഞ്ചിൽ കിടന്നു കരയുന്ന അവളുടെ മുഖം ഞാൻ താടിയിൽ പിടിച്ചുയർത്തി,
ഒലിച്ചിറങ്ങുന്ന അവളുടെ കവിളിലെ കണ്ണീരു ഞാൻ തുടച്ചു.
കലങ്ങിക്കിടക്കുന്ന കണ്ണ് കണ്ടു ഞാനും വല്ലാതെ ആയി...

"എന്താ പറ്റിയെ എന്നു പറ ചാരു...പറയാതെ എങ്ങനാ അറിയുന്നെ..."

എന്നെ ചുറ്റിപ്പിടിച്ചു ഇരിക്കുന്ന ചാരുവിനെ നോക്കി ഞാൻ ചോദിച്ചു.

"എന്നെ....എന്നെ ഇവിടുന്ന് എങ്ങോട്ടേലും കൊണ്ടോവോ... ഏട്ടാ....,എനിക്ക് ഇനിയും ഇവിടെ പേടിയാ..."

എന്റെ നെഞ്ചിൽ മുഖം ചേർത്തു പറഞ്ഞ ചാരുവിനെ ഞാൻ ഒന്നൂടെ, ചേർത്തു പിടിച്ചു.
തള്ളക്കോഴിയുടെ ചൂട് പറ്റി ഇരിക്കുന്ന കുഞ്ഞിനെ പോലെ ആയിരുന്നു അപ്പൊൾ അവൾ...

"എനിക്ക്....വേറെ ആരുമില്ല...പറയാനും, കരയാനും....എന്നെ ഇവിടുന്ന് കൊണ്ടുപോ ഏട്ടാ..."

www.kkstories.com

ഏങ്ങി ഏങ്ങി കരയുന്ന ചാരുവിന്റെ മുതുകിൽ തഴുകി കൊണ്ടു ഞാൻ ഇരുന്നു,...
എന്തോ അരുതാത്തത് നടന്നു എന്നു എനിക്ക് മനസ്സിലായി...
അവളുടെ ഉള്ളം പേടിച്ചു വിങ്ങുന്നത് എനിക്ക് അറിയാൻ കഴിയുന്നുണ്ട്...
അവൾ തന്നെ പറയുന്നതാണ് നല്ലതെന്ന് എനിക്ക് തോന്നി.അതുകൊണ്ട് അവളുടെ മുടിയിഴയിൽ തലോടി ഞാൻ അവളെ കേട്ടിരുന്നു...

"ഇന്ന്....അച്ഛനും അമ്മേം...പൊയ്ക്കഴിഞ്ഞപ്പോ,...അവൻ എന്റടുത്തു വന്നു...
സംസാരിക്കാൻ ഉണ്ടെന്നു പറഞ്ഞപ്പോ എനിക്ക് കേൾക്കാൻ കൂടി, തോന്നിയില്ല...വെറുപ്പാ എനിക്കവനെ....
എന്നിട്ടു, കോണിപ്പടി കേറുമ്പോ അവൻ എന്റെ കൈ പിടിച്ചു വലിച്ചു....എന്നെ അവൻ...ഞാൻ ഓടി മുറിയിൽ കയറി വാതിലടച്ചോണ്ട...
അവൻ...അവനുള്ള വീട്ടിൽ എനിക്ക് പേടിയാ...
അവൻ,...ഇനിയും വരും....
എന്നെ കൊണ്ടുപോ ഏട്ടാ....എവിടേക്കെങ്കിലും..."

എന്റെ നെഞ്ചിൽ കണ്ണീർ വാർക്കുന്ന ചാരുവിന്റെ മുടിയിൽ തഴുകുമ്പോഴും എന്റെ നെഞ്ചും ഉടലും വിറയ്ക്കുകയായിരുന്നു...
മറു കൈയ്യിൽ ഞാൻ ബെഡ്ഷീറ് ചുരുട്ടി, കലി ഒടുങ്ങാതെ എന്നിൽ നിർത്തി...
മുന്നിൽ ഇനി ചെയ്യേണ്ടത് അലോചിച്ചുകൊണ്ട്. ഞാൻ ഇരിക്കുമ്പോഴും ആലോചിച്ചത് ചാരുവിനെ കുറിച്ചായിരുന്നു...
പാവം നല്ലോണം പേടിച്ചിട്ടുണ്ട്.

"എന്നെ ഒരു ഹോസ്റ്റലിൽ ആക്കി തരുവോ.....ഞാൻ അവിടെ നിന്നോളാം..."

എന്റെ ഷർട്ടിൽ തെരുപിടിപ്പിച്ചു കൊണ്ടു അവൾ ഏങ്ങി പറഞ്ഞു,
അവളെ ഇനിയൊരിക്കലും തനിച്ചു വിടില്ലെന്ന് എപ്പോഴോ ഞാൻ തീരുമാനം എടുത്തിരുന്നു...

"നീ,....നമ്മുടെ എല്ലാം എടുത്തു പാക്ക് ചെയ്തോ...നമുക്ക് പോവാം..."

ഞാൻ പറഞ്ഞപ്പോൾ, അമ്പരപ്പോടെ അവൾ എന്നെ നോക്കി.

"നിന്നെ ഞാൻ, തനിച്ചു വിടില്ല...
എവിടേക്കാണെങ്കിലും കൂടെ ഉണ്ടാവും..."

www.kkstories.com

എന്റെ സ്വരത്തിലെ ഉറപ്പ് കണ്ടിട്ടാവണം അവൾ എന്റെ നെഞ്ചിൽ തന്നെ കിടന്നു.

അവൾക്ക് എന്നെ വിടാൻ മടിയായിരുന്നെങ്കിലും, ചെയ്തു തീർക്കാൻ ഒരുപാടുള്ളത് കൊണ്ട്, അവളെ സമാധാനിപ്പിച്ചു ഞാൻ ഇറങ്ങി,

ആദ്യം വിളിച്ചത് അവന്മാരെയാണ്, വേണ്ട കാര്യങ്ങൾ പറഞ്ഞു വെച്ചു,...

ആദ്യം മുടക്ക് പറഞ്ഞെങ്കിലും, കാര്യം പറഞ്ഞപ്പോൾ സമ്മതിച്ചു.

ബൈക്കെടുത്തു ഞാൻ പിന്നെ പോയത് ഓങ്ങി വെച്ചിരുന്ന ഒരു തല്ലിന് വിരാമം ഇടാനായിരുന്നു.

ഇരുട്ടാൻ നേരം ആരെയോ കണ്ടു തിരിച്ചു വന്നുകൊണ്ടിരുന്ന വിനീതിനെ ഞാൻ ചിറയിലേക്ക് ഫോൺ വിളിച്ചു വരുത്തി,...
സംഭവിച്ചതൊന്നും,അറിയാത്ത ഭാവത്തിൽ സംസാരിക്കാനാണ് എന്നു പറഞ്ഞുകൊണ്ടാണ് ഞാൻ അവനെ വിളിച്ചു വരുത്തിയത്.

അവന്റെ മുഖത്തു എന്നെ കാണുമ്പോൾ ഒളിക്കാൻ പാടുപെടുന്ന ഒരു പകപ്പ് ഉണ്ടായിരുന്നു.

"എന്തിനാ ഇങ്ങോട്ടു വരാൻ പറഞ്ഞത്..."

എന്റെ അടുത്തു നിന്നു ഒരു കയ്യകലത്തിൽ നിന്നവൻ ചോദിച്ചു.

"നീ ഇരിക്ക്...."

"എന്താ കാര്യം എന്നു വെച്ചാൽ പറ...
പോയിട്ടു ഒരുപാട് പണിയുള്ളതാ..."

ഈർഷയോടെ എന്നോട് പറഞ്ഞു മുഖം തിരിച്ച അവനെ ഞാൻ ആദ്യമായി കാണുകയായിരുന്നു,...ഞാൻ അറിയുന്ന എന്റെ അനിയനായിരുന്ന വിനീത് അല്ല ഇപ്പോൾ എന്റെ മുന്പിലുള്ളത് എന്നു എനിക്ക് അവൻ തന്നെ വീണ്ടും വീണ്ടും കാണിച്ചു തന്നു.

പിന്നെ വൈകിക്കാൻ ഞാനും നിന്നില്ല, കൈകുത്തി ഞാൻ എഴുന്നേറ്റു അവനരികിലേക്ക് നടന്നു.
www.kkstories.com
അവന്റെ മുഖം ഒന്നു വലിഞ്ഞു വരുന്നുണ്ട്.

"നിന്റെ കല്യാണത്തിന്റെ പരിപാടി ഒക്കെ എവിടെ വരെ ആയി,..."

ഞാൻ വരുന്നത് കണ്ടു അവൻ ഇനി ഒടുമോ എന്നോട് ഡൗട് വന്നപ്പോൾ അവനെ അവിടെ തന്നെ കിട്ടാനായി ഞാൻ ഒന്ന് എറിഞ്ഞു..

"ആഹ് അതിന്റെ ഓരോ കാര്യം ചെയ്തു കൊണ്ടിരിക്കുവാണ്...."

എവിടെയും തൊടാതെ അവൻ പറഞ്ഞു,...

ഒരു പുഞ്ചിരിയോടെ ഞാൻ കൈ എടുത്തു അവന്റെ തോളിൽ ഇട്ടു,...

"നിങ്ങൾ തമ്മിൽ അവിടെ വെച്ചുള്ള പരിചയം തുടങ്ങിയിട്ട്, എത്ര നാളായി..."

"അത്...അത് കുറച്ചായി..എന്താ..."

"ഏയ് ഒന്നുല്ല... വെറുതെ അറിയാൻ ചോദിച്ചെന്നെ ഉള്ളൂ....

പിന്നെ...വീട്ടിൽ ഉള്ള ഒരാളുണ്ട്...അവളെ എന്തു ചെയ്യാനാ പ്ലാൻ...."

അവനോടു ഞാൻ ചോദിച്ചപ്പോൾ, അവനു ഞെട്ടൽ ഒന്നും ഉണ്ടായില്ല...

"ഓഹ് ഇത്ര നാളും ഏട്ടൻ അല്ലെ നോക്കിയിരുന്നെ...ഇനി,...എച്ചിലായിക്കഴിഞ്ഞപ്പോൾ,..എന്റെ തലേൽ വെക്കാനാണോ...
എനിക്ക് അവളെയൊന്നും, വേണ്ട...എന്റെ ചിലവിൽ ഫ്രീ ആയി ഏട്ടനൊരു പെണ്ണ് അങ്ങനെ അങ്ങു പോട്ടെ,...ഇനി മടുത്തേല്,..ഏട്ടന് ഇഷ്ട്ടമുള്ള പോലെ ചെയ്തോ....അവളുടെ കാര്യത്തിൽ എനിക്കൊന്നുമില്ല...."

വിറച്ചിട്ടാണെങ്കിലും ഒരു പുച്ഛത്തോടെ ആണവൻ പറഞ്ഞത്, കേട്ടു നിന്ന എന്റെ ചെവി പുളിച്ചെങ്കിലും, ഞാൻ എന്റെ അവസരത്തിനു വേണ്ടി കാത്തു.

"ഓഹ് ആയിക്കോട്ടെ....അപ്പൊ, എന്തായാലും നീ അവൾ എന്റെ പെണ്ണാണ് എന്നു പറഞ്ഞല്ലോ....അങ്ങനെ തന്നെ ആയിക്കോട്ടെ...അപ്പൊ,...ഇനിയുള്ള ചില കാര്യങ്ങൾ നമുക്ക് രണ്ടു പേരുടെയും ഇടയിൽ നിന്നാൽ മതി,...
അതിൽ ആദ്യത്തേത്...
ഇന്ന് വീട്ടിൽ ചെന്നിട്ട്, അച്ഛനോടും അമ്മയോടും ഞങ്ങൾ വീടുമാറുന്ന കാര്യം പറയും, അപ്പോൾ നീയും ആഹ് കാര്യം പറഞ്ഞു അതു സമ്മതിപ്പിക്കണം...കുറച്ചു ദേഷ്യപ്പെട്ടു പറഞ്ഞാലും സാരമില്ല....മനസ്സിലായോ,..."

www.kkstories.com

അവൻ എന്നെ തന്നെ തുറിച്ചു നോക്കി നിൽക്കുവാണ്...

"ഇനി രണ്ടാമത്തെ കാര്യം...."

പറഞ്ഞ അടുത്ത നിമിഷം ഞാൻ അവന്റെ കഴുത്തിനു പിടിച്ചു ഉന്തി അടുത്തുള്ള തെങ്ങിലേക്ക് മുഖം പിടിച്ചു അമർത്തി വെച്ചു,....അവന്റെ ഒരു കൈ പിരിച്ചു പിന്നിലേക്ക് വെച്ചു,....

"ആഹ്.....ആഹ്...എന്താ ഈ കാണിക്കണേ....വിടടാ വിടാൻ...."

"വിടാട,...പുല്ലേ കൊല്ലാനുള്ള ദേഷ്യം എനിക്കുണ്ട് പക്ഷെ...ഒരേ ചോര ആയതുകൊണ്ടാ...
നിനക്ക് ഞാൻ ഈയൊരു അടി ഓങ്ങി വെച്ചിട്ട് കാലം കുറച്ചായി,...."

അവനെ തള്ളി പിടിച്ചു ഞാൻ പറയുമ്പോൾ അവൻ ഞരങ്ങുന്നുണ്ടായിരുന്നു,...

"എല്ലാം പോട്ടെ എന്നു കരുതി ഒതുങ്ങി നിന്നതാ ഞാൻ....പക്ഷെ ഇന്ന് നീ കാണിച്ച തന്തയില്ലാത്തരത്തിന്,...ഞാൻ നിന്നെ തല്ലിയില്ലെങ്കിൽ, ഞാൻ എന്നെ തന്നെ ചതിക്കുന്നത് പോലെ ആവും....പിന്നെ പാവം അവളെയും....എന്തു അവകാശത്തിലാട നായെ നീ അവളെ തൊട്ടത്....."

തെങ്ങിൽ നിന്നും വലിച്ചെടുത്തു അവന്റെ വയറ്റിൽ എന്റെ കൈ ഊക്കിന് പതിഞ്ഞു, വേദനയിൽ കുമ്പിറ്റു നിന്ന...
അവന്റെ നടുവിന് ചവിട്ടിതെറിപ്പിച്ചു,

"നീ എന്നോടും അവളോടും ചെയ്തതിനു, നിന്നെ പച്ചയ്ക്ക് കൊല്ലാനുള്ള ദേഷ്യം ഉണ്ടെനിക്ക്....ചെറ്റെ...."

അവനെ കോളറിൽ തൂക്കിയെടുത്തു, കവിളിൽ ഞാൻ ആഞ്ഞു പൊട്ടിച്ചു,...
തെങ്ങിൽ അമർത്തിയപ്പോൾ ഉണ്ടായ മുറിവിൽ നിന്നും അവന്റെ വായിൽ നിന്നും ചോര ഒഴുകുന്നുണ്ടായിരുന്നു.

"ഇവിടെക്കൊണ്ടു ഞാൻ തീർക്കുവാ,ഞാനും നീയും തമ്മിലുള്ള ബന്ധവും കണക്കും....,...ഇനി ഇതിന്റെ ബാക്കി തീർക്കാൻ എന്റേയോ അവളുടെയോ പുറകെ നീ വന്നാൽ...പിന്നെ എനിക്ക് ആലോചിക്കാൻ മറ്റൊരു വഴി ഇല്ല....
ഇനി അവളുടെ നിഴൽവെട്ടത്തു പോലും, നിന്നെ ഞാൻ കാണാൻ പാടില്ല...കേട്ടല്ലോ...."

കുഴയുന്ന കണ്ണുമായി അവൻ എന്നെ നോക്കി...
പിന്നെ തല കുലുക്കി,...

"ആഹ് അപ്പൊ മക്കള് വിട്ടോ,...എവിടേലും വീണു പറ്റിയതാണെന്ന് പറഞ്ഞാൽ മതി...കേട്ടല്ലോ...എന്നാൽ ചെല്ല്..."

അവന്റെ കവിളിൽ തട്ടി ഞാൻ പറഞ്ഞു,...
കുഴഞ്ഞു ആടിക്കൊണ്ടു പൊട്ടിയൊലിച്ച ചോരയും തുടച്ചു, അവൻ നടന്നു നീങ്ങി.
പ്രതികാരം എന്നു പറഞ്ഞു അവൻ ഇനി വരുമോ എന്നറിയില്ല,..പക്ഷെ വന്നാലും എനിക്കൊരു പുല്ലുമില്ല...

അവൻ പോകുന്നതും നോക്കി ഞാൻ നിന്നു...

www.kkstories.com

ചിറയിലെ മാടത്തിൽ ഇരുന്നു, ഇനിയുള്ള കാര്യങ്ങൾ കണക്കു കൂട്ടുമ്പോൾ ആയിരുന്നു,
അവന്മാര് എത്തിയത്....

"എന്തായി....കാര്യങ്ങൾ..."

"കുറച്ചൊക്കെ സെറ്റ് ആയി...
നീ ശെരിക്കും ആലോചിച്ചിട്ടാണോടാ..."

എന്റെ അടുത്തു വന്നിരുന്ന അർജ്ജുൻ ചോദിച്ചു.

"ഉം...ഇനിയും അവിടെ പറ്റില്ലെടാ.....നുണയൻ എവിടെ...."

"അവൻ വേറെ കുറച്ചു കാര്യങ്ങൾക്ക് പോയിരിക്കുവാ....നമുക്ക് ഇന്ന് പോണോ...വീട് കാണാൻ..."

"ആടാ...വൈകിക്കണ്ട...എത്ര പെട്ടെന്നു എന്നു വെച്ചാൽ അങ്ങനെ....നാളെ കേറാൻ പറ്റിയാൽ അത്രേം നല്ലത്..."

www.kkstories.com

"കുറച്ചു ഉള്ളിലാണ് കിട്ടിയത്...ഒരു ചെറിയ വീടാ...നിങ്ങൾക്ക് രണ്ടുപേർക്കും അതു മതിയാവുമല്ലോ...ചെറുതാണെങ്കിലും നല്ല ഭംഗിയുണ്ട് വൃത്തിയും..."

"ചെറുത് മതിയെടാ..... വാ...പോയേക്കാം..."

അതോടെ അവൻ എഴുന്നേറ്റു....

അവന്റെ ബൈക്കിനു പിന്നിൽ ഇരുന്നു പുതിയ തീരം തേടിയുള്ള യാത്ര ആരംഭിച്ചു.

നഗരത്തിന്റെ തിരക്കിൽ നിന്നൊക്കെ മാറി ഉള്ളിലേക്കാണ് സ്ഥലം,
റോഡിലൊരു ബസ് സ്റ്റോപ് കണ്ടു, പിന്നെ അടുത്തു കണ്ട ഇടറോട്ടിലൂടെ കുറച്ചു ദൂരം കൂടെ പോയി...
വീടുകൾ തമ്മിലുള്ള അകലം കുറയുന്നുണ്ട്...
ഒടുക്കം ഒരു ചെറിയ വിക്കറ്റ് ഗേറ്റ് വെച്ചിരിക്കുന്നതിന്റെ മുന്നിൽ അവൻ കൊണ്ടു പോയി നിർത്തി,...
ഞാൻ അകത്തേക്കു നോക്കി കൺവെട്ടത്തായി, വെള്ള നിറമുള്ള പെയിന്റ് അടിച്ച ഒരു കുഞ്ഞു ഓടിട്ട വീട് കണ്ടു.

മുൻപിലുള്ള വഴിയിൽ ചെറു മെറ്റൽ വിരിച്ചു വശങ്ങളിൽ കുറെ ചെടികൾ പൂവുമായി നിക്കുന്ന വഴി,
കണ്ടപ്പോഴേ എനിക്ക് ഇഷ്ടപ്പെട്ടു,....പക്ഷെ ദൂരം ആയിരുന്നു പ്രശ്നം...
ബസ് സ്റ്റോപ്പിൽ എത്തണമെങ്കിൽ തന്നെ ഇവിടുന്ന് കുറച്ചു പോണം,...

ഞാൻ ചുമ്മ വീടിന്റെ പരിസരം ഒക്കെ ഒന്നു കണ്ണോടിച്ചു നോക്കി,...
അല്പം മാറി ഒരു വീട് കാണാം...
കുറെ മരങ്ങൾ നിക്കുന്ന പറമ്പാണ് ചുറ്റും, നല്ല തണുപ്പും...
ചാരുവിന് ഇഷ്ടപ്പെടുവൊ എന്തോ...

"ഡാ..."

അർജ്ജുന്റെ വിളി കേട്ടാണ് ഞാൻ നോക്കിയത്, അവൻ ഇത്ര നേരം ആരെയോ ഫോണിൽ വിളിക്കുകയായിരുന്നു.
നോക്കുമ്പോൾ അവനൊപ്പം വേറെ ഒരാളെ കൂടി കണ്ടു, നല്ലൊരു പ്രായം തോന്നിക്കുന്ന മനുഷ്യൻ...കണ്ട കാണുന്ന ഏതു കണ്ണുപൊട്ടനും മനസ്സിലാവും ബ്രോക്കർ ആണെന്ന്...കക്ഷത്തിൽ തിരുകിയിരിക്കുന്ന ആഹ് കറുത്ത ബാഗ് മാത്രം നോക്കിയാൽ മതി.

www.kkstories.com

"ഡാ... ഇതാണ്, ദിനേശൻ ചേട്ടൻ...ഈ വീട് പുള്ളിയെയാ നോക്കാൻ ഏല്പിച്ചെക്കുന്നെ..."

"നമസ്കാരം...."

വിനയ വിധേയനായി അയാൾ ഇളിച്ചുകൊണ്ട് പറഞ്ഞു.

"ഓഹ് ആയിക്കോട്ടെ..."

തിരിച്ചു ഞാനും പറഞ്ഞു.

"ഡാ... എങ്ങനെയ അകത്തു കയറി നോക്കാല്ലോ...."

ഞാൻ തല കുലുക്കിയതും അയാൾ ഗേറ്റ് തുറന്നു അകത്തേക്കു നടന്നു വാലുപോലെ പിന്നിൽ ഞങ്ങളും,..

"മുന്പിവിടെ...ഒരു പണിക്കു വന്ന കുറച്ചു ബംഗാളികളാ താമസിച്ചത്,...അവന്മാരുടെ പണി കഴിഞ്ഞപ്പോൾ ഇവിടുന്ന് പോയി, അതു

കഴിഞ്ഞു പിന്നെ വീടിന്റെ കിടപ്പു കണ്ടപ്പോൾ ശോശാമ്മ ടീച്ചർ എന്റെ നെറുകം തല അടിച്ചു പൊട്ടിച്ചു, അവന്മാര് അതുപോലെ ആക്കിയാ ഇവിടുന്ന് പോയത്, ആശാരിയേം പെയിന്റർ നേം ഒക്കെ വിളിപ്പിച്ചു നിർത്തിയാ ഒന്നു നേരെ ആക്കി എടുത്തത്,...
പിന്നെ വെറുതെ കിടന്ന് നശിഞ്ഞു പോയാലോ അതുകൊണ്ടു നാട്ടിലുള്ള ഏതേലും ഫാമിലിക്ക് ആണേൽ കൊടുത്താൽ മതി എന്ന് പറഞ്ഞാ പിന്നേം എനിക്ക് ഇതിന്റെ താക്കോല് തന്നെ..."

അയാള് വാതിൽ തുറന്നു അകത്തേക്ക് നടത്തിച്ചു...
പുതിയ പെയിന്റ് ന്റെ മണം മാറാത്ത ചുവരുകൾ...
മുകളിൽ മച്ചാണ്,...ഒരു ഹാൾ ഉണ്ട്, പിന്നെ ഒരു മുറിയും കിച്ചണും, അതിനോട് അടിപ്പിച്ചു ഒരു കുഞ്ഞു ഡൈനിങ്ങ് റൂമും.

എല്ലാം ഒഴിഞ്ഞു കിടപ്പാണ്,...

കണ്ടു കഴിഞ്ഞു ഞാനും അർജ്ജുനും ഒന്നു മാറി നിന്നു സംസാരിച്ചു,

"ഡാ... എങ്ങനാ...എടുക്കുന്നോ....ദൂരം കുറച്ചു കൂടുതല..."

www.kkstories.com

എന്റെ മനസ്സിൽ അപ്പോൾ കുറഞ്ഞ അഡ്വാൻസും, വാടകയുമായിരുന്നു, ദൂരം അല്പം കൂടിയാലും, ഇനിയും ഒരുപാട് കാര്യങ്ങൾ ബാക്കി ഉള്ളതുകൊണ്ട് ഇതൊറപ്പിക്കാം എന്ന ചിന്ത ആയിരുന്നു എനിക്ക്...
ഞാൻ അവനെയും പറഞ്ഞു സമ്മതിപ്പിച്ചു അങ്ങേരുടെ അടുത്തെത്തി.

"ഇവിടെ ഈ ഭാഗത്ത് വേറെ വീടൊന്നും ഇല്ലേ ചേട്ടാ...ഒരാവശ്യം വന്നാൽ അടുത്തൊന്നും ആരും ഇല്ലെങ്കിൽ..."

"എന്റെ കൊച്ചനെ, ഇവിടെ ഈ ഭാഗത്തു തന്നെ ഒരു നാലഞ്ചു വീടുണ്ട്...
ദോ ആഹ് കാണുന്നത് ഞാൻ പറഞ്ഞില്ലേ ഈ വീടിന്റെ ഉടമസ്ഥ ശോശാമ്മ ടീച്ചറുടെ വീട്, ആള് ഇപ്പോൾ റിട്ടയേർഡ് ആയി വീട്ടിൽ തന്നെ ഉണ്ട്..പിന്നെ ഈ ഇറക്കം ഇറങ്ങി ചെന്നാൽ രണ്ടു വീടുണ്ട്...
പിന്നെ ദേ ഈ പറമ്പു ആഹ് കാണുന്ന വീട്ടുകരുടെയാ..."

നോക്കുമ്പോൾ അയാൾ ചൂണ്ടി കാട്ടുന്നിടത്തെല്ലാം അവിടെ അവിടെ വീടുകൾ ഉണ്ട്...
മുട്ടി മുട്ടി ഇല്ലെന്നെ ഉള്ളൂ...

"നിങ്ങൾക്ക് സമ്മതം ആണേൽ കയ്യോടെ പോയി ടീച്ചറെ കണ്ട് ഉറപ്പിക്കാം..."

അയാൾ നിന്നു തലചൊറിയുന്നത് കണ്ട ഞാൻ ഓക്കെ പറഞ്ഞു.

ഇപ്പൊ കണ്ട വീടിന്റെ പറമ്പ് കഴിഞ്ഞു അവരുടെ വീടിന്റെ പറമ്പു തുടങ്ങുന്നു, ഉള്ളിലേക്ക് അല്പം കയറി കവുങ്ങും ജാതിയും നിറഞ്ഞ പറമ്പിന് നടുവിൽ വലിയൊരു ഇരു നില വീട്, വാ ഒന്നു പൊളിഞ്ഞു പോയെങ്കിലും,...
ഉടനെ അടച്ചു എയർ വലിച്ചു പിടിച്ചു നടന്നു.

മുന്നിൽ കാളിംഗ് ബെല്ലിന് പകരം മണി ആയിരുന്നു,
അങ്ങേരു പിടിച്ചൊന്നു അടിച്ചു,...
അല്പം കഴിഞ്ഞു,
വെളുപ്പിൽ ഇളം നീല കുഞ്ഞുപൂക്കൾ പ്രിന്റ് ചെയ്ത സാരിയിൽ കൈ തുടച്ചുകൊണ്ടു ഒരു പത്തമ്പതു വയസ്സു തോന്നിക്കുന്ന സ്ത്രീ ഇറങ്ങി വന്നു,
ഭയങ്കര ഐശ്വര്യം,...
കറുപ്പ് മുടിയാണേലും, ഇടയ്ക്കോരോ വെള്ളിക്കെട്ടു കാണാം...
തടിച്ച ശരീരം, മുഖത്തു നല്ലൊരു ചിരി കണ്ടതോടെ പകുതി ആശ്വാസമായി.

www.kkstories.com

"ടീച്ചറെ ഇവരാ...നമ്മുടെ ചെരുവിലെ വീടിനു വന്നത്...."

"കാര്യങ്ങളൊക്കെ സംസാരിച്ചില്ലേ...ബാക്കി എല്ലാം നേരത്തെ പറഞ്ഞ പോലെ... പേരെന്താ..."

കൈ കെട്ടി നിക്കുന്ന അവരുടെ മുഖത്തൂന്നു കണ്ണെടുക്കാൻ പോലും തോന്നുന്നില്ല...കണ്ണുകളിൽ തിളക്കം...

"വിവേക്..."

"വിവേക് ഒറ്റയ്ക്കാണോ ഇവിടെ..."

എന്തോ ചെറിയ പേടി കണ്ണിൽ വരുന്നത് പോലെയുള്ള ചോദ്യം.

"ഏയ് ഇല്ല ടീച്ചറെ...ഇയാൾക്കും ഭാര്യയ്ക്കും കൂടിയാ..."

ബ്രോക്കർ പറഞ്ഞതു കേട്ട ടീച്ചർ ആശ്വാസത്തോടെ ചിരിച്ചു...

"ആളും അനക്കവും ഉണ്ടാവണം എന്നു കരുതിയാ...നേരത്തെ അവർക്ക് വാടകയ്ക്ക് കൊടുത്തത് അതോടെ മതിയായി...
അപ്പോഴേ ഓർത്തതാ ഇനി ഏതേലും ഫാമിലിക്കെ കൊടുക്കൂന്ന്... അതാട്ടോ..."

നനുത്ത ശബ്ദത്തിൽ പരിഭവം ഉണ്ടാവാതിരിക്കാനുള്ള ലാഞ്ചന തെളിഞ്ഞു കാണാമായിരുന്നു....

ഞാൻ ചിരിച്ചു, കരാർ എഴുതി അഡ്വാൻസ് കൊടുത്തു.
രണ്ടു ദിവസത്തിനുള്ളിൽ മാറാം എന്നു പറഞ്ഞു ഇറങ്ങി.
കണ്ടിട്ട് പാവം സ്ത്രീ ആണെന്ന് എനിക്ക് തോന്നി, ചാരുവിനൊരു കൂട്ട് ഇവിടെ ഉണ്ടാവുമെന്ന് ഓർത്തു കുറച്ചു ആശ്വാസം ആയി.

തിരികെ വീട്ടിലേക്ക് പോകും വഴി ഒരെത്തും പിടിയും കിട്ടുനില്ലായിരുന്നു...
ആവേശത്തിൽ ഇറങ്ങിയത് തെറ്റായി പോയോ എന്ന ചിന്ത നിറഞ്ഞു വരുന്നു...
അഡ്വാൻസ് കൊടുത്തത് ബാങ്കിൽ ഇട്ടിരുന്ന കുറച്ചു കാശ് എടുത്തിട്ടാ....ഇനി അങ്ങോട്ടും എന്തൊക്കെ വേണ്ടി വരുമെന്ന് ഒരു പിടിയും ഇല്ല...
ഓരോന്നു ആലോചിച്ചു വീട്ടിൽ എത്തുമ്പോൾ,
എന്നെ നോക്കി മുറ്റത്തു തന്നെ അവൾ നിൽപ്പുണ്ടായിരുന്നു,...

www.kkstories.com

മുന്നിൽ എത്തിയ എന്നെ ചൂഴ്ന്നു നോക്കി നിക്കുന്ന ചാരുവിനെ ഞാനും ഒന്നു കിളളി നോക്കി.
പിന്നെ എന്റെ ഒപ്പം കൂടെ വീട്ടിലേക്ക് നടക്കുമ്പോഴും പെണ്ണിന്റെ കണ്ണ് ഇടയ്ക്ക് തട്ടിത്തെറിച്ചു എന്നിലേക്ക് നീളുന്നുണ്ടായിരുന്നു..

"ഏട്ടൻ ഇന്ന് എവിടെപോയതാ...."

ഒടുക്കം ഒന്നു മടിച്ചവൾ ചോദിച്ചു.

"എവിടെ പോവാൻ...കുറച്ചു കാര്യങ്ങൾ ഒക്കെ ഉണ്ടായിരുന്നു...നമുക്കു ഇവിടുന്ന് മാറണ്ടേ അതിനുള്ള ഓട്ടം..."

അതു പറയുമ്പോൾ അവളുടെ തല ഒന്നു കുനിഞ്ഞു,....
പെട്ടെന്ന് വിഷമം ആയപോലെ...

"ഏട്ടന് ഒത്തിരി ബുദ്ധിമുട്ടായല്ലേ...ഞാൻ കാരണം..."

അവളുടെ സ്വരത്തിൽ, അടക്കിപ്പിടിക്കാൻ കഷ്ടപ്പെടുന്ന ഒരു നോവുണ്ടായിരുന്നു.

അതോടെ ഞാൻ അവളെ ഒന്ന് ചുറ്റിപ്പിടിച്ചു,..അതു കാത്തിട്ടെന്നപോലെ എന്റെ മേത്തേക്ക് അവൾ ചാഞ്ഞു,.

"ചാരു...ഇതു നീ കാരണം ഒന്നും അല്ല...അതോർത്തു ഇനി ആലോചിച്ചു വിഷമിച്ചിരിക്കേണ്ട,...അവനെ പോലെ ഒരുത്തനുള്ള വീട്ടിൽ പേടിച്ചു കഴിയുന്നതിലും ബേധം, മാറി പോവുന്നതല്ലേ...ഇന്നല്ലെങ്കിൽ നാളെ എന്തായാലും ഞാൻ ഈ വീട് അവനു വിട്ടു കൊടുക്കണം...ഇതിപ്പോ ഇങ്ങനൊരു കാരണം കൂടി ഉണ്ടായി എന്നെ ഉള്ളൂ..അതലോചിച്ചു എന്റെ കൊച്ചിനി വിഷമിക്കേണ്ട...."

അവളെ ഒന്നു ചേർത്തു കുലുക്കി ഞാൻ അകത്തേക്കു നടന്നു.

ഹാളിൽ തന്നെ ആഹ് കാഴ്ച്ച കണ്ടു,...
സോഫയിൽ നീലിച്ച മുഖവും, മേല് മുഴുവൻ എണ്ണയും, നീര് വന്നു വീർത്ത കാലും, ഒക്കെയായി അവനെ ഇട്ടു ഉഴിയുന്ന അമ്മ.

ഞാൻ വന്നത് കണ്ട എന്നെ ഒന്ന് നോക്കിയ അവൻ അതേപോലെ മുഖം തിരിച്ചു കിടന്നു.

www.kkstories.com

"ഇവൻ എങ്ങാണ്ടോ പോയി വീണു മോനെ.....
ദേ നെഞ്ചും മുഖോം കാലും എല്ലാം നീര് വന്നു കിടപ്പുണ്ട് ചതവും ഉണ്ട്..."

"ആശുപത്രിയിൽ കാണിച്ചില്ലെടാ...വേണേൽ ഞാൻ വരാം.."

ഒന്നും അറിയാത്ത പോലെ ഞാൻ ചോദിച്ചു...
ഒന്നു ഞരങ്ങിയതല്ലാതെ വേറെ പ്രതികരണം ഒന്നുമില്ല...ഹോ എനിക്ക് ആഹ് കിടപ്പു കണ്ടിട്ട് കുണ്ടിക്ക് ഒരു ചവിട്ടും കൂടി കൊടുക്കാൻ തോന്നിപ്പോയി...
കൊതി അടക്കി പിടിച്ചു,...
ഞാൻ മേളിലേക്ക് കയറുമ്പോൾ എന്റെ പിന്നാലെ വാല് പോലെ ചാരുവും ഉണ്ടായിരുന്നു.

ഞാൻ അകത്തു കയറിയതും പെണ്ണ് ഉടനെ വാതിൽ കുറ്റിയിട്ടു,

"എന്താ മോനൂസെ പരിപാടി..."

എന്നെ കണ്ണു കൂർപ്പിച്ചു നോക്കി പെണ്ണ് ചോദിച്ചു.

"എന്ത് പരിപാടി ഒന്നു കുളിക്കണം...."

"ഏട്ടനും ഇന്നെവിടേലും വീണോ..."

അവളുടെ ചോദ്യത്തിൽ തന്നെ വശപ്പിശക് മണുത്ത ഞാൻ എന്റെ മേത്തൊക്കെ ഒന്നു നോക്കി...

"അവിടെ ഒന്നുമല്ല...ദേ ഇവിടെ..."

പറഞ്ഞു വന്നു ചാരു എന്റെ കൈമുട്ടിനു പിന്നിൽ ഒന്നു പിടിച്ചു വലിച്ചു തൊട്ടു,...
അവളുടെ കൈ വീണപ്പോൾ അവിടെ തൊലി പോയിട്ടുണ്ട് എന്നു നീറിയപ്പോൾ മനസ്സിലായി...

"സ്സ്...വിട് പെണ്ണെ..."

"ഹി ഹി ഹി...ഇതെവിടെ പോയി വീണതാ ഏട്ടാ..."

"പൊടി കുരുപ്പേ..."

www.kkstories.com

കള്ളിവെളിച്ചതായതോടെ അധികം ചീയാൻ നിക്കാതെ ഞാൻ ബാത്റൂമിൽ കയറി.

"എനിക്ക് എല്ലാം മനസ്സിലായീ ട്ടാ..."

ഞാൻ കയറിയതും പുറത്തു നിന്നവൾ വിളിച്ചു പറഞ്ഞു...

****

"നിനക്കിതെന്തിന്റെയാട....ഇവിടെ നിനക്കിപ്പോ എന്താ കുറവ്....ഇവന്റെ കെട്ടൊറപ്പിച്ചു നിക്കുന്ന സമയത്തു നീ വീടുമാറുന്നു എന്നു പറയുമ്പോൾ നാട്ടുകാര് എന്തു പറയും..."

വിഷയം രാത്രി ഞാൻ എടുത്തിട്ടതും പൊട്ടിത്തെറിച്ചത് അമ്മയാണ്.
അച്ഛൻ ഒന്നും മിണ്ടാതെ ഇരുന്നതെ ഉള്ളൂ...

"ഇതു ഞാൻ കുറച്ചു നാളായി ആലോചിച്ചു ഇരുന്ന കാര്യമാണമ്മേ....ഇപ്പോഴാണ് എല്ലാം ശെരി ആയത് ഇവിടുന്ന് കുറച്ചു മാറി ഒരു വീട് ശെരിയായിട്ടുണ്ട്..."

"നിങ്ങള് ഇതൊന്നും കേൾക്കുന്നില്ലേ....ഈ കുടുംബം ഇങ്ങനെ ചിതറിപ്പോവുമ്പോൾ മിണ്ടാതെ ഇരിക്കാനാണോ..."

അമ്മ കണ്ണും നിറച്ചു അച്ഛനെ നോക്കി ചീറി...

"അവൻ എല്ലാം തീരുമാനിച്ചു കഴിഞ്ഞില്ലേ...ഇനി പറഞ്ഞിട്ടു എന്തു മാറാനാ..."

അത്രയും പറഞ്ഞു അച്ഛൻ എഴുന്നേറ്റു പോയി...
ആഹ് ഉള്ളെളരിയുന്നത് എനിക്ക് കാണാമായിരുന്നു, പക്ഷെ ഇത് സംഭവിച്ചേ പറ്റൂ...എന്നെങ്കിലും അവർക്കിത് മനസ്സിലാവും എന്നു പ്രതീക്ഷിക്കാനെ എനിക്ക് കഴിയൂ എന്നറിയാം..."

"'അമ്മ അപ്പോഴും ഇരുന്നു പതം പറഞ്ഞു ഇരുന്നു മൂക്ക് പിഴിയുന്നുണ്ട്..."

അപ്പോഴാണ് ഒരു മൂലയിൽ കണ്ണും നിറച്ചു മിണ്ടാതെ ഇരിക്കുന്ന ചാരുവിനെ അമ്മ കണ്ടത്,...അമ്മയുടെ മുഖഭാവം മാറുന്നത് കണ്ടതും എനിക്ക് കാര്യം മനസ്സിലായി...

"ഇവള് ഈ കുടുംബത് കേറി വന്നേപ്പിന്നെയാ എല്ലാം നശിക്കാൻ തുടങ്ങിയത്,....
ഇപ്പൊ നിന്റെ ബുദ്ധി ആയിരിക്കും എന്റെ മോനെ ഇപ്പോൾ ഈ നിലയിൽ ആക്കിയത്...."

ആർത്തു കൊണ്ടു ചാരുവിന് നേരെ പാഞ്ഞു വന്ന അമ്മയെ ഞാൻ കയിൽ ഒതുക്കി പിടിച്ചു...
സങ്കടം സഹിക്കാൻ ആവാതെ എന്റെ ചുമലിലേക്ക് വീണു കരഞ്ഞു തുടങ്ങി.

അമ്മയെ താങ്ങി പുറത്തെ കോലായിലേക്ക് നടക്കുമ്പോൾ വിങ്ങിപ്പൊട്ടി ഇപ്പൊ കാറിപ്പൊളിക്കും എന്ന നിലയിൽ നിക്കുന്ന ചാരുവിനെ നോക്കി ഒന്നു കണ്ണടച്ചു കാട്ടി അമ്മയേം കൂട്ടി ഞാൻ നടന്നു.

"അമ്മാ....ഈ തീരുമാനം എൻറെയാ....ചാരു പോലും ഇപ്പഴാ ഇതറിയുന്നെ...."

"പോടാ...അവള് പറഞ്ഞിട്ടല്ലാതെ നീ ഇപ്പൊ എന്തിനാ വീട് വിട്ടിറങ്ങുന്നെ...എനിക്കറിയാം...."

കണ്ണു അമർത്തിതുടച്ചു വീണ്ടും ഏങ്ങിക്കൊണ്ടു അമ്മ പറഞ്ഞു.

"എന്റെ ഉഷകൊച്ചേ....ഇതെടുത്തിട്ട് ഒത്തിരി നാളായി...
ഇപ്പൊ സമയം ആയെന്നു തോന്നി, അതുകൊണ്ടു കൂടിയാ...എന്നായാലും ഈ വീട് അവനുള്ളതല്ലേ..ഇപ്പൊ അവന്റെ കല്യാണോം ആയി,...അവന്റെ പെണ്ണിന്റെ ആൾക്കാരു നോക്കുമ്പോൾ അവന്റെ വീട്ടിൽ കടിച്ചു തൂങ്ങി കിടക്കുന്നവനായിട്ടെ എന്നെ കാണൂ...പിന്നെ അതിന്റെ പേരിൽ പ്രശ്നങ്ങളായി,...അതിലും നല്ലത് നന്നായിരിക്കുമ്പോൾ തന്നെ മാറുന്നതാ... ഗള്ഫിലെക്കൊന്നും അല്ലല്ലോ എന്റെ ഉഷാമ്മേ... ഒരു വിളി അടുത്ത സെക്കന്റിൽ ഞാൻ ഇങ്ങെത്തില്ലേ...."

ഒന്നു കൂട്ടിപിടിച്ചു പറഞ്ഞതും എന്റെ മുഖം കോരി എടുത്തു ഉമ്മകൊണ്ടു പൊതിഞ്ഞിരുന്നു അമ്മ...
കുറെ നോക്കിയെങ്കിലും കണ്ണു നിറയുന്നത് തടയാൻ എനിക്കും കഴിഞ്ഞില്ല...
****

വീട് വിട്ടിറങ്ങുമ്പോൾ അധികം ഒന്നും കയ്യിൽ ഉണ്ടായിരുന്നില്ല...രണ്ടു ബാഗിൽ കൊള്ളാവുന്ന സാധനങ്ങൾ എല്ലാം ഇനി ഒന്നെന്നു തുടങ്ങണം എന്നറിയാം...
അത്യവശ്യം വേണ്ട കുറച്ചു സാധനങ്ങൾ ഒക്കെ ഞാൻ വാങ്ങി നേരത്തെ അവിടെ എത്തിച്ചിട്ടുണ്ട്...
സത്യം പറഞ്ഞാൽ ബൈക്ക് സ്വപ്നം കണ്ടു ബാങ്കിൽ കൂടിയിരുന്ന പണം ഒക്കെ വീടിന്റെ അഡ്വാൻസും അല്ലറ ചില്ലറ സംഭവങ്ങളും വാങ്ങിയപ്പോൾ തന്നെ തീരാറായി...
www.kkstories.com
എന്റെ ബൈക്കും എടുത്തു ബാഗൊരെണ്ണം കയ്യിൽ ചുറ്റിപ്പിടിച്ചു ഇരുന്നു ചാരുവും ഞാനും വീടിനോടു യാത്ര പറഞ്ഞു,
കെട്ടിവന്നപ്പോൾ മുതൽ ഞാൻ കഴിഞ്ഞു ചാരുവിന്റെ അടുത്ത കൂട്ടായിരുന്നു പോഞ്ഞിക്കര...
പെണ്ണിനി അതിനെ വല്ലോം എടുത്തു ബാഗിലിട്ടൊ എന്നറിയാൻ കുലുക്കി ആണ് ബാഗ് എടുത്തു ബൈക്കിൽ വെച്ചത്.

വീട് വിട്ടിറങ്ങുന്നതിൽ അച്ഛനുള്ള നീരസം പരസ്യമായിരുന്നു, അമ്മയ്ക്ക് കൂടെ വരണം എന്നുണ്ടായിരുന്നെങ്കിലും അച്ഛന്റെ വാക്കിൽ വീട്ടിൽ തന്നെ നിന്നു, പക്ഷെ എന്നെ പോലും അറിയിക്കാതെ അമ്മയുടെ രണ്ടു വളകൾ അമ്മ ചാരുവിന് കൊടുത്തിരുന്നു,...

വീട്ടിലേക്ക് ഞങ്ങളുടെ ഒപ്പം നുണയനും
നുണയന്റെ അനിയത്തി നിത്യയും ഉണ്ട്,..ആള് കോളേജിൽ പഠിക്കുവാണ് ഒരു കാന്താരി.

മിററിലൂടെ നോക്കുമ്പോൾ ഇടയ്ക്കിടയ്ക്ക് കണ്ണു തുടയ്ക്കുന്ന ചാരുവിനെ കാണാം...
അതിനി മാറണോങ്കിൽ കുറച്ചു നാളെടുക്കും എന്നു എനിക്ക് അറിയാവുന്നത് കൊണ്ടു ഞാനും പിന്നെ ഒന്നും മിണ്ടിയില്ല...

വീട്ടിലേക്ക് വളയുമ്പോൾ മുൻപിൽ തന്നെ കണ്ടത് അർജ്ജുനെയും രാഹുലിനെയും മനീഷിനെയും ആണ്,...
എന്തൊക്കെയോ സാധനങ്ങൾ അടുക്കിയും പൊക്കിയും ഒക്കെ എടുക്കുന്ന മൂന്നിനെയും നോക്കി ഞാൻ കയറുമ്പോഴേക്കും
ടീച്ചർ അങ്ങോട്ട് വന്നിരുന്നു...

ഇന്ന് വരുമെന്ന് പറഞ്ഞതു വെച്ച് ഇരുന്നപ്പോഴാ ഇവരിവിടെ നിക്കുന്നത് കണ്ടേ...അപ്പൊ എന്താ സംഭവം ന്നു നോക്കാൻ വന്നതാ...
സ്വതവേ ഉള്ള തിളങ്ങിയ ചിരിയോടെ ടീച്ചർ പറയുമ്പോഴും,
രണ്ടുമൂന്നു കസേരയും, ബെഡും ഇറക്കുന്ന അവന്മാരിൽ ആയിരുന്നു ഞാൻ നോക്കി നിന്നത്..

"ഓഹ് കാശ് നിനക്ക് മേടിക്കാൻ മടിയല്ലേ ഇതാവുമ്പോൾ ഞങ്ങടെ ഗിഫ്റ് ആയി എടുത്തോളുവല്ലോ..."
www.kkstories.com

രാഹുൽ അതും പറഞ്ഞു ചിരിച്ചു ഓട്ടോയിൽ നിന്നെല്ലാം മുറ്റത്തിറക്കുമ്പോൾ പറഞ്ഞു.

"ദാ രണ്ടുപേരും ഐശ്വര്യമായിട്ട് വാങ്ങിച്ചോ എന്നിട്ട് പ്രാർത്ഥിച്ചു ഒരുമിച്ചു അകത്തേക്ക് കയറിക്കോ ട്ടോ..."

ഞങ്ങളെ രണ്ടുപേരെയും നോക്കി ചിരിയോടെ താക്കോൽ നീട്ടിയ ടീച്ചർ പറയുമ്പോൾ എല്ലാവരുടെയും സ്നേഹം ഉള്ളു നിറക്കുന്ന സന്തോഷത്തിൽ ചാരു നേരത്തെ തന്നെ കരഞ്ഞു തുടങ്ങിയിരുന്നു.

"കണ്ണു തുടച്ചു ചിരിച്ചോണ്ടങ് കേറ് കൊച്ചേ..."

ടീച്ചർ വീണ്ടും പറഞ്ഞു ചിരിച്ചു.

"നിന്നെ ഒന്നു ഞെട്ടിക്കാൻ വേണ്ടി നിങ്ങള് വരുന്നേന് മുന്നേ...അകത്തുകയറി എല്ലാം സെറ്റ് ചെയ്യാൻ ആയിരുന്നു പ്ലാൻ...ബട് ഈ ടീച്ചർ നിങ്ങള് വന്നു, ആദ്യം അകത്തു നിങ്ങളെയെ കയറ്റു എന്നു പറഞ്ഞു നിപ്പായിരുന്നു.

അകത്തു ചാരുവിനൊപ്പം ഞാൻ കയറുമ്പോൾ ഞങ്ങളുടെ പിറകെ ഓരോ സാധനങ്ങളുമായി അവന്മാരും ടീച്ചറും നിത്യയും കയറിയിരുന്നു.

നിത്യ ചാരുവിന്റെ കയ്യിലേക്ക് കൊടുത്ത ഒരു ശിവപാർവ്വതി ശിൽപം വീടിന്റെ ഭിത്തിയിലെ തട്ടിൽ വെച്ചു.

അടുക്കളയിൽ ഞാൻ രണ്ടു ദിവസം കൊണ്ടു വാങ്ങിച്ചുവെച്ച അത്യവശ്യം പാത്രങ്ങളും പെരുമാറാനുള്ള കത്തിയും കൊട്ടയും ഒക്കെ കണ്ടു ചാരു എന്നെ തുറിച്ചു നോക്കി.

റൂമിൽ ഒരു ഷെൽഫ് ഞാൻ സെക്കന്റ്ഹാൻഡ് കിട്ടിയപ്പോൾ വാങ്ങി വെച്ചിരുന്നു, ഉടുപ്പും മറ്റുമെല്ലാം വെക്കാൻ ഒരു സംഭവം വേണോല്ലോ...മരത്തിൽ അത്യാവശ്യം ഉറപ്പുള്ള ഒരു കുഞ്ഞു അലമാര കൂടെ മുറിയിൽ വെച്ചപ്പോഴേക്കും അത്യവശ്യം സ്ഥലം മുഴുവൻ അവര് രണ്ടും കൂടെ കയ്യേറി ഇരുന്നു.

"ബെഡ് എവിടെ ഇടൂട....കട്ടിലിന്റെ കാര്യം ഞങ്ങൾ മറന്നോയി..."

"ഓഹ് കട്ടിൽ ഒന്നും വേണ്ടട...നിലത്തു ഒന്നടിച്ചു വാരി പായിട്ട് അതിനു മേലെ ഇപ്പോൾ ഇടാം കട്ടിൽ പതിയെ വാങ്ങാം.."

www.kkstories.com

ഞാൻ പറഞ്ഞത് കേട്ട അവന്മാര് ബെഡ് മുറിയിലെ ഭിത്തിയിൽ ചാരി വെച്ചു.
ഹാളിലേക്കും മുറിയിലേക്കും ഫാൻ വാങ്ങി വെച്ചിരുന്നത്, കസേരയിട്ട് അപ്പോഴേക്കും അവന്മാര് പിടിപ്പിക്കാൻ തുടങ്ങി.

"ചാരു...താനും നിത്യയും കൂടി ചെന്ന് അടുക്കളയിൽ കേറി പാൽചായ വെച്ചു തന്നെ തുടങ്ങിക്കോ..."

എല്ലാം കണ്ടു ചാരുവിന്റെ മുഖം വല്ലാതെ ആയപോലെ തോന്നി....
അവൾക്കിതൊന്നും ഉൾകൊള്ളാൻ കഴിയുന്നുണ്ടാവില്ല എന്നു എനിക്ക് തോന്നി...എങ്ങനെ കഴിഞ്ഞിരുന്നവൾ ആവണം...ആലോചിച്ചപ്പോൾ എനിക്കും എന്തോ പോലെ...

രാത്രി ഇരുട്ടും വരെ അവന്മാരെല്ലാം ഓരോ കാര്യം പറഞ്ഞും കളിയാക്കിയും കൂടെ ഉണ്ടായിരുന്നു,...അത്രയും ബഹളത്തിനിടയിൽ ഇരുന്നിട്ട് പോലും ചാരു ആകെ ഗ്ലൂമി ആയി ഇരുന്നത് എന്നെ കുറച്ചൊന്നും അല്ല വലച്ചത്...
ഒടുക്കം എല്ലാവരും യാത്ര പറഞ്ഞിറങ്ങി,

ആദ്യ ദിവസമായതുകൊണ്ടു ചിലവ് അവന്മാരുടെ വക ആയിരുന്നു, കൊണ്ടു വന്ന ഫുഡ് ഒരുമിച്ചിരുന്ന് കഴിച്ചു അവർ ഇറങ്ങി.

മിണ്ടാതെ മുന്നിൽ ചാരു നടക്കുന്ന കാരണം എനിക്കും നെഞ്ചിനകത്തു കല്ല് വെച്ച പോലെ ആയിരുന്നു...
മിണ്ടാതെ ഇനിയും നിക്കണ്ടാന്നു തോന്നി, എല്ലാം അവളോട് പറയാം...വേണോങ്കിൽ വീട്ടുകാരുടെ കാലു പിടിച്ചിട്ടാണേലും അവളെ തിരിച്ചു അവളുടെ സ്വന്തം വീട്ടിൽ ആക്കാം എന്ന ചിന്തയുമായി, ഞാൻ അടുക്കളയിൽ നാളത്തെക്കുള്ള അരി നോക്കുന്ന ചാരുവിനടുത്തെത്തി.

"ചാരു....നിനക്ക് എന്താ പറ്റിയെ...ഇവിടെ ഇഷ്ടമായില്ലേ.....ഞാൻ....പെട്ടെന്ന് എനിക്കിതെ ഒപ്പിക്കാൻ പറ്റിയുള്ളൂ....
ഇവിടെ ബുദ്ധിമുട്ടാണേൽ നമുക്ക് വേറെ എവിടേലും നോക്കാം....ഇല്ലേൽ ഞാൻ വേണേൽ ചാരുവിന്റെ വീട്ടിൽ പോയി സംസാരിക്കാം,...എല്ലാം പറഞ്ഞാൽ ചിലപ്പോൾ ചാരുവിനെ....."

പറഞ്ഞു തീർക്കാൻ അവൾ അനുവദിച്ചില്ല എന്റെ നെഞ്ചിലേക്ക് ചാഞ്ഞു വീണു പൊട്ടിക്കരയുകയായിരുന്നു അവൾ,...
എന്തു ചെയ്യണം എന്നറിയാതെ അമ്പരന്നു നില്ക്കാനെ എനിക്ക് പറ്റിയുള്ളൂ....

www.kkstories.com

"ഞാൻ കാരണോല്ലേ ഏട്ടൻ ഇപ്പൊ ഇങ്ങനെ കഷ്ടപ്പെടുന്നെ....ഒരു തെറ്റും ചെയ്യാണ്ട്....എനിക്ക് വേണ്ടി വീട്ടിൽ നിന്നും ഇറങ്ങി....ആരുമില്ലാത്ത വനെപോലെ....എനിക്ക് സഹിക്കാൻ പറ്റണില്ല ഏട്ടാ...."

എന്റെ നെഞ്ചിൽ മുഴുവൻ കണ്ണീരും മൂക്കൊലിപ്പും പടർത്തി എന്നെയും ചുറ്റി നിന്നു പതം പറയുന്ന ചാരുവിനെ...കാണുമ്പോൾ ഉള്ളം തുള്ളുകയായിരുന്നു.

"ഏട്ടൻ ഇനിയും എന്നെ ചുമന്നു കഷ്ടപ്പെടേണ്ട...ഞാൻ...ഞാൻ...."

"നിന്നെ ഞാൻ ഒരിടത്തും വിടത്തില്ല ചാരു,...
... ഇപ്പൊ കഷ്ടപ്പാടില്ലെന്നല്ല..നല്ല രീതിയിൽ കഷ്ടപ്പാടുണ്ട്...നാളെ എന്താകും എന്നോർത്തു ഒരു പിടിയും ഇല്ല പക്ഷെ ഇപ്പോൾ എനിക്കെന്തെലും ഒക്കെ നേടണം എന്നു തോന്നുന്നുണ്ട്...
നിനക്ക് ഇവിടത്തോട് അഡ്ജസ്റ് ചെയ്യാൻ പറ്റുവോന്നു എനിക്കറിയില്ല ...വറചട്ടിയിൽ നിന്ന് എരിതീയിലേക്ക് വീണ പോലെയാ നിന്റെ അവസ്ഥ എന്നെനിക്കറിയാം...ഈ അവസ്ഥയിൽ നിന്നെ കൊണ്ടെത്തിച്ചതിന് എനിക്ക് പറയാൻ സോറി മാത്രേ ഉള്ളൂ..."

എന്റെ നെഞ്ചിൽ നിന്നും തലപൊക്കി മൂക്ക് ഒന്നു വലിച്ചു കണ്ണു കൂർപ്പിച്ചു നോക്കിയ ചാരു എന്റെ വയറ്റിൽ ബനിയൻ കൂട്ടി തൊലിക്ക് പിടിച്ചു പിച്ചി.

"ഔ....ഇപ്പൊ എന്തിനാ എന്നെ പിച്ചിപ്പറിച്ചെ..."

"എനിക്ക് ഇപ്പൊ എന്ത് സന്തോഷാ ന്നറിയോ....
അതില് ഏട്ടൻ ഒരുപാട് കഷ്ടപ്പെടുന്നുണ്ടല്ലോ എന്ന വിഷമം മാത്രേ ഉണ്ടായുള്ളൂ....
എന്നെ കൈ വിടാതെ ചേർത്തു പിടിക്കണില്ലേ....ഒരു ബന്ധോം ഇല്ലാത്ത എനിക്ക് വേണ്ടി ഇപ്പൊ എല്ലാരേം വിട്ടു വരേണ്ടി വന്നില്ലേ....."

"ഇതൊക്കെ ഓക്കെ... അതിനെന്തിനാടി വട്ടത്തി നീ എന്നെ പിച്ചിയെ..."

"ആഹ് അതോ...ഇനി മേലാൽ...നേരത്തെ പറഞ്ഞപോലൊന്നും പറയാതിരിക്കാൻ.....
സമാധാനം ഉണ്ടെങ്കിൽ കുടില് പോലും എനിക്ക് സ്വർഗം പോലെയാ കേട്ടോടാ ഏട്ടൻ തെണ്ടി..."

"ഉവ്വെന്റെ ചാരു....മതി കുണുങ്ങിയത്...
റൂം ഒന്നു അടിച്ചു വാരിയിട്ട് നമുക്ക് ബെഡ് പിടിച്ചി,.... യ്യോ..."

www.kkstories.com

ഇപ്രാവശ്യം അവളുടെ വായെത്തിയത് എന്റെ കയ്യിലായിരുന്നു, ഒരൊറ്റ കടിയിൽ അവൾ വാച്ച് ഉണ്ടാക്കി തന്നു.

"യ്യോ....യ്യോ...ഇതെന്തിനാടി തെണ്ടി...."

തുള്ളിക്കൊണ്ടു ഞാൻ ചോദിച്ചു.

"അത്...അതിനിയെന്നെ ചാരൂന്ന് വിളിക്കണ്ട....."

കണ്ണുരുട്ടി അവളതു പറഞ്ഞതും ഞാൻ ശെരിക്കും ചൂഴ്ന്നു അവളെ ഒന്നു നോക്കി...
ഇനി ഇവൾക്ക് ശെരിക്കും പ്രാന്ത് വല്ലോം കാണുവോ...
അതായിരിക്കുവോ അവനിനി വേറെ കെട്ടിയെ..."

എന്റെ കൂർപ്പിച്ചുള്ള നോട്ടം കണ്ട അവൾ മുഖം താഴ്ത്തി...

"എനിക്ക് ചാരൂന്ന് പേരിട്ടത് ആഹ് തെണ്ടിയാ....ആഹ് പേര് കേൾക്കുമ്പോൾ ഇപ്പൊ എനിക്ക് അവനെ ഓർമ വന്നിട്ട് ചൊറിഞ്ഞു കയറിയിട്ട് പാടില്ല.....ഹും..."

അത്രേം പറഞ്ഞിട്ട് പെണ്ണ് തലപൊക്കി കുറ്റം ചെയ്തു പിടിക്കപ്പെട്ട ഒരു നാല് വയസുകാരിയുടെ മുഖഭാവവുമായി എന്നെ നോക്കി.

"ഒത്തിരി നോന്തോ..."

ചിണുങ്ങി കൊഞ്ചിക്കൊണ്ടു എന്റെ കൈ വലിച്ചു നോക്കി അവള് ചോദിച്ചു.

"ഇല്യാ നല്ല ചുഗം....."

"സോറി...."

കണ്ണു ചിമ്മി പൂച്ചകുട്ടിയെപോലെ അവൾ പറഞ്ഞു.

"ഉവ്വാ..."

"ന്നാലും ഇനിയെന്നെ ചാരൂന്നു വിളിക്കണ്ട..."

www.kkstories.com

"പിന്നെന്തോ വിളിക്കും...ശരണ്യ എന്നു നീട്ടി വിളിക്കാനൊക്കെ മെനക്കേടാ..."

"എങ്കി അമ്മൂന്ന് വിളിച്ചാൽ മതി...."

ആലോചിക്കാൻ പെണ്ണിന് നിമിഷങ്ങൾ പോലും വന്നില്ല...ഉണ്ടക്കണ്ണുകൾ വിടർത്തി, എന്നെ നോക്കി അവൾ പറഞ്ഞു.

"അതെപ്പോ ഇട്ടു..."

"ഓഹ് അതൊക്കെ ഇട്ടു..ഹി ഹി ഹി ...അതെന്നെ വീട്ടിൽ വിളിച്ചിരുന്ന പേരാ..."

"എങ്കിലും പെട്ടെന്ന് പേര് മാറ്റി വിളിക്കാൻ ഒക്കെ പാടാ ചാരൂ....."

ഞാൻ വിളിച്ചതും പെണ്ണ് കണ്ണുരുട്ടി.

"അതൊക്കെ ഞാൻ മാറ്റി വിളിപ്പിച്ചോളാട്ട....വന്നേ..."

എന്റെ കയ്യും വലിച്ചു അവൾ മുറിയിലേക്ക് നടന്നു.

റൂമൊന്നു തൂത്തു വാരി ബെഡ് പിടിച്ചിട്ട് ഷീറ്റും തലയിണയും ഇട്ടതും പെണ്ണ് കുഴഞ്ഞു അതിന്റെ മേലെ വീണു...

"ഹോ വയ്യാണ്ടായി...."

കയ്യും വിരിച്ചു കിടക്കുന്ന അവളുടെ അടുത്തു നിന്ന് ഒരു തലയിണയും മൂലയ്ക്ക് വാങ്ങിച്ചു വെച്ചിരുന്ന പായും എടുത്ത് ഞാൻ റൂമിന് പുറത്തേക്ക് നടക്കാൻ തുടങ്ങിയതും...
അവൾ പെട്ടെന്ന് ചാടി എഴുന്നേറ്റു ബെഡിൽ കുത്തിയിരുന്നു.

"ഏട്ടൻ ഇതെവിടെ പോവാ..."

എന്നെ നോക്കി പെണ്ണ് കണ്ണു കൂർപ്പിച്ചു.

"ഓഹ് ഇവിടെ അച്ഛനും അമ്മയും ഒന്നുമില്ലല്ലോ..അപ്പൊ ബോധിപ്പിക്കാൻ ഒരു മുറിയിൽ കിടക്കേണ്ട കാര്യമെന്താ...."

www.kkstories.com

പറഞ്ഞു തീർന്നതും വാരി കുത്തി എഴുന്നേറ്റു എന്റെ കയ്യിലെ തലയിണ വാങ്ങി ബെഡിലേക്കെറിഞ്ഞിട്ട് എന്റെ കൈ വലിച്ചവൾ ബെഡിലേക്ക് തള്ളി ഇട്ടു.

"എന്നിട്ട് ഞാൻ ഒറ്റയ്ക്ക് ഈ മുറിയിൽ കിടക്കാനോ...എനിക്ക് പേടിയാ....
ഏട്ടൻ ഹാളിലാണേൽ ഞാനും അവിടെ...എന്നെ ഒറ്റയ്ക്കിട്ട് എങ്ങാനും പോയാലുണ്ടല്ലോ...."

കുണുങ്ങി പറഞ്ഞു എന്റെ കയ്യിലേക്ക് അവളുടെ മുഖം താഴ്ന്നു വരുന്നത് കണ്ടതേ അപകടം മനസ്സിലാക്കി ഞാൻ കൈ വലിച്ചു.
കടിക്കാൻ കൈ കിട്ടാതിരുന്ന സങ്കടത്തിൽ അവളുടെ മുഖം ചെറുതാവുന്നത് കണ്ടപ്പോൾ ഒരു വിഷമം...പക്ഷെ സങ്കടം തോന്നി അതിന്റെ വായിൽ കൈ വെച്ചു കൊടുക്കാനും മാത്രം മണ്ടത്തരം ഇല്ലാതിരുന്നത് കൊണ്ടു അവളെ നോക്കി ഒന്നു ഇളിച്ചു കാണിച്ചു.

മുറിക്കുള്ളിൽ കറങ്ങുന്ന ഫാനിന്റെ കട കട ഒച്ചയും കേട്ട് മലർന്നു കിടക്കുമ്പോൾ ആദ്യം നെഞ്ചത്തൊരു കൈ വന്നു വീണു പിന്നെ തുടയ്ക്കു മീതെ വട്ടത്തിൽ ഒരു കാലും...
ചിണുങ്ങി ചിണുങ്ങി ഒരു സാധനം എന്റെ അടുത്തേക്ക് നീങ്ങി വന്നു കിടപ്പായി.

അവളുടെ ചൂടും പറ്റി കിടക്കാൻ വല്ലാത്ത സുഖം തോന്നി...എന്നും ഉണ്ടായിരുന്നെങ്കിൽ എന്നു വല്ലാത്തൊരു കൊതിയും പക്ഷെ, ഇവളുടെ മനസ്സിൽ ഞാൻ ഇപ്പോഴും ഒരു മൂത്ത സഹോദരനോടുള്ള അടുപ്പമാണോ എന്നറിയാതെ ഉള്ളിൽ ഉള്ള ഇഷ്ടം എങ്ങനെ പറയും എന്ന ചിന്ത എന്റെ ഉറക്കം കളഞ്ഞു.
****

പിറ്റേന്ന് മുതൽ ഞാൻ ജോലി തെണ്ടാനിറങ്ങി, പഴയ പല്ലവി തന്നെ കേട്ട് ചെവി തഴമ്പിച്ചു തുടങ്ങി.
ഒന്നു രണ്ടിടത്ത് ഏറെക്കുറെ കിട്ടി എങ്കിലും നൈറ്റ് ഷിഫ്റ്റ് എടുക്കേണ്ടി വരും എന്ന് പറഞ്ഞതോടെ അമ്മുവിനെ കുറിച്ചോർത്തപ്പോൾ ഒഴിവാക്കേണ്ടി വന്നു...
ചാരു എനിക്കിപ്പോൾ ഫുൾ ആയിട്ടും അമ്മു ആയി,...
കയ്യിലേം തോളിലേം കുറെ തൊലി പെണ്ണിന്റെ നഘത്തിനിടയിൽ കേറ്റിയെങ്കിലും ചാരു വേരോടെ പെണ്ണ് എന്നിൽ നിന്നും പിഴുതുമാറ്റി,...എന്റടുത്തു നിന്നു മാത്രം അല്ല...ഇടയ്ക്ക് കൂടാൻ ചിക്കനും ബിയറും ഒക്കെ ആയി വരുന്ന നുണയനും അർജ്ജുനും മനീഷിനും നിത്യയ്ക്കും എല്ലാം ഇപ്പൊ അമ്മു ആണ്,...
ഒന്നു കൂട്ടായതോടെ എല്ലാത്തിന്റേം കയ്യിലും ഇപ്പൊ അവള് പിച്ചിപ്പറിച്ചു വെച്ച പാട് കാണാം അതു കാണുമ്പോഴാണ് ഒരാശ്വാസം...

എന്നും വൈകിട്ട് ഇരുട്ടും മുന്നേ വീട്ടിൽ എത്തണം പേടിച്ചു തൂറി ആയ പെണ്ണിന്റെ കല്പന ...
www.kkstories.com
കോലായിൽ എന്നെയും നോക്കി ഇരിക്കുന്ന ഇരുപ്പ് തന്നെ മതി ഒരു ദിവസത്തെ അലച്ചിലിന്റെ ക്ഷീണം മുഴുവൻ മാറാൻ.....
ടീച്ചറുടെ അടുത്ത് പോയി ഇരിക്കാൻ പറഞ്ഞിട്ടുണ്ടേലും എന്നും ചെന്ന് അവർക്ക് ബുദ്ധിമുട്ടാവേണ്ടെന്നു കരുതി ഇടയ്ക്ക് വല്ലോം പോവും എന്നല്ലാതെ എപ്പോഴും ചെന്നിരിപ്പൊന്നും ഇല്ല...
അന്നും ഇരുട്ടു വീഴും മുന്നേ ഞാൻ വീട്ടിലെത്തി കുളി കഴിഞ്ഞു ഈറൻ മാറാത്ത മുടി ആട്ടികളിച്ചു അമ്മു മുറ്റത്ത് തന്നെ ഉണ്ട്, തോട്ടത്തിലെ ചെടിയും നോക്കി കൊഴിഞ്ഞ ഇലയെല്ലാം കൂട്ടി നിന്ന പെണ്ണ് എന്നെ കണ്ടതും ഓടി വന്നു,..
കയ്യിൽ നിന്ന് ബാഗ് വാങ്ങി നടക്കുമ്പോൾ പതിവ് ചോദ്യം വന്നു...
എന്റെ നിരാശ നിറഞ്ഞ മറുപടി കേട്ടിട്ടാവും.

"സാരല്ല്യാ...നമ്മുക്ക് പെട്ടെന്നു ജോലി കിട്ടും ഏട്ടാ..."

എന്നെ നോക്കി ചിരിച്ചു കാണിച്ചു അമ്മു മുന്നേ നടന്നു,
അപ്പോഴാണ് ഇതുവരെ തിരക്കിനിടയിൽ മറന്നുപോയ കാര്യം പെട്ടെന്ന് ഓർമ വന്നത്,....

പെണ്ണ് എപ്പോഴും വീട്ടിലുണ്ട്....നേരത്തെ തറവാട്ടിൽ ആയിരുന്നപ്പോൾ ഇവൾ ക്ലാസ്സിൽ പോകുവായിരുന്നു കോച്ചിങ്ങിന്...പക്ഷെ ഇപ്പൊ അവളതിന് പോയി കാണാറില്ല...

"ഡി അമ്മൂ...."

ഞാൻ വിളിച്ചത് കേട്ട അവൾ തിരിഞ്ഞു പുരികം ഉയർത്തി എന്നെ നോക്കി.

"നീ എന്താ ഇപ്പൊ ക്ലാസ്സിൽ പോവാത്തെ..."

പെട്ടെന്നാണ് ചിരിച്ചുലഞ്ഞു നിന്ന പെണ്ണിന്റെ മുഖത്തു മേഘം പൊതിഞ്ഞത്.

"ഓഹ് എനിക്ക് മതിയായി...ഏട്ടാ...വേറെ എന്തേലും ജോലി നോക്കാന്നെ....ബാങ്ക് ജോലി ഒക്കെ ചുമ്മാ സമയം കളയാനുള്ള പരിപാടി ആയിരുന്നില്ലേ..."

എന്നോട് പറഞ്ഞു തീർക്കുമ്പോഴും അവളുടെ മുഖം കഷ്ടപ്പെട്ടു ഒളിച്ചു പിടിക്കുന്ന സങ്കടം എനിക്ക് കാണാമായിരുന്നു....

"നീ എന്നോട് കള്ളം പറഞ്ഞു തുടങ്ങിയല്ലേ...അമ്മൂ.....
www.kkstories.com
എന്നോടൊന്നും നീ ഒളിക്കില്ല എന്നാ ഞാൻ കരുതിയെ....നിനക്ക് പറയാൻ പറ്റിയില്ലേലും എന്നെ ബോധിപ്പിക്കാൻ ഇങ്ങനൊരു കള്ളം പറയണ്ടായിരുന്നു...."

ഞാൻ പറഞ്ഞു നിർത്തിയതും, ഉണ്ടക്കണ്ണിൽ എന്നെ മുക്കിക്കൊല്ലാൻ പാകത്തിന് വെള്ളോം നിറച്ചു,
വിഷമിച്ചു മലർത്തിയ ചുണ്ടുമായി അവളെന്നെയൊന്നു നോക്കി....

"അത്.....അവിടത്തെ കോഴ്സ് ഡ്യുറേഷൻ കഴിഞ്ഞു...ഇനി ക്ലാസ്സിൽ ഇരിക്കണേൽ അടുത്ത ബാച്ചിനുള്ള ഫീ കൊടുക്കണം.....
ഏട്ടൻ ഇങ്ങനെ ആധി പിടിച്ചോടണതിനിടയ്ക്ക് എനിക്കൊന്നും പറയാൻ തോന്നീല....
എവിടേലും സെയിൽസ് ഗേൾ ആയിട്ട് നിന്നെങ്കിലും ഏട്ടനെ സഹായിക്കണോന്നേ തോന്നിയുള്ളൂ....അതോണ്ടാ....."

ഏങ്ങലടിച്ചു വിങ്ങി പൊട്ടി എങ്ങനെയോ അതു പറഞ്ഞൊപ്പിച്ച അമ്മുവിനെ കണ്ട എനിക്കും സങ്കടം ആണ് തോന്നിയത്...പാവത്തിനെ കരയിക്കേണ്ടി ഇരുന്നില്ല...

പിന്നെ ചെന്നു കെട്ടിപ്പിടിച്ചു, കരച്ചിലൊതുങ്ങണ വരെ പുറം തലോടിക്കൊടുത്തും കണ്ണീരു തുടച്ചും പെണ്ണിനെ ഒന്നു നോർമലാക്കി ചിരിപ്പിച്ചെടുക്കാൻ നല്ല പാട് പെടേണ്ടി വന്നു.

രാത്രി എന്നേം ചുറ്റിപ്പിടിച്ചു കുഞ്ഞിനെ പോലെ കിടന്ന അവളെ കണ്ടപ്പോൾ ഉള്ളിൽ ഒരുപാട് കണക്കുകൾ കൂടുന്നുണ്ടായിരുന്നു.

പിറ്റേന്ന് സ്വന്തം ഹൃദയം പോലെ കൊണ്ടു നടന്ന ബൈക്കു സ്റ്റാൻലി ആശാന്റെ വർഷോപ്പിൽ കൊണ്ടു പോയി കീ കൊടുത്തു എണ്ണായിരം രൂപ കയ്യിൽ വാങ്ങുമ്പോൾ ഉള്ളിൽ പൊടിയുന്ന വേദന നിറഞ്ഞിരുന്നു
എങ്കിലും അവളുടെ മുഖം ആലോചിച്ചപ്പോൾ
വേറൊന്നും ചിന്തിക്കാൻ തോന്നിയില്ല....ഉള്ളിൽ ഉയർന്നു വന്ന കനം നെഞ്ചിൽ തന്നെ ആഴ്ത്തി വെച്ചു തിരിഞ്ഞു നോക്കാതെ നടന്നു,..
പോരാത്ത പണം ബാങ്കിൽ നിന്നുകൂടി എടുത്തപ്പോൾ ഒറ്റയ്ക്കായിപ്പോയ രണ്ടു മൂന്നു നോട്ട് ലോക്കറിൽ കിടന്നു എന്നെ നോക്കി ഇളിച്ചിട്ടുണ്ടാവണം....

ഫീസ് അടച്ചു തിരിച്ചു വരും വഴി ഇനി എന്തെന്ന് ഒരു രൂപവും ഇല്ലായിരുന്നു...
എന്നാൽ അമ്മു പഠിച്ചു ഒരു ജോലി കിട്ടിയാൽ ഒന്നു നേരെ നിക്കാം എന്ന ചിന്തയെ ഉണ്ടായുള്ളൂ....
www.kkstories.com
എന്തു ജോലി എടുത്താണെങ്കിലും അവളെ പഠിപ്പിച്ചേ പറ്റു...

ഓരോന്നാലോചിച്ചു നടന്നു വരുമ്പോഴാണ് മണിയേട്ടൻ വഴി അരികിൽ ഒരു ലോറിയിട്ടിട്ട് ആരെയൊക്കെയോ ഫോണിൽ വിളിച്ചു ഒച്ച വെക്കുന്നത് കെട്ടുകൊണ്ടാണ് ഞാൻ ചെന്നത്, മണിയേട്ടൻ
നുണയന്റെ വീദിനടുത്തുള്ളതാണ്...
വല്ല കാലത്തും ചിറയിൽ ഞങ്ങളോടൊപ്പം കൂടാറും ഉണ്ടായിരുന്നു...
ആളിപ്പോ മേസ്തരിയും സൈറ്റിലേക്ക് വേണ്ട ആളെ കൊടുക്കുന്ന പണിയും ഒക്കെ ആയി നടപ്പാണ്.

"എന്താ മണിയേട്ട ആകെ ചൂടിൽ ആണല്ലോ..."

തലയും വട്ടത്തിൽ തടവി അങ്ങോട്ടും ഇങ്ങോട്ടും തിരിയുന്ന മണിയേട്ടന്റെ തോളിൽ തട്ടി ഞാൻ ചോദിച്ചു...

"ഏഹ്...വിവേകാ....ഹോ ഒന്നും പറയേണ്ടടാവേ... ഒരു ലോഡ് ബ്ലോക്ക് കട്ടയുമായി വന്നതാ ഇവന്മാര്... ഇതു അടുത്ത സൈറ്റിൽ ഇറക്കാൻ ഓരോ പൂറന്മാരേ മാറിമാറി വിളിച്ചോണ്ടിരിക്കുവാ ഞാൻ...ഒരുത്തനും നേരമില്ല...

ഒരാളെ കൂടെ കിട്ടിയ മതി...മൈര്..."

അങ്ങേരു കലിപ്പ് മുഴുവൻ പറഞ്ഞു തീർത്ത് പിന്നെയും ടെന്ഷന് മാറ്റാൻ തല തടവി തുടങ്ങി.

"എന്നാൽ ഞാൻ കൂടാം...നമ്മുക്ക് ഇറക്കാന്നെ..."

ഞാൻ പറഞ്ഞത് കേട്ടതും മണിയേട്ടൻ എന്നെ ആകെ ഒന്നു ചൂഴ്ന്നു നോക്കി.

ഇന്റർവ്യൂ പണ്ടാരംഅടങ്ങാൻ പോയ എന്റെ കോലം കണ്ടിട്ടാണ് ഈ മോന്ത..
ഇൻസെർട് ചെയ്തിരുന്ന ഷർട്ട് അഴിച്ചു കയ്യും മടക്കി ഞാൻ ഇപ്പൊ ശെരി ആയില്ലേ എന്നു ചോദിച്ചു.

പണിയുടെ തിരക്ക് കൊണ്ടോ ആളെ കിട്ടാഞ്ഞിട്ടുള്ള കലിപ്പ് കൊണ്ടോ പുള്ളി ഓക്കെ പറഞ്ഞു.
മണിയേട്ടന്റെയും വേറെ ഒരുത്തന്റെയും ഒപ്പം ഞാനും ലോറിയിൽ കയറി.

"യൂണിയൻ കാരെ വിളിച്ചാൽ അവന്മാര് ലോകത്തില്ലാത്ത കൂലി പറയും....
അവന്മാരറിഞ്ഞു ഉണ്ടാക്കും മുന്നേ എത്തണം...
പണിക്കാരാവുമ്പോൾ പ്രശ്നമില്ല..."

www.kkstories.com

മണിയേട്ടൻ പറഞ്ഞു കൊണ്ടിരുന്നു.

കുറേ ഉള്ളിലേക്ക് കയറിയാണ് ആഹ് സൈറ്റ്...
പണി പാതി എത്തി നിക്കുന്ന ഒരു വീട്...

"നാളെ പണി തുടങ്ങാൻ ഉള്ളതാടാ അതാ..."

ഇറങ്ങുമ്പോൾ മണിയേട്ടൻ എന്നോട് പറഞ്ഞു.

ഷർട്ടിൽ പൊടി പറ്റിക്കണ്ട എന്നു കരുതി ഞാൻ ഷർട്ട് ഊരി ലോറിയിൽ തന്നെ വെച്ചു.
നിലത്തു കട്ട നിരത്താൻ അറിയാത്തതുകൊണ്ടു ഞാൻ ലോറിയിൽ നിന്നു കട്ട താഴേക്ക് ഇറക്കാൻ മുകളിൽ കയറി.

ഓരോന്നായി താഴേക്ക് ഇറക്കി തുടങ്ങി...

ഇതുപോലെ കട്ടിപ്പണി എടുത്തിട്ട് കുറെ നാളായതുകൊണ്ടാവണം നിമിഷനേരം കൊണ്ടു ഞാൻ വിയർത്തു കുളിച്ചു.
ലോഡ് പാതി ആയതും ഹൃദയം ഇടിക്കുന്നത് ചെവിയിൽ കേൾക്കാം എന്ന അവസ്ഥ ആയി....
ഒപ്പം കിതപ്പും....
എന്തോ ഭാഗ്യത്തിന് മണിയേട്ടൻ നിർത്താൻ പറഞ്ഞു,...
ഹോ സ്തുതിച്ചു പോയി.
കുറച്ചു നേരം കൂടി എടുത്തിരുന്നേൽ എന്നെ അവിടുന്ന് എടുത്തോണ്ട് പോരേണ്ടി വന്നേനെ....

"ബാക്കി വേറെ ലോഡ് ആടാ....ഇവിടുത്തെ പണി തുടങ്ങി വെക്കാൻ തൽക്കാലം ഇത്രേം മതി.."

അങ്ങേരു പറഞ്ഞത് ഡും ഡും എന്നു ഇടിച്ചുകൊണ്ടിരിക്കുന്ന ചെവിയിൽ മൂളക്കം പോലെയാണ് വീണത്.

അതോടെ താഴെ ഇറങ്ങി ഒന്നു നേരെ നിന്നതും തലയാകെ ഒരു മിന്നൽ...കണ്ണു നിറയെ മഞ്ഞളിച്ചു പോയി....
താങ്ങ് പിടിച്ചില്ലെങ്കിൽ വീഴും എന്നു ഉറപ്പായതോടെ ലോറിയുടെ പിറകിൽ പിടിച്ചു നിന്നു.
www.kkstories.com
അഞ്ചു മിനിറ്റു മുഴുവനെടുത്തു തല ഒന്നു നേരെ നിക്കാൻ...

"ഡാ ഇന്നാട വെള്ളം കുടിക്ക്...."

എനിക്ക് നേരെ നീട്ടിയ കുപ്പി വെള്ളം ഞാൻ വാങ്ങി അപ്പാടെ കുടിക്കുന്നത് കണ്ട മണിയേട്ടനും ഒന്നമ്പരന്നു കാണണം.

"ഡാ നിനക്ക് വല്ലതും പറ്റിയോ....കുഴപ്പം ഒന്നും ഇല്ലല്ലോ...."

ആകുലതയോടെ ആണ് മണിയേട്ടൻ ചോദിച്ചത്...

"ഏയ് കുഴപ്പം ഒന്നുമില്ല മണിയേട്ട..."

ഞാൻ പറഞ്ഞത് കേട്ടു, മൂളി തലകുലുക്കി ആള് പോയി..

തിരികെ ലോറിയിൽ ഇരിക്കുമ്പോഴും എന്റെ മനസ്സിൽ ഓരോ ആലോചനയിൽ ചുറ്റി തിരിയുകയായിരുന്നു.

"മണിയേട്ട നാളെ മുതൽ ഞാനും വരട്ടെ നിങ്ങളുടെ കൂടെ പണിക്ക്..."

എന്റെ ചോദ്യം കേട്ട് കളിയാക്കിയതാണെന്നു കരുതിയിട്ടാവണം അങ്ങേരോന്നും മിണ്ടിയില്ല,
ഞാൻ പിന്നേം ചോദിച്ചപ്പോൾ അങ്ങേരു ഒന്നും മനസ്സിലാവാത്ത പോലെ എന്നെ ഒരു നോട്ടം നോക്കി.

"നീ ഇതെന്തൊക്കെ ആടാ ഈ ചോദിക്കുന്നെ....ഇത്രേം പഠിച്ചിട്ട് ഇനി എന്റെ സൈറ്റിൽ പണിക്ക് വരാനോ...നീ ഒന്നു പോയേ..."

"എന്ത് പണി ആയാലെന്താ മണിയേട്ട...എനിക്കിപ്പോൾ വീട്ടിലെ കാര്യം നടക്കണം...ടൈ ഉം കെട്ടി വെളുക്കും മുതൽ പാതിരാ വരെ കിടന്നു ചത്തലഞ്ഞാലും അവസാനം കയ്യിൽ കിട്ടുന്നത് വല്ല നക്കാപ്പിച്ചയും ആയിരിക്കും...."

"എന്നാലും...എനിക്ക് അതങ്ങു...ഉൾക്കൊള്ളാൻ പറ്റുന്നില്ലെടാ..."

www.kkstories.com

മണിയേട്ടൻ പിന്നെയും നിന്നു മടിഞ്ഞപ്പോൾ എനിക്ക് നല്ലൊരു ജോലി കിട്ടും വരെ മതിയെന്നു അങ്ങേരോട് പറഞ്ഞു....പിന്നെയും കുറെ കെഞ്ചിയപ്പോൾ,...അവസാനം ഹെൽപർ ആയി കൂടെ കൂടിക്കൊള്ളാൻ, പറഞ്ഞു...
ദിവസം അറുന്നൂറ് രൂപ തച്ചും ഉറപ്പിച്ചു.
മണിയേട്ടന് സിറ്റിയിലെ കുറച്ചു ബില്ഡിങ്ങിലും ആളെ വിടുന്ന പണി ഉള്ളതുകൊണ്ട്, ആരും അറിയത്തും ഇല്ല...
എല്ലാം കണക്ക് കൂട്ടി ആണ് ഞാൻ ചോദിച്ചതും...

തിരികെ പോരും വഴി ഇന്ന് ലോഡിറക്കിയ വകയിൽ മണിയേട്ടൻ തന്ന അഞ്ഞൂറ് കയ്യിൽ ഉണ്ടായിരുന്നു.
കൂടെ ബാങ്കിൽ നിന്ന് വലിച്ച അവസാന മുന്നൂറും...

വീട്ടിലേക്കുള്ള അത്യവശ്യം സാധനങ്ങളും വാങ്ങി...
ഞാൻ വീട്ടിലെത്തി.

"ബൈക്ക് എന്തേ...."

പതിവ് തെറ്റിച്ചു നടന്നു വരുന്ന എന്നെ കണ്ട് കയ്യിൽ നിന്ന് കിറ്റുകൾ വാങ്ങുന്നതിനിടയിൽ അമ്മു ചോദിച്ചു.

"നാളെ തുടങ്ങി...അമ്മു ക്ലാസ്സിൽ പൊയ്ക്കോട്ടോ...ഫീസ് ഞാൻ അടച്ചിട്ടുണ്ട്...
നല്ലോണം പഠിച്ചു എക്സാം ക്ലിയർ ചെയ്തോണം..."

അവളുടെ ചോദ്യം തിരിച്ചു വിടാനാണ് ഞാൻ പറഞ്ഞതെങ്കിലും, പെണ്ണ് വീണ്ടും കറങ്ങി അവിടെ എത്തി.

"അതിന് ഏട്ടന്റയിൽ പൈസ ഉണ്ടായിരുന്നോ..."

"അത്...അതൊക്കെ ഞാൻ ഒപ്പിച്ചു..."

"എങ്ങനെ.....ബൈക്ക്...എവിടെ..."

അവള് വിടാനുള്ള ഒരു ഭാവവും ഇല്ലെന്ന് മനസ്സിലായി...

"ഞാൻ അത് കൊടുത്തു....
അങ്ങനെയാ...ഫീസടച്ചേ"

www.kkstories.com

അവളുടെ മുഖം പെട്ടെന്നാണ് വാടിപോയത്.
മുഖവും കുനിച്ചു നിൽക്കുന്ന പെണ്ണ് കരയാനുള്ള പുറപ്പാടാണെന്നു മനസിലായതോടെ, ഞാൻ കവിളിൽ പതിയെ ഒന്നു തട്ടി.

"അമ്മു ഒന്നൂല്ല...എനിക്ക് ജോലി കിട്ടി...നീ കൂടെ നല്ലൊരു ജോലിക്ക് കേറിയാ നമുക്ക് പുതിയതൊരെണ്ണം വാങ്ങിച്ചൂടെ....പിന്നെന്താ..."

പെണ്ണ് കിടന്നു വിങ്ങിപ്പൊട്ടി മിണ്ടാട്ടം മുട്ടി നടക്കും മുന്നേ,ഞാൻ ഒന്ന് സമാധാനിപ്പിച്ചു.

"ജോലി കിട്ടിയോ...എവിടെയാ...."

പെട്ടെന്ന് തന്നെ അവൾ എന്നോട് ചോദിച്ചു.

"ഉം.... അക്കൗണ്ട്സ് ഇൽ ....കാക്കനാട് ഒരു സൂപ്പർ മാർക്കറ്റ് ഇൽ...."

മണിയേട്ടന്റെ കൂടെ ഉള്ള ജോലി തത്കാലം പറയേണ്ടെന്നു വെച്ചു,...അതൂടെ അറിഞ്ഞാൽ ചിലപ്പോ,...കരഞ്ഞു നാശമാക്കി,...ചിലപ്പോൾ എന്തൊക്കെ കാണിച്ചു കൂട്ടും എന്നു പോലും പറയാൻ പറ്റില്ല...

അതോടെ അവളുടെ മുഖം ഒന്ന് തെളിഞ്ഞു.

"നന്നായിട്ട് പഠിച്ചോണേ... അമ്മൂസെ....നിന്നെ ഒരു നിലയിലെത്തിച്ചിട്ട് വേണം എനിക്കൊന്നു വിശ്രമിക്കാൻ..."

ഞാൻ ഒരു കാരണവരെ പോലെ പറയുന്നത് കെട്ടിട്ടാവണം...

കുറുമ്പ് കുത്തിയ കളിയാക്കലാണ് ആദ്യം പെണ്ണിന്റെ വായിൽ നിന്ന് വന്നത്...

"ഞ ഞ്ഞ ഞ്ഞ....."

ചിരിച്ചു തെറ്റിത്തെറിച്ചു അടുക്കളയിൽ എനിക്കുള്ള ചായ എടുക്കാൻ പോയ അമ്മുവിനെ ഞാൻ നോക്കി നിന്നു...
എന്റെ അനിയൻ നാറി, അറിയാതെ എനിക്ക് ചെയ്ത പുണ്യമാണ് ഇവളെന്ന് തോന്നിപ്പോയി..
പക്ഷെ അപ്പോഴേക്കും മനസ്സിൽ ഇരുന്നു വേറൊരു നാറി പണി തുടങ്ങി, ഒറ്റ ചോദ്യത്തിൽ അവനെന്റെ ട്യൂബ് ഊരി വിട്ടു,...

www.kkstories.com

"അവൾ നിന്നെ ഒരു ആങ്ങളയെ പോലെയാണ് കാണുന്നതെങ്കിലോ....കിലോ കിലോ..."

അതോടെ ചിരിച്ചോണ്ടിരുന്ന ഞാൻ മൂഞ്ചിക്കുത്തി മനസ്സിൽ മൂന്നു തെറിയും വിളിച്ചു തോർത്തും എടുത്തു കുളിക്കാൻ പോയി...

****

പിറ്റേന്ന് എന്റെ ഒപ്പം തന്നെ അവളും റെഡി ആയി ഇറങ്ങി,..
കവല വരെ ഓരോന്നു പറഞ്ഞും എന്നെ പിച്ചിയും വലിച്ചും ചിരിച്ചും കൂടെ നടന്നു ബസ് കേറിപ്പോയതോടെ
ഞാൻ വേഗം അടുത്ത ബസ് പിടിച്ചു മണിയേട്ടന്റെ വീട്ടിൽ എത്തി.

അങ്ങേരോട് പറഞ്ഞു ബാഗിൽ ചുരുട്ടി വെച്ച എന്റെ പഴയ ഒരു മുണ്ടും ഷർട്ടും എടുത്തിട്ട് അങ്ങേരുടെ കൂടെ സൈറ്റിലേക്കിറങ്ങി,....

ഒരു മൂന്നു നില കെട്ടിടത്തിന് മുന്നിലാണ് യാത്ര അവസാനിച്ചത്,...

ആദ്യം വന്ന അണ്ണന്മാർ ഇപ്പൊ സൂപ്പർവൈസർമാരാണ്, വരാൻ വൈകിയ ഭായിമാർ പണിക്കാരും,..
അവിടെ മണിയേട്ടൻ പറഞ്ഞതുവെച്ചു പതിയെ പണി തുടങ്ങി,ഭായിമാർ കൊണ്ടു വന്നു വെച്ചു കൊടുക്കുന്ന സിമന്റും മണ്ണും കൂട്ടിക്കൊടുക്കുന്ന പണി ആണ് മണിയേട്ടൻ എന്നെ ഏൽപ്പിച്ചത്,...
ആദ്യത്തെ ആവേശത്തിൽ കൈകോട്ടു കൊണ്ടൊന്നു അമ്മാനമാടി ഭായിമാരെ നാണിപ്പിക്കാൻ ഒരു കഠിന ശ്രമം നടത്തി,...
പതിനഞ്ചു മിനിറ്റു കുനിഞ്ഞു നിന്ന് മരണ വെട്ട് വെട്ടിയതും അവൻ വന്നു,...
ഇന്നലെ വന്ന അതേ മഞ്ഞ വെളിച്ചവും ഈച്ചകളും തലയ്ക്ക് ചുറ്റും,...
എന്റെ വിയർത്തു മൂടിയ മുഖം കണ്ട മണിയേട്ടന് കാര്യം മനസ്സിലായിട്ടാണെന്നു തോന്നുന്നു,...
നൈസായി ഒരു ഭായിയെ വിളിച്ചു അതേൽപ്പിച്ചു എന്നെ ഒരു കട്ട കൂട്ടി വെച്ചതിന്റെ മേലെ കൊണ്ടു വന്നു പ്രതിഷ്ഠിച്ചു,...
ചെവിയിൽ ഇടിയും ഇടിച്ചു ശ്വാസം വലിച്ചു വിട്ട് കുറച്ചു ഒന്ന് ഇരുന്നു...
അപ്പോഴേക്കും മണിയേട്ടൻ വെള്ളം കൊണ്ട് തന്നു.

www.kkstories.com

"ശരീരത്തിന് ശീലം ഇല്ലാത്തത് പെട്ടെന്ന് ചെയ്ത കൊണ്ടാ...നിന്റെ മരണ വെട്ട് കണ്ടപ്പോഴേ എനിക്ക് തോന്നിയതാ..."

എന്നെ നോക്കി തൊലിഞ്ഞ ഒരു ഇളിയുമായി മണിയേട്ടൻ പറഞ്ഞു,...

അങ്ങേരെ ചുമ്മാതാണേലും രണ്ടു തെറി പറയണം എന്നുണ്ട്, ശ്വാസം എടുക്കുന്നതും ഒന്നു തല നേരെ നിക്കുന്നതും എന്റെ ഇപ്പോഴത്തെ പ്രധാന മുൻഗണനാ വിഷയം ആയതുകൊണ്ട് ചുമ്മ നോക്കി ഇരുന്നു.

"പിത്തം ഇളകി കഴിയുമ്പോൾ ശെരി..ആവും...
എന്തേ ഇനിയും ഈ പണിക്ക് നീക്കാൻ തോന്നണുണ്ടോ..."

അങ്ങേര് ചിരിയോടെ ഒന്നു കളിയാക്കി പറഞ്ഞു.

അതെനിക്ക് ഇഷ്ടോയില്ല....
ഇനിയും ഒരു നൂറു ചട്ടി കൂടി കൊണ്ടുവാ കട്ടപ്പ എന്നൊക്കെ പറയണം എന്നുണ്ടായെങ്കിലും നേരെ നിന്നത് തന്നെ ഭാഗ്യം എന്നു ഉള്ളിൽ പറഞ്ഞു,
ചെന്ന് കൈകോട്ടെടുത്തു...

ആവേശത്തിന്റെ അണ്ടിക്ക് ആദ്യമേ അടികിട്ടിയത് കൊണ്ടും ബിൽഡിങ് ന്റെ പണി ഇന്ന് തന്നെ തീർത്തു കൊടുത്താൽ ഇതെന്റെ പേരിൽ ഒരുത്തനും എഴുതി തരില്ല എന്നു ബോധം വന്നതുകൊണ്ടും,...
വെട്ടിന്റെ ആഴവും ബലവും കുറച്ചു പയ്യെ ഞാനാ പന തിന്നു തുടങ്ങി...

അന്നത്തെ പണി കഴിഞ്ഞു പാതിബോധത്തിലാണ് വന്നു വീട്ടിൽ കയറിയത്,...
അമ്മു എനിക്ക് മുന്നേ എത്തിയിരുന്നു പെണ്ണ് ഓരോ വിശേഷം പറഞ്ഞു ചെവി തിന്നുമ്പോളും, എന്റെ കണ്ണ് ഇന്നത്തെ പണിയുടെ ക്ഷീണത്തിൽ അടഞ്ഞു പോവുന്നുണ്ടായിരുന്നു,...
അവസാനം ഷോപ്പിലെ പണി കൂടുതൽ ആയതുകൊണ്ട് ക്ഷീണം ആണെന്ന് പറഞ്ഞു അവളെ ഒതുക്കി റൂമിലെ ബെഡിലേക്ക് വീണതും ഞാൻ ഉറങ്ങിപ്പോയി.

രാത്രി അത്താഴം കഴിക്കാൻ കുലുക്കി വിളിച്ച അവളോട് വേണ്ടാന്ന് പറഞ്ഞെങ്കിലും അതൊന്നും അവള് കേട്ടില്ല എന്നെ കുത്തിപ്പൊക്കി തീറ്റിച്ചിട്ടെ അവള് ഉറങ്ങാൻ വിട്ടുള്ളൂ....

പിറ്റേന്ന് ഉണർന്നതും ഈ പണിക്ക് ഇനി പോണോ എന്നു ഞാൻ ചിന്തിക്കാതെ ഇരുന്നില്ല,...
പക്ഷെ കുളിച്ചൊരുങ്ങി ചുരിദാറും ഇട്ട് എന്റെ മുൻപിൽ ചിരിയോടെ നിക്കുന്ന അമ്മുവിന്റെ മുഖം കണ്ടതും,....കിടന്നിടത്തുനിന്ന് ചാടിപ്പിടിച്ചു എഴുന്നേറ്റു,...
പിന്നേം അവളുടെ കൊഞ്ചലും വർത്താനോം ഇന്നലെ ഞാൻ ഉറങ്ങിപ്പോയതുകൊണ്ടു എന്നോട് പറയാൻ പറ്റാതിരുന്ന ക്ലാസ്സിലെ വിശേഷവും എല്ലാം പറഞ്ഞുകൊണ്ടു ബസ് സ്റ്റോപ്പിലെത്തി,...
കേറും മുന്നേ ഒരു ഇരുന്നൂറ് രൂപ അവളുടെ കയ്യിൽ കൊടുത്തു വിട്ടു...
എന്തെങ്കിലും ആവശ്യം ഉണ്ടെങ്കിലോ...
ബാക്കി നാന്നൂറ് കയ്യിൽ ഉണ്ട്...
എന്റെ ബസും കാത്തു നിൽക്കുമ്പോൾ ശരീരം വേദന ഉണ്ടെങ്കിലും മനസ്സിന് വല്ലാത്ത സുഖം ആയിരുന്നു...
****

മണിയേട്ടന്റെ കൂടെ ഇപ്പൊ ഒരു മാസത്തോളം ആയി ആദ്യമുണ്ടായിരുന്ന ബുദ്ധിമുട്ടൊക്കെ ഇപ്പൊ ശീലങ്ങളായി, അതിന്റെ ഓരോ ബോണസ് എന്നോണം കയ്യിലും കാലിലും എല്ലാം ഓരോ മുറിവും പാടും ഒക്കെ നിറഞ്ഞു,...ഇതെല്ലാം കണ്ടു പിടിച്ചു പെണ്ണ് ചോദിക്കുമ്പോൾ കള്ളം പറഞ്ഞു ഊരിപ്പോരാനാ പാട്,...സൂപ്പർമാർക്കറ്റ് നുണ തന്നെ അർജ്ജുനോടും നുണയനോടും മനീഷിനോടും രാഹുലിനോടും കാച്ചി,...അവസ്ഥ ഇതായിരുന്നതുകൊണ്ടു അവന്മാരും അത് വിശ്വസിച്ചു.

പിന്നെ ജിമ്മിൽ പോവാതെ തന്നെ ബോഡിയും ഒന്നു സെറ്റ് ആവുന്നത് കണ്ട ഞാനും ഹാപ്പി...
അമ്മു ഇപ്പൊ ഓരോ എക്സാം ഒക്കെ എഴുതുന്നുണ്ട്,....

ഇടയ്ക്ക് ഞങ്ങൾ രണ്ടും അച്ഛനെയും അമ്മയെയും പോയിക്കാണും,,...ഇതിനിടയിൽ ആഹ് നാറിയുടെ കല്യാണം കേമമായി തന്നെ നടന്നു,....
രണ്ടു ദിവസം അവിടെ നിന്നു ചേട്ടന്റെ കടമകളൊക്കെ ചെയ്തു തീർത്തിട്ടാണ് തിരികെ പോന്നത്, ഇനി ആഹ് നാറി ആയി അവന്റെ പാടായി...
അമ്മുവിന് അവിടെ എത്തിയപ്പോൾ മുതൽ വല്ലാത്ത വീർപ്പുമുട്ടാൽ ഉള്ളത് മുഖം കണ്ടപ്പോഴേ ഞാൻ ശ്രെദ്ധിച്ചിരുന്നു...
ഒന്നൂല്ലേലും ഒരിക്കെ സ്നേഹിച്ചിരുന്നവന്റെ കല്യാണം അല്ലെ അതായിരിക്കും.
ഞങ്ങളുടെ വീട്ടിലെ പാർട്ടി ഇപ്പോഴും നടക്കാറുണ്ട്...
ആരുമില്ലാന്നു തോന്നതിരിക്കാൻ അവന്മാരെല്ലാം കൂടെ ചേർന്നു ഉണ്ടാക്കുന്ന ഒച്ചയും ബഹളവുമൊക്കെ ഞാനും അമ്മുവും ഒത്തിരി അസ്വദിക്കാറുമുണ്ട്....

അങ്ങനെ പണിയും പഠിത്തവും, വീട്ടുകാര്യങ്ങളും ഒക്കെയായി ഞങ്ങൾ പൊയ്ക്കൊണ്ടിരുന്നു.

www.kkstories.com

അന്ന് ശെനിയാഴ്ച്ച തച്ചും വാങ്ങി വീട്ടിലേക്ക് വരുവായിരുന്നു ഞാൻ,..
അമ്മു കൂട്ടുകാരികളുടെ കൂടെ സിനിമയ്ക്ക് പോവാണെന്നു പറഞ്ഞിരുന്നു, ഇനി ബസിറങ്ങിക്കഴിയുമ്പോൾ അവള് വിളിക്കും അപ്പൊ വിളിച്ചോണ്ട് പോരാൻ ചെന്നാൽ മതി.

വീടിന്റെ ഗേറ്റും കടന്നു ചെല്ലുമ്പോൾ മുൻപിൽ തന്നെ ആളിരിക്കുന്നു...
ഉടുപ്പ് ഇന്നാള് വാങ്ങിയ ഇളം നീല ചുരിദാറും വെള്ള ലെഗ്ഗിൻസുമായിരുന്നു.
വാതിൽപ്പടിയിൽ തന്നെ ഇരുന്ന അവൾ ഞാൻ വരുന്നത് കണ്ടതും എഴുന്നേറ്റു.

"നീ സിനിമയ്ക്ക് പോയില്ലേ അമ്മൂ...."

രാവിലെ കൂട്ടുകാരികളുടെ കൂടെ കറങ്ങാൻ പോണു...പിന്നെ സിനിമയ്ക്ക് പോകും എന്നൊക്കെ പറഞ്ഞു തുള്ളിച്ചടിപ്പോയ ആളാണ് ഇപ്പൊ എന്നെയും നോക്കി ഇരിക്കുന്നത്.

"സിനിമ കഴിഞ്ഞിറങ്ങുമ്പോ വൈകും എന്നൊക്കെ ആണല്ലോ പറഞ്ഞിരുന്നെ...പിന്നെന്തു പറ്റി..."

ഞാൻ ചോദിച്ചോണ്ടു അടുത്തേക്ക് എത്തിയതും നിലവിളിച്ചോണ്ട് ഓടിപ്പാഞ്ഞു എന്റെ നെഞ്ചിലേക്ക് വീണു എന്നെയും കെട്ടിപ്പിടിച്ചു മോങ്ങുന്ന അമ്മുവിനെയാണ് ഞാൻ കണ്ടത്.

പെട്ടെന്നുള്ള അവളുടെ ഈ ചാട്ടത്തിലും മോങ്ങലിലും ഞാൻ ഒന്ന് പേടിച്ചു...
ആദ്യം മനസ്സിൽ വന്നത് വല്ലോരും തട്ടിപ്പോയോ എന്നാ....

അവളെ പിടിച്ചു മാറ്റി കാര്യം ചോദിക്കാൻ നോക്കിയിട്ട് എവിടെ, ഉടുമ്പ് പിടിക്കുമ്പോലെ എന്നേം അള്ളിപ്പിടിച്ചു കുറെ നേരം കൂടി ഏങ്ങലടിച്ചു കരഞ്ഞു, പിന്നെ പതിയെ മൂക്ക് വലിയായി,...
എന്റെ ഷർട്ട് ഇതിനോടകം നനച്ചു കുതിർത്തിയിട്ടുണ്ട്.

പയ്യെ മുടിയിലൊക്കെ ഒന്നു തലോടി വിടുവിച്ചു പെണ്ണിനെ ഒന്നു നീക്കി നിർത്തി,...
ഹോ കരഞ്ഞു മുഖം ഒക്കെ വീർത്തു വിങ്ങി ഇരിപ്പുണ്ട്,...
കണ്ണും മൂക്കും എല്ലാം ചുവന്നു ഇപ്പൊ ഒരു പ്രാന്തിയെ പോലെ ഉണ്ട്.

"എന്താ അമ്മൂസെ പറ്റിയെ...ഇങ്ങനെ അലറിവിളിച്ചു കരയാൻ എന്താ ഉണ്ടായേ...."

പിന്നേം എന്റെ നെഞ്ചിലേക്ക് ചാരാൻ പോയ അമ്മുവിനെ ഞാൻ നീക്കി പിടിച്ചു ചോദിച്ചു.

www.kkstories.com

"ഇന്ന്....ഇന്ന്...."

വിതുമ്പി അവൾക്ക് പറയാൻ പറ്റുന്നില്ല...ശ്വാസം വലിച്ചും മൂക്ക് പിഴിഞ്ഞും ഒന്നു നേരെ ആവാൻ നോക്കുവാണ് പെണ്ണ്...
അവളേം വിളിച്ചോണ്ട് അകത്തുകയറി ഞാൻ അവിടെ ഉള്ള കസേരയിൽ ഇരുന്നു അവളെ അവിടെ ഇരുത്താൻ നോക്കിയപ്പോൾ അവൾ വന്നു എന്റെ തുടയിൽ തലയും വെച്ചു നിലത്തിരുന്നു.

"ഇന്ന് ഞാൻ ഏട്ടനെ കണ്ടു....പുറത്തു വെച്ചു....."

കണ്ണും നിറച്ചു അമ്മു പറഞ്ഞതും എന്റെ നല്ല ജീവൻ അങ്ങു പോയി.

"എന്തിനാ....ന്നോട് കള്ളം പറഞ്ഞേ....എനിക്ക് വേണ്ടി എന്തിനാ....ങ്ങനെ കഷ്ടപ്പെടുന്നെ..."

കുഞ്ഞുകുട്ടിയെപ്പോലെ തേങ്ങുന്ന അമ്മുവിന്റെ ചോദ്യത്തിന് മുന്നിൽ ഉത്തരം ഇല്ലാതെ ഞാൻ ഇരുന്നു വിയർത്തുപോയി.

"സിനിമയ്ക്ക് പുവാൻ വേണ്ടി ബസിൽ ഇരിക്കുമ്പോഴാ ഒരു ചാക്കും തൂക്കി ഏട്ടൻ ഒരു ബില്ഡിങ്ങിനുള്ളിലേക്ക് പോവുന്ന കണ്ടേ....
നിക്ക് സഹിക്കാൻ പറ്റിയില്ല....
എനിക്ക് ഓടി വരാണോന്നു ഉണ്ടായിരുന്നു....
പക്ഷെ കരച്ചില് വന്നിട്ട് നിക്കൊന്നു മിണ്ടാമ്പോലും പറ്റിയില്ല..."

എന്റെ മുട്ടിൽ തലയും വെച്ചു ഇടറി പറയുന്ന അമ്മുവിന്റെ തലയും തലോടി ഇരിക്കാൻ മാത്രമേ എനിക്ക് പറ്റിയുള്ളൂ...

"ഏട്ടൻ...ഇനി അവിടെ ആഹ് പണിക്ക് പോവണ്ട.....എനിക്കിനി പഠിക്കണ്ട....ഞാൻ എവിടേലും ജോലിക്ക് പൊക്കോളാം...."

എന്റെ കാലും ചുറ്റിപ്പിടിച്ചു ഇരുന്നു പതം പറയുന്ന അമ്മുവിന്റെ അടുക്കെ അതോടെ ഞാൻ കസേരയിൽ നിന്നിറങ്ങി ഇരുന്നു.

പെണ്ണിന്റെ കണ്ണ് രണ്ടും തുടച്ചു കൊടുത്തിട്ടും പിന്നെയും ഒഴുകി ഇറങ്ങുവാണ്.

www.kkstories.com

"എന്റമ്മൂസെ....ആദ്യം എനിക്ക് കുറച്ചു കഷ്ടപ്പാടൊക്കെ ഉണ്ടായീ എന്നുള്ളതൊക്കെ ശെരിയാ....പക്ഷെ ഇപ്പൊ ഒരു കുഴപ്പോം ഇല്ല....
ഞാനിപ്പോ മുമ്പത്തേക്കാളും ഹാപ്പി ആഹ്..."

"എന്നാലും വേണ്ട....ഏട്ടനിങ്ങനെ കഷ്ടപ്പെടുവാണ് എന്നറിഞ്ഞിട്ട് എനിക്കെങ്ങനാ മനസമാധാനമായിട്ട് ഇരിക്കാൻ പറ്റണേ...,"

"അമ്മൂ...നീ ഇപ്പൊ വേറെ ഒന്നും ആലോചിക്കണ്ട നന്നായിട്ട് പഠിച്ചാൽ മതി എന്നിട്ട് എക്സാം ക്ലിയർ ചെയ്തു,...ബാങ്കിൽ കേറി പറ്റ്.....വീട്ടിലെ കാര്യമൊക്കെ ഇപ്പൊ ഞാൻ നോക്കിക്കോളാം...അമ്മൂട്ടി ഇപ്പൊ പഠിച്ചാൽ മതീട്ട....
വെറുതെ ഇരുന്നു കരഞ്ഞു,...മുഖമൊക്കെ നാശമാക്കി...."

കുഞ്ഞികൊച്ചോന്നും അല്ലെങ്കിലും,...അമ്മു ചില നേരങ്ങളിൽ കുഞ്ഞിപിള്ളേരെക്കാളും കഷ്ടമാണ്....ചിലപ്പോൾ എന്നെക്കാൾ ബോൾഡും സ്ട്രോങ്ങും...
അതുകൊണ്ടു തന്നെ ഇപ്പൊ ഒന്നു കൊഞ്ചിക്കാൻ ഞാൻ തീരുമാനിച്ചു തന്നെയാണ് അങ്ങനെയൊക്കെ പറഞ്ഞത്...

അന്ന് മുതൽ പെണ്ണ് കൊണ്ടുപിടിച്ചിരുന്നു പഠിത്തം ആയിരുന്നു...എന്റെ കയ്യിൽ നിന്ന് അങ്ങനെ ഇങ്ങനെ ഒന്നും പൈസ മേടിക്കില്ല നിർബന്ധിച്ചു കയ്യിൽ കൊടുത്താണ് ഞാൻ വിട്ടിരുന്നത്,....
വൈകിട്ട് ഞാൻ എത്തിക്കഴിഞ്ഞാൽ പിന്നെ ദേഹ പരിശോധന ഒക്കെ ഉണ്ട്,...എന്തെങ്കിലും മുറിവോ ചതവോ കണ്ടാൽ പിന്നെ കണ്ണീരൊലിപ്പിക്കലും പതം പറച്ചിലുമൊക്കെയായി അന്ന് കൂടും,...എങ്കിലിവൾക്ക് നോക്കാതിരുന്നാൽ പോരെ എന്നു ഞാനും ആലോചിക്കുമെങ്കിലും, പെണ്ണിന്റെ സ്വഭാവം അറിയാവുന്നത് കൊണ്ടു പറയാനൊന്നും പോവില്ല...
രാത്രി വൈകിയും ബുക്കും നോക്കി ഇരിക്കുന്ന അമ്മുവിനെ നിര്ബന്ധിച്ചാണ് ഉറങ്ങാൻ വിളിച്ചു കിടത്തുന്നത്.
രാവിലെ പോക്കും വൈകിട്ട് തിരിച്ചുള്ള വരവും ഒക്കെ ഇപ്പൊ എന്റെ കൂടെ ആണ്...
ബൈക്കിന്റെ കുറവ് നികത്താൻ ഞാൻ ഒരു സൈക്കിൾ വാങ്ങി...
അമ്മൂനെയും മുന്നിലിരുത്തിയായി ഞങ്ങളുടെ യാത്ര,....
അന്നും പതിവുപോലെ കുളിയും കഴിഞ്ഞു ഞാൻ മുറിയിലേക്ക് വരുവായിരുന്നു,...
മുറിയിൽ നിന്ന് മൂളിപാട്ടു ഒക്കെ കേൾക്കുന്നുണ്ട് പെണ്ണ് നല്ല മൂഡിലാണെന്നു തോന്നിയപ്പോൾ പയ്യെ ഞാൻ അവളെ ഒന്നു പേടിപ്പിക്കാം എന്നു കരുതിയിട്ടാണ് ഒന്നു നൂണ്ടു നോക്കിയത്,...
www.kkstories.com
എന്റെ കണ്ണു തെളിയാൻ ഒന്നൂടെ ഒന്നു തിരുമ്മി നോക്കേണ്ടി വന്നു.

അമ്മു അവിടെ ഒരു കറുത്ത ലെഗ്ഗിൻസും ചുവന്ന ബ്രായും ധരിച്ചു കണ്ണാടിയിൽ നോക്കി കണ്ണെഴുതുന്നു,..
മുടി കുളികഴിഞ്ഞു ടവ്വലിൽ ചുറ്റി വെച്ചിട്ടുണ്ട് പെണ്ണ്,..
ചെയ്യുന്നത് തെണ്ടിതരം ആണെങ്കിലും അമ്മുവിന്റെ ലുക്കിൽ ഞാൻ ഫ്രീസ് ആയിപ്പോയി എന്നു പറയുന്നതാവും സത്യം.
അമ്മു ഒന്നും അറിയാതെ മൂളിപ്പാട്ടും പാടി മുടിയഴിച്ചു കെട്ടുകയാണ്,
ഒഴുകുന്ന വയറിന് നടുവിൽ കുഴിഞ്ഞ പൊക്കിൾ ബ്രായിൽ തുളുമ്പുന്ന വെണ്ണ കുന്നുകൾ,..
ലെഗ്ഗിൻസിൽ വിരിഞ്ഞു ചാടിയ നിതംബം, പെണ്ണിന് വലിയ ചന്തിയാ... എനിക്കൊരൂഹം ഉണ്ടായിരുന്നെങ്കിലും അവളുടെ ചന്തി ഞാൻ വിചാരിച്ചതിലും വലുതായിരുന്നു.

"ഏട്ടാ....സമയം...ആയീട്ടോ....കഴിഞ്ഞില്ലേ...."

എന്നെ ഞെട്ടിച്ചുകൊണ്ടാണ് അവൾ കാറി കൂവിയത്,...

ഞാൻ ബാത്റൂമിലാണെന്നു കരുതി ഉച്ചത്തിലാണ് വിളിച്ചത്....

മറുപടി കൊടുക്കാൻ നാവു പൊങ്ങിയെങ്കിലും, ഞാനായിട്ട് തന്നെ അടക്കി, പെണ്ണ് കുലുക്കി തെറിപ്പിച്ചു എത്തുന്നതിനു മുന്നേ ഞാൻ പിന്നിലേക്ക് ഓടി,...

അന്ന് സൈക്കിളിൽ പോവുമ്പോൾ അമ്മു പറയുന്നതൊന്നും എന്റെ ചെവിയിൽ വീഴുന്നില്ലായിരുന്നു രാവിലെ എന്റെ കണ്ണിൽ കണ്ട അമ്മുവിന്റെ രൂപമായിരുന്നു അപ്പോഴും.
പറയുന്നതിനൊന്നും ഞാൻ മൂളിക്കൊടുക്കാണ്ടായപ്പോൾ അവൾ എന്റെ കയ്യിൽ പിച്ചി പിന്നെ കെറുവിച്ചിരുന്നു.

മുഖവും കൂർപ്പിച്ചു ബസിൽ കയറിപോവുന്ന അവളെ ചിരിയോടെ ആണ് ഞാൻ യാത്രയാക്കിയത്.

അന്ന് വാർക്കൽ ആയതുകൊണ്ട് ഉച്ച കഴിഞ്ഞു ഞാൻ തിരിച്ചു വീട്ടിൽ എത്തി.
ഒരു മയക്കവും കഴിഞ്ഞു എഴുന്നേറ്റപ്പോൾ ആണ്,...
അവളെ കൊണ്ടുവരാൻ ചെല്ലണോല്ലോ എന്നോർത്തത്,...
സമയം ആയിട്ടില്ല, അതുകൊണ്ടു ചുമ്മ മന്ദിച്ചു ഫോണിലും കുത്തി ഇരിക്കുമ്പോളാണ് ഗേറ്റ് തുറക്കുന്ന ശബ്ദം കേട്ടത്...

www.kkstories.com

ചെന്നു മുന്നിലെത്തുമ്പോൾ അമ്മുവാണ്.

"എത്തിയപ്പോൾ വിളിച്ചിരുന്നേൽ ഞാൻ വന്നേനേല്ലോ....വെറുതെ നടക്കണ്ടായിരുന്നു....."

ഞാൻ പറഞ്ഞു തീർന്നില്ല പെണ്ണോടി വന്നു എന്നെ കെട്ടിപിടിച്ചു,...
അവളുടെ അലച്ചു തല്ലിയുള്ള വരവിൽ എനിക്ക് ബാലൻസ് പോയി,..
അവളേം ചുറ്റിപ്പിടിച്ചു ഞാൻ താഴേക്ക് വീണു...
ഇന്നിനി എന്തു കിട്ടിയിട്ടാണാവോ പെണ്ണിന്....
ഓരോന്നാലോചിച്ചു ഞാൻ അവളെ ഒന്നുയർത്താൻ നോക്കിയതും,...
എന്നെ അള്ളിപ്പിടിച്ചു കിടന്ന അമ്മു കണ്ണും നിറച്ചു എന്റെ കവിളിൽ അമർത്തി ഒരുമ്മയാണ് തന്നത്..

ഒന്നു ഞെട്ടാനും കൂടി എനിക്ക് സമയം തരാതെ എന്റെ അടുത്ത കവിളിലും പെണ്ണ് ഉമ്മ വെച്ചു.

"ഞാൻ എക്സാം ക്ലിയർ ചെയ്തു ഏട്ടാ....എനിക്ക്...ജോലി...കിട്ടും...."

എന്റെ നെഞ്ചിൽ കിടന്നു കണ്ണീരും ഒലിപ്പിച്ചു ഇളിച്ചോണ്ടാണവൾ പറഞ്ഞത്....
കേട്ടതും പുറത്തു കല്ലു കുത്തിക്കൊള്ളുന്ന വേദനയും അടിച്ചുവീണ വേദനയും ഒക്കെ എങ്ങോ പോയി...
എനിക്ക് സന്തോഷം കൊണ്ട് ഇരിക്കാൻ പറ്റാത്ത അവസ്ഥയിലായിരുന്നു...

അവളേം പൊക്കി എഴുന്നേറ്റു..ഞാൻ ഒന്ന് എടുത്തുയർത്തിയപ്പോൾ കൊച്ചുപിള്ളേരെ പോലെ ആർത്തു ചിരിക്കുവായിരുന്നു അമ്മു...

പിന്നെ എല്ലാരേം ഫോണിൽ വിളിച്ചു പറഞ്ഞും, അമ്മുവിന് വന്നോണ്ടിരുന്ന കോളും ഒക്കെ എടുത്തു ഇരുന്നു.
അപ്പോഴാണ് എന്റെ വക അവൾക്ക് ഒന്നും കൊടുത്തില്ലല്ലോ എന്നു ഓർത്തത്,...
അങ്ങനെ അന്നത്തെ രാത്രി,...
അമ്മുവിന് ഇഷ്ടപ്പെട്ട ഫുഡ് എല്ലാം വാങ്ങിക്കൊടുത്തു പെണ്ണിനേം കൊണ്ടു പുറത്തൊക്കെ കറങ്ങി...

ഒന്നൂല്ലേലും അവളിത്രയും കഷ്ടപ്പെട്ടു പഠിച്ചിട്ടല്ലേ....

അങ്ങനെ രാത്രി കുംഭയും വീർപ്പിച്ചു വന്നു വീട്ടിൽ കയറി...
ക്ഷീണം ഉണ്ടായിരുന്നത് കൊണ്ടു ഉടുപ്പും മാറി ഞങ്ങൾ രണ്ടുപേരും ബെഡിലേക്ക് വീണു.
അല്പം കഴിഞ്ഞപ്പോഴാണ് എന്റെ നെഞ്ചിലൂടെ ഒരു കൈ ചുറ്റുന്നത് ഞാൻ അറിഞ്ഞു.

പതിവായത് കൊണ്ടു എനിക്ക് പ്രത്യേകിച്ചൊന്നും തോന്നിയില്ല...പിന്നെ പതിയെ എന്റെ മുഖത്തിനു മേലെ അമ്മുവിന്റെ മുഖം എത്തിയത് ചിമ്മി അടച്ച കണ്ണിലൂടെ ഞാൻ കണ്ടു,
എന്താ പെണ്ണിന്റെ ഉദ്ദേശം എന്നറിയാൻ ഞാൻ കണ്ണടച്ചു കിടന്നു.

"ഏട്ടാ.....ഏട്ടാ....."

കാറ്റു മൂളും പോലെ അവൾ വിളിച്ചു...
പൂര ഉറക്കത്തിൽ ആണെന്ന് കാണിക്കാൻ ഞാൻ ചുമ്മ ശ്വാസോം വിട്ടു കിടന്നു.
പതിയെ അമ്മുവിന്റെ മുഖം താഴ്ന്നു വരുന്നത് ഞാൻ അറിഞ്ഞു,...
എന്റെ നെറ്റിയിലും ഇരുകവിളിലും അവളുടെ ചുണ്ടുകൾ പതിയുന്നത് ഒരു സുഖത്തോടെ ഞാൻ അനുഭവിച്ചു..
പിന്നെ ഒന്നു നിന്ന ശേഷം എന്റെ ചുണ്ടിലും അവളൊന്നു മുത്തി.

www.kkstories.com

"ഐ ലൗ യൂ..."

പതിഞ്ഞൊന്നു പറഞ്ഞ അമ്മു എന്നെ മുറുക്കി കെട്ടിപ്പിടിച്ചു നെഞ്ചിലേക്ക് വീണ്ടും കിടന്നു.
പെണ്ണിനെ കെട്ടിപ്പിടിച്ചു മുഖം മുഴുവൻ മുത്തി ഐ ലൗ യൂ അമ്മൂട്ടി ന്നു പറയണം എന്നുണ്ടായിരുന്നു....
പക്ഷെ, അവള് തന്ന ഉമ്മയിൽ ഉരുകിയൊലിച്ചു ഐസ്പ്രൂട്ട് പോലെ ബെഡിൽ കിടക്കാനെ അപ്പോൾ എനിക്ക് പറ്റിയുള്ളൂ.
പതിയെ ഉറക്കത്തിലേക്ക് വീഴുമ്പോൾ കയ്യിലും ഒക്കത്തും പിള്ളേരെയും വെച്ചോണ്ട് ഞാനും അമ്മുവും നടക്കുന്നതായിരുന്നു എന്റെ മനസ്സിൽ ഫ്രെയിം ഇട്ടു വെച്ചത്.

പിറ്റേന്ന് രാത്രി എല്ലാത്തിനേം വീട്ടിൽ വിളിച്ചു കൂട്ടി, അമ്മു എക്സാം ക്ലിയർ ചെയ്തതിന്റെ ചിലവ് ചെയ്യലായിരുന്നു,...
ചിക്കൻ ഗ്രിൽ ചെയ്തുകൊണ്ട് നുണയനും മനീഷും അർജ്ജുനും നിത്യയും ഇരിപ്പുണ്ട്,

ഗ്രിൽ ചെയ്യുന്ന ചിക്കന്റെ നെയുരുകി കനലിൽ വീഴുമ്പോഴുള്ള മണം അവിടമാകെ പടർന്നിട്ട് ഇരിക്കപ്പൊറുതി കിട്ടാഞ്ഞിട്ടാവണം അമ്മു അതിനു ചുറ്റും വട്ടമിട്ടു നടക്കുന്നുണ്ട്...

വെള്ളം എടുക്കാനും പ്ലേറ്റ് എടുക്കാനും കൂടി ഞാനും അർജ്ജുനും കൂടി അടുക്കളയിലേക്ക് കേറിയ നേരത്താണ് പുറത്തു നിന്നും ആഞ്ഞു പിടിച്ച നിലവിളി കേട്ടത്,..

എന്തു പുല്ലാണെന്നു അറിയാതെ ഓടിപ്പാഞ്ഞു മുന്നിലെത്തിയ ഞാൻ കണ്ടത് മനീഷിന്റെ നീട്ടിപിടിച്ച കയ്യിനെ പിച്ചി മാന്തിയെടുക്കുന്ന അമ്മുവിനെ ആണ്,..
മനീഷിന്റെ കയ്യിൽ ഗ്രില്ലിൽ നിന്നെടുത്ത കോഴിക്കാലും ഉണ്ട്,...
അമ്മുന് കിട്ടാതിരിക്കാൻ പൊക്കി പിടിച്ച കോഴിക്കാല് ചത്താലും വിട്ടു തരില്ലെന്ന ഭാവത്തിൽ കരഞ്ഞു വിളിച്ചു നിക്കുന്ന മനീഷിനെ കണ്ടതും ഞാൻ അമ്മുവിനെ വട്ടം പിടിച്ചു വലിച്ചു മാറ്റി.

"എന്താടി....അമ്മൂ....ഇത്...."

